# പെരിങ്ങോടന്റെ കഥകൾ

പെരിങ്ങോടൻ

# Peringodante Kathhakal

*(Stories)*

By **Peringodan**

## പെരിങ്ങോടൻ

**നീട്ടിയത്തു രാജ് നായർ** എന്ന ***പെരിങ്ങോടൻ*** പാലക്കാട്ടു ജില്ലയിലെ പട്ടാമ്പിക്കടുത്തു പെരിങ്ങോട്ടു് 1981-ൽ ജനിച്ചു. ഇപ്പോൾ ദുബായിൽ കമ്പ്യൂട്ടർ സിസ്റ്റം അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു. കമ്പ്യൂട്ടറിലും ഇന്റർനെറ്റിലും മലയാളഭാഷയുടെ വികസനത്തിനായി അവിരാമം പ്രയത്നിക്കുന്നു. മലയാളം വിക്കിപീഡിയയിലെ ഒരു പ്രമുഖ എഴുത്തുകാരൻ. അവിവാഹിതൻ.

# പ്രസാധകക്കുറിപ്പ്

മലയാളബ്ലോഗെഴുത്തുകാരിൽ ഏറ്റവും ശ്രദ്ധേയനായ കഥാകൃത്തായ പെരിങ്ങോടന്റെ കഥകളുടെ പുസ്തകരൂപത്തിലുള്ള ആദ്യത്തെ സമാഹാരമാണ് ഇത്. പെരിങ്ങോടന്റെ രചനകൾ ബ്ലോഗുകഥകളെ സമകാലികമലയാളകഥാസാഹിത്യത്തിന്റെ നിലവാരത്തിലേക്കുയർത്തുന്നു.

# ഉള്ളടക്കം


1 അജ്ഞാതന്റെ ഡയറിക്കുറിപ്പുകൾ 7

2 പേരറിയാത്ത വയലറ്റ് പൂക്കൾ 9

3 മഴപെയ്യുമ്പോൾ... 11

4 ചുമരുകൾ 13

5 അമ്മയ്ക്കുവേണ്ടി... 14

6 ഒരു പ്രാർത്ഥന 15

7 അവർ 16

8 അമ്മയും മകനും 17

9 സാമി 18

10 നമുക്ക് ഗ്രാമങ്ങളിൽ ചെന്ന്... 20

11 സത്യം ബ്രൂയാൽ 22

12 ഇന്നലെ 23

13 തൊട്ടാവാടിപ്പൂക്കൾ 25

14 നരിയിറങ്ങുമ്പോൾ 26

**15** ത്യാഗം **28**

**16** ദാമ്പത്യം **29**

**17** പ്രവാസം **31**

**18** യക്ഷി – പൂച്ച **33**

**19** ആൽഫയും ബീറ്റയും **36**

**20** നെയ്‌പെൻസിൽ **38**

**21** ഐഡെന്റിറ്റി **40**

**22** ഓർമ്മ **42**

**23** കാക്ക **44**

**24** ഗുരു **46**

**25** ആകാശവും നക്ഷത്രങ്ങളും **48**

**26** ഓർമ്മക്കുറിപ്പുകൾ **49**

**27** അലിബൈ **52**

**28** തട്ടകം **56**

**29** പുനർജനി **59**

**30** ഞാനല്ലല്ലോ ലംബോദരനെ കൊന്നത്! **61**

**31** രണ്ടുറുപ്പ്യ **63**

**32** നസീമ **66**

**33** നിദ്രാവിഹീനൻ **70**

**34 പടക്കം** **73**

**35 സ്പർശം** **76**

# 1

# അജ്ഞാതന്റെ ഡയറിക്കുറിപ്പുകൾ

*(August 01, 2004)*

ജൂൺ 16, 1996: ഭാഗ്യമെന്ന് ഇപ്പോഴും ഞാൻ കരുതുന്നില്ല. അനർഹമായതിനെ, ഭാഗ്യമെന്ന് മുദ്രകുത്തുവാൻ വയ്യ. ചതിവായിരുന്നു കാട്ടിയത്. വഴിവക്കിൽ വീണുകിട്ടിയ ധനം, തിരികെയേൽപ്പിക്കാത്തത് ചതിവാണ്.

ദാരിദ്രം, ഇതാണിന്നെന്റെ ന്യായം. നാളെ? ആ വരട്ടെ, കാത്തിരുന്നു കാണണം.

ആഗസ്റ്റ് 29, 19996: നാളെയാണ് യാത്ര. കടലുകളും താണ്ടി അന്യദേശത്തേക്ക് യാത്രതിരിക്കുമ്പോൾ ഇവിടെ, മറക്കുവാനാകാത്ത ഒരു കണ്ണി കൂടി ബാക്കിയുണ്ട്. ഇല്ല, മറന്നിട്ടില്ല. വീണുകിട്ടിയ ഹാൻഡ്ബാഗിൽ കണ്ട വിലാസം ഇതുവരെ മറന്നിട്ടില്ല.

വിശപ്പിന്റെ വേദന പഠിപ്പിച്ച നഗരമേ വിട! ഒരുനാൾ ഞാൻ തിരികെ വരും, ഒരു കടം ഇപ്പോഴും ബാക്കി നിൽപ്പുണ്ട്.

ആഗസ്റ്റ് 16, 1998: ജൂലിയോട് യാത്രയുടെ വിവരങ്ങൾ പറഞ്ഞിട്ടില്ല. പറഞ്ഞാലും അവൾക്ക് മനസ്സിലാവില്ലെന്ന് തോന്നി.

മനസ്സിൽ കുറിച്ചിട്ട വിലാസം ഒന്നു പകർത്തിയെഴുതി ഞാനെന്റെ ഓർമ്മ പരിശോധിക്കട്ടെ.

63/2345 ആശിർവാദ്. സുഭാഷ് നഗർ, ചെമ്പൂർ, ബോംബെ.

ബീജ് കളർ ഹാൻഡ്ബാഗിൽ നിന്ന് കിട്ടിയ വിളറിയ മഞ്ഞക്കടലാസിൽ കുറിച്ചിട്ട വിലാസവുമായൊത്തു നോക്കി, ശരിയാണ്.

ആഗസ്റ്റ് 21, 1998: നഗരം ഒട്ടും മാറിയിട്ടില്ലെന്ന് തോന്നി. പണ്ട് താമസിച്ചിരുന്ന സ്ഥലത്തേക്കുള്ള യാത്ര വെറുതെയായി. അവിടെ കോർപ്പറേഷൻ ഫ്ലാറ്റ് പണിയുന്നു.

നാളെയാണ് അദ്ദേഹത്തെ കാണുവാൻ പോകുന്നത്. ശ്രീ. ആർ.കെ. മൂർത്തിയെ.

ആഗസ്റ്റ് 22, 1998: ജൂലി വിളിച്ചിരുന്നു, എന്നാണ് തിരികെ വരുന്നതെന്നറിയുവാൻ. തീരുമാനിച്ചിട്ടില്ല. നഗരത്തിൽ, തെരുവോരങ്ങളിൽ വിശപ്പിന്റെ രോദനവുമായി വീണ്ടും അലഞ്ഞു തിരിയുവാൻ മോഹം.

രണ്ടുകൊല്ലം പഴക്കമുള്ള ഒരു ദിനപത്രത്തിന്റെ മുഷിഞ്ഞ ഏടുകളൊന്നിൽ മുറുകെ പിടിച്ച് അയാൾ നഗരത്തിന്റെ വേഷപ്പകർച്ചകളിലേക്ക് നോക്കിയിരുന്നു. താഴെ, വിശപ്പിന്റേയും വേശ്യകളുടെയും മഹാനഗരം മറ്റൊരു രാത്രിയുടെ കരവലയത്തിൽ സുഖനിദ്രകൊള്ളുന്നു.

അണയാതെ ബാക്കിനിൽക്കുന്ന റോഡരുകിലെ നിയോൺ വിളക്കുകളിൽ നിന്ന് കണ്ണെടുത്ത് വിറയാർന്ന കരം കൊണ്ട് ഇങ്ങനെ കുടിയെഴുതി:

മറവിയെ തോൽപ്പിച്ചു ഞാൻ കാത്തിരുന്നു. വഴിതെറ്റി നീങ്ങുന്ന കാലത്തിന്റെ കഥയരങ്ങിൽ ജയമഭിനയിക്കുവാൻ. ഒടുവിലൊരുനാൾ വേഷപ്പകർച്ചയിൽ ഗതിമുട്ടി തോല്‌വി സ്വീകരിക്കുന്നു.

# 2

# പേരറിയാത്ത വയലറ്റ് പൂക്കൾ

*(August 28, 2004)*

അത്തം വെളുത്താൽ ഓണം കറുക്കുമെന്നാണ് മുത്തശ്ശി പറഞ്ഞിരുന്നത്. അത്തം നാളിൽ ഒരു തുള്ളിപോലും മഴ പെയ്തില്ല. അവൾക്കുറപ്പായി, തിരുവോണത്തിന്റന്ന് എന്തായാലും നല്ല മഴയായിരിക്കും. കാറിൽ ജനലരുകിലുള്ള സീറ്റിലിരുന്ന് അവൾ പുറത്തേക്ക് നോക്കി. ഇടവിട്ട് പെയ്ത മഴത്തുള്ളികൾ ഇപ്പോഴും തോർന്നിട്ടെന്നില്ലാതെ നനഞ്ഞു നിൽക്കുന്ന ചെടികളാണ് വഴിയിലെല്ലാം.

തിരുവോണത്തിനെങ്കിലും വീട്ടിലെത്തണം, ഒരുപാടു മുറികളുള്ള ആശുപത്രിയിൽ കിടക്കുമ്പോഴെല്ലാം അവൾക്കതായിരുന്നു ചിന്ത. കാറിലിരിക്കുമ്പോഴൊക്കെ അവൾ, വീടിനെ കുറിച്ചോർക്കുകയായിരുന്നു. പുറത്തെ വളപ്പിൽ ആരും കാണാത്തയിടത്ത് അവൾക്ക് പേരറിയാത്ത ഒരുപാടു വയലറ്റ് പൂക്കൾ വളർന്നു നിൽക്കുന്നുണ്ട്. അവൾ എത്തുന്നതിനു മുൻപേ അവരാരും പൂക്കളമിടാതിരുന്നാൽ മതിയായിരുന്നു.

മഴചാറി തുടങ്ങിയപ്പോൾ അച്ഛൻ ഗ്ലാസ്സുയർത്തുവാൻ പറഞ്ഞു. ഇടയ്ക്കിടെ മഴത്തുള്ളികൾ വണ്ടിയിൽ തട്ടി അവളുടെ മുഖത്തേക്ക് തെറിക്കുന്നത് അവൾക്ക് ഇഷ്ടമായിരുന്നു. അച്ഛൻ പറഞ്ഞത് കേൾക്കാതെ വയ്യ. അവൾ മുഖമിത്തിരി കുനിച്ച് ആകാശത്തേക്ക് നോക്കി, ഈ പുലരിയിലും മേഘങ്ങൾ നിറഞ്ഞു നിൽക്കുന്നു. മഴ പെയ്യുന്നതവൾക്കിഷ്ടമാണ്. ഉച്ചതിരിഞ്ഞിട്ടായാൽ മതിയാർന്നു, അല്ലെങ്കിൽ പൂക്കളം ഉമ്മറത്തിടേണ്ടി വരും.

അവൾ എത്തുമ്പോഴേക്കും നേരം നല്ല വണ്ണം വെളുത്തിരുന്നു. എന്തായാലും പൂക്കളമിട്ടുകഴിഞ്ഞിരിക്കും. അവൾക്ക് സങ്കടം തോന്നിതുടങ്ങി. പടിയ്ക്കൽ കാറിറങ്ങി മുറ്റത്തേക്ക് ഓടിയപ്പോൾ അച്ഛൻ പിന്നിൽ നിന്ന് ഉറക്കെ ശാസിക്കുന്നതു കേട്ടു, 'ഓടണ്ട!'

ഇതെന്താ മുറ്റത്ത് പൂക്കളമൊന്നും കാണാനില്ലല്ലോ? വെളുക്കുന്നതിനു മുൻപേ അമ്മ എണീറ്റ് മുറ്റം ചാണകം തളിച്ച് അടിച്ചുവാരുമ്പോൾ പൂക്കളമിടുവാൻ മെഴുകിയിട്ടു പോലുമില്ല. ഇതെന്തു പറ്റി? ഇന്നെല്ലാവർക്കും.

പിറകിലേക്ക് തിരിഞ്ഞു അച്ഛനെ നോക്കിയപ്പോൾ പടിയ്ക്കൽ ആരെയും കണ്ടില്ല. അവൾക്ക് ഭയമായിത്തുടങ്ങി. പൂമുഖത്തേക്ക് ഓടി കയറിയപ്പോൾ തൂണിന്മേൽ കെട്ടിയിട്ട പട്ടു കണ്ടു. ഇതെന്തിനാവോ?

അകത്ത് തളത്തിൽ, എല്ലാവരുമുണ്ട്. ഓണായിട്ട് എല്ലാവരും തളത്തിൽ വെറുതെ ഇരിക്ക്യാണു. അതെന്താ നടുവിൽ? ആരെയോ കിടത്തിയിരിക്കുന്നു. നിലവിളക്കിന്റെ നാളങ്ങൾ അവൾക്ക് തെളിഞ്ഞു കാണാമായിരുന്നു. അവളടുത്തേക്ക് നടന്നു.

ഇത്? ഇതെന്താ ഇങ്ങനെയൊക്കെ? എന്നെയെന്തിനാണു ഉറക്കി കിടത്തിയിരിക്കുന്നത്? അവൾക്ക് ദേഷ്യമാണു വന്നത്. അപ്പു എവിടെ? അവനല്ലെ പൂക്കളം ഇടേണ്ടത്. ഞാൻ ഉറങ്ങിയിട്ടില്ല. എണീക്കുന്നുണ്ടോ എല്ലാവരും.

എല്ലാവരും, ഉറങ്ങുന്ന അവൾക്ക് കാവലിരുന്നു, അവൾ പുറത്തിറങ്ങി മുറ്റമടിച്ചു, ചാണകം തളിച്ചു. പിന്നെ വട്ടത്തിൽ നടുമുറ്റത്ത് ചാണകം മെഴുകി. ഇനി പൂക്കളിറുക്കുവാൻ പോവേണം. പുളിമരച്ചുവട്ടിലെ മുക്കിറ്റിയും, പിന്നെ പുറത്തെ വളപ്പിലെ പേരറിയാത്ത വയലറ്റ് പൂക്കളും, പാടത്ത് വരമ്പിലെ തുമ്പയും. മഴ പെയ്യും മുൻപേ പൂക്കളമൊരുക്കണം, അവൾ ധൃതികൂട്ടി പൂപറിക്കുവാൻ ഓടിയകന്നു.

# 3

# മഴപെയ്യുമ്പോൾ...

*(Wednesday, September 29, 2004)*

“ഇതു നോക്കു, ഇവിടെ മഴപെയ്യുകയാണ്.” ബാൽക്കണിയിലേക്കു തുറക്കുന്ന വാതിലിനു നേരെ തിരിച്ചു വച്ചിരിക്കുന്ന അവളുടെ വെബ്ക്യാമിലൂടെ അവ്യക്തമായിക്കാണുന്ന ആകാശത്തെ അയാൾ നോക്കിയിരുന്നു. കാർമേഘങ്ങളെന്ന് തോന്നിപ്പിക്കുന്ന നിഴലുകൾ പതിയെ ഒഴുകി നടക്കുന്നു.

“അതു കണ്ടുവോ? തടാകമാണ്. ഇന്നലെ പെയ്ത മഴയിൽ നിറഞ്ഞു നിൽക്കയാണ്.” അവൾ ചൂണ്ടിക്കാണിച്ച വഴിയിലെ നനഞ്ഞു കിടക്കുന്ന പാതയോരങ്ങളിലെവിടെയോ പതിഞ്ഞുപോയ മിഴികൾ പിന്മാറുവാൻ വൈമനസ്യം കാട്ടി നിൽക്കുമ്പോൾ അവൾ തുടർന്നു പറയുന്നതു കേട്ടു:

“ഇവിടെ മഴപെയ്യുന്നതു കാണുവാൻ ഒരു സുഖവുമില്ല. നാട്ടിലെ മഴയാണ് രസം.”

മനസ്സിൽ അറിയാതെ പറഞ്ഞുപോയി, അവിടെ മഴ നിറഞ്ഞൊന്ന് പെയ്യുന്നവെങ്കിലുമുണ്ടല്ലോ കുട്ടീ...

“എന്താ ഈ ആലോചിക്കുന്നത്? ഇവിടേക്ക് വരുവാൻ തോന്നുന്നുണ്ടോ?”

...മെസ്സഞ്ചറിലെ സ്മൈയിലികൾക്ക് തന്നേക്കാളും നന്നായി ചിരിക്കുവാൻ കഴിയുന്നുണ്ടോ?

മഴ പെയ്തു നനഞ്ഞു കിടക്കുന്ന ഒരു നാട്ടുവഴിയിൽ, ഇടതൂർന്നു നിൽക്കുന്ന അക്വേഷ്യാ മരങ്ങൾ സൃഷ്ടിച്ച ഇരുട്ടിന്റെ തീരത്തുടെ, ഇലകളിൽ മഴത്തുള്ളികൾ കൂട്ടത്തോടെ വന്നു വീഴുന്നതിന്റെ ആരവും കേട്ട്, മഴയുടെ നനവിൽ മടികാണിക്കുവാൻ തുടങ്ങുന്ന ബൈക്കിൽ അലസമായുള്ള സവാരി...

“ഏട്ടൻ വല്ലാതെ നൊസ്റ്റാൾജിക്ക് ആവുന്നുണ്ടോ?” പിന്നെ ചിരിച്ചുകൊണ്ട് അവൾ കൂട്ടിച്ചേർത്തു... ഞാനും!

...brb

അവൾ തിടുക്കപ്പെട്ട് തെല്ലിടനേരത്തേക്ക് അക്ഷരങ്ങൾ സൃഷ്ടിച്ച സാങ്കൽപിക ലോകത്തിൽ നിന്ന് മാറിനിൽക്കുമ്പോൾ അശ്രദ്ധമായാണെങ്കിലും പുറത്തെ ലോകത്തേക്ക് തിരിച്ചുവച്ച ക്യാമറകണ്ണുകൾ ഒപ്പിയെടുക്കുന്ന ദൃശ്യങ്ങളിലേക്ക് അയാൾ നോക്കിയിരുന്നു. അവിടെ പ്രകൃതി വിരിയിക്കുന്ന ഭാവങ്ങളെ, ഋതുഭേദങ്ങളെ സാകൂതം നോക്കിയിരുന്നു.

അവിടെ ഇപ്പോഴും മഴപെയ്യുകയാണ്. അവളുടെ ലോകത്ത്, തടാകക്കരയിൽ… കേദാർ മരങ്ങളെ തഴുകി കടന്നുപോയൊരു കാറ്റിന്റെ മർമ്മരം… കാതങ്ങൾക്കപ്പുറം, ഇവിടെ ഞാനറിഞ്ഞുവോ?

അറിയാതെ മുഖത്തുയർന്നു വരുന്നൊരു മന്ദസ്മിതത്തിനു പകരമാവാൻ അവന്റെ മെസ്സെഞ്ചറിൽ സ്മൈയിലികൾ ഇല്ലായിരുന്നു.

# 4

# ചുമരുകൾ

*(Thursday, October 07, 2004)*

തനിച്ചുറങ്ങുന്നതിന്റെ സുഖം! സത്യത്തിൽ തനിച്ചായിരുന്നില്ല. കൂട്ടായിട്ട് ഒരൊത്തിരി പേരു ണ്ടായിരുന്നു. വിണ്ടുതുടങ്ങിയ മരജനവാതിൽപ്പാളികൾക്കിടയിലൂടെ ഇരുട്ടിന്റെ തുരുത്തിലേക്ക് അരിച്ചിറങ്ങിവരുന്ന വെൺനിലാവുമുതൽ പുറത്ത് മഴപെയ്യുകയാണെന്ന് വിശ്വസിപ്പിക്കത്തവ ണ്ണം പ്രത്യേക "സൗണ്ട് ഇഫക്റ്റ്സുള്ള" ഒരു ടേബിൾ ഫാനും, പിന്നെ ആരും ക്ഷണിക്കാതെ കടന്നുവരുന്ന സ്വപ്നങ്ങളും... ഒരു കൂട്ടായിട്ട് ഇതിൽ കൂടുതൽ ഇനിയാരുവേണം?

ഇരുട്ടുന്നതിനു മുൻപേ, "രക്ഷസ്സിനെ കണ്ടു പേടിക്കേണ്ടാ" എന്നു കരുതി അടച്ചിടുന്ന ജനവാ തിലുകൾ. കോസടി ചുമരിനോട് ചേർത്തു വിരിക്കുമായിരുന്നു. എണ്ണമെഴുക്കു പതിഞ്ഞ, കാലം സുഷിരങ്ങൾ വീഴ്ത്തിത്തുടങ്ങിയ കുമ്മായ ചുമരുകൾക്ക് എപ്പോഴും തണുപ്പായിരുന്നു. ചുമരിന്റെ മൂലയിലേക്ക് ചേർന്നു കിടക്കുമ്പോൾ കൂടുതൽ ഇരുട്ടായതുപോലെ തോന്നും. മനസ്സിന്റെ താഴ് വാരങ്ങളിൽ നിന്ന് ഭീതിയുടെ നിഴലൊഴിഞ്ഞു പോകുവാൻ തുടങ്ങുന്നതേ ആവുമായിരുന്നുള്ളൂ.

എത്രയെത്ര മൗനഭാഷണങ്ങൾ, എത്ര രാവിന്റെ സ്നിഗ്ദ്ധസ്വപ്നസങ്കീർത്തനങ്ങൾ. ഉത്തരം കാർന്നു തിന്നുന്ന ചിതലുകളോടു പോലും കരുണകാട്ടികൊണ്ട് ഹൃദ്യമാർന്ന തണുപ്പോടും കൂടി, അടുത്തു കിടത്തിയുറക്കുവാൻ ഇനിയൊരു ചെറുവാല്യക്കാരനേയും കാത്തിരിക്കുന്ന പഴംചുമരുക ളിൽ പണ്ടെന്റെ നഖങ്ങൾ കോറിയിട്ട വരികളെവിടെ? എന്റെ വിരൽപ്പാടുകളെവിടെ?

പരസ്പരം പുൽകി പുണർന്നുറങ്ങിയ രാത്രികളിൽ, നിദ്ര വന്നു ചിറകേറ്റി കൊണ്ടുപോം മുൻപ് കാത്തുസൂക്ഷിക്കാൻ നൽകിയ രഹസ്യമെന്തായിരുന്നു? അറിയാതെ പറഞ്ഞുപോയ പരിഭവമെ ന്തായിരുന്നു?

ഒരുവേള അടുത്തൊന്നു ചേർന്നു കിടന്നാൽ...

# 5

# അമ്മയ്ക്കുവേണ്ടി...

*(Friday, October 22, 2004)*

അയാൾ എന്നും ഐപ്പുവിന്റെ പീടികയിൽ നിന്ന് മുറുക്കാൻ വാങ്ങും. അമ്മയ്ക്ക് വേണ്ടിയാണ്. അയാൾക്ക് ഓർമ്മയുള്ള കാലം മുതൽക്കേ അമ്മ മുറുക്കുമായിരുന്നു. വെറ്റിലയും, പുകയിലയുമാണ് വാങ്ങേണ്ടത്. അടക്ക തോട്ടത്തിലുണ്ടാവുന്നത് അമ്മ നീറ്റിലിട്ടു വച്ചിരിക്കും. അമ്മ ചെല്ലം തുറന്നുവച്ച്, കാലും നീട്ടിയിരുന്ന് മുറുക്കുന്നതു കാണുവാൻ ഒരു സുഖമാണ്. മുറ്റം അടിച്ചുവാരുന്ന മക്കൾ പറയും, അമ്മമ്മ മുറുക്കിത്തുപ്പി മുറ്റം വൃത്തികേടാക്കിയെന്ന്. മുറുക്കാന്റെ പൊതി കൈയിൽ കാണുമ്പോൾ ഭാര്യ പറയും, അതൊരു അധികച്ചിലവാണെന്ന്. പക്ഷെ അയാൾ എന്നും അമ്മക്കു വേണ്ടി മുറുക്കാൻ വാങ്ങുമായിരുന്നു.

ഒരു ദിവസം അമ്മ മരിച്ചു. അയാൾ അന്നും മുറുക്കാൻ വാങ്ങിയിരുന്നു. ഇനി വാങ്ങേണ്ടി വരില്ല, അമ്മ ഇന്നില്ല. അമ്മമ്മയുടെ മുറുക്കാൻ ചെല്ലം കൊണ്ട് അകത്തു പോകുന്ന മകളെ അയാൾ വിളിച്ചു നിർത്തി. കളിയടക്കയുടെ ഒരു തുണ്ടുകിട്ടി. കൈയിലെ പൊതി തുറന്നു, വെറ്റിലയെടുത്തു ഞെട്ടുപൊട്ടിച്ച് ഞെട്ടറുത്ത് അയാൾ ചുണ്ണാമ്പു തേച്ചു. വായിലിട്ടു ചവക്കുമ്പോൾ ദുഃസ്വാദു തോന്നിയില്ല. അമ്മ കാട്ടുന്നതുപോലെ പുകയില ഒരു കഷണം എടുത്ത് ചവച്ചു. ദേഹത്താകെ കയ്പ്പു പരക്കുന്നതുപോലെ. അയാൾ തൂണിൽ ചാരി കണ്ണടച്ചിരുന്നു. ചുറ്റും ചൂഴ്ന്നു നിന്നിരുന്ന മന്ദത വിട്ടുമാറിയപ്പോൾ കണ്ണുതുറന്നു മുറ്റത്തേക്ക് നീട്ടിത്തുപ്പി. കുരുതിക്കളം പോലെ ചുവന്നു കിടക്കുന്ന ചാണകം തേച്ച ഉമ്മറമുറ്റം നോക്കി അയാളുടെ മക്കൾ നെടുവീർപ്പിട്ടു.

...പിന്നെയും അയാൾ എന്നും അമ്മയ്ക്കുവേണ്ടി മുറുക്കാൻ വാങ്ങുമായിരുന്നു.

# 6

# ഒരു പ്രാർത്ഥന

*(Tuesday, October 26, 2004)*

കുട്ടിക്കാലങ്ങളിലെ കുസൃതികളിലേക്ക് മനസ്സൊരു വേള തിരിഞ്ഞൊന്നു നോക്കുന്നു...

പള്ളിക്കുളത്തിലെ (അമ്പലക്കുളത്തിന് എങ്ങിനെ പള്ളിക്കുളമെന്ന പേരുവന്നു എന്നറിഞ്ഞുകൂട. സിനിമയിൽ ഏതോ വിദ്വാൻ 'പള്ളിക്കഞ്ഞി' എന്നൊക്കെ പറഞ്ഞതു പോലെ കുളം പള്ളിക്കുളം ആയതുമാവാം) മുങ്ങാംകുഴിയിടുന്ന വൈകുന്നേരങ്ങളിൽ സ്വതവേ ദുർബ്ബലനായ ഞാൻ, എന്നേക്കാളും സാധുവായ ഒരുത്തനെ വെള്ളത്തിൽ 'മുക്കുന്നതാണ്'' പെട്ടെന്ന് ഓർമ്മ വന്നത്. വെള്ളത്തിനു മുകളിൽ ശ്വാസം കൊടുക്കുവാൻ വേണ്ടി ഒരു വേള ഉയർത്തിപ്പിടിക്കുന്ന നനഞ്ഞ മുഖത്ത് കാണുന്നത് കണ്ണീരോ? ഈറൻ മുടിയിൽ നിന്ന് ഉതിർന്നു വീഴുന്ന ജലത്തുള്ളികളോ?

ആരായിരുന്നു ആ കുട്ടി?

പൊടുന്നനെ ആ മുഖത്തിന് ഒരു ഛായ ഉണ്ടാവുന്നു. എന്റെ ഉണ്ണിയല്ലേ അത്? നെഞ്ചിനകം നീറിപ്പുകയുന്നതുപോലെ... എന്റെ അനിയനെ ആയിരുന്നുവോ ഞാൻ?

അടുത്തിരിക്കുന്ന ഫോൺ തിടുക്കപ്പെട്ടെടുത്ത്, നാട്ടിലേക്കുള്ള അക്കങ്ങൾ ധൃതിയിൽ അമർത്തുമ്പോൾ ഓർക്കുന്നു, അവിടെ സമയം അർദ്ധരാത്രിയും കഴിഞ്ഞിരിക്കുന്നു. അവനോട് എന്തെങ്കിലുമൊന്ന് സംസാരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ...

ചാരിയൊന്ന് കിടന്ന്, കണ്ണടയ്ക്കുവാൻ ശ്രമിയ്ക്കുമ്പോൾ മനസ്സിലേക്ക് തിക്കികയറിവരുന്നു, നനഞ്ഞ് ദീനതയാർന്നൊരു മുഖം.

ഈശ്വരാ അവനായിരിക്കരുതേ അത് – അറിയാതെ അങ്ങിനെ പ്രാർത്ഥിച്ചു പോകുന്നു.

# 7

# അവർ

*(Tuesday, October 26, 2004)*

"എന്നെ ആരെന്നു കരുതുന്നതാ ഉണ്ണിക്കിഷ്ടം?"

"ആരെങ്കിലും ഒക്കെ ആവണോ ഇഷ്ടപ്പെടുവാൻ?"

"വേണ്ടേ?"

"ആരുമാരും ആവാതിരിക്കുന്നതല്ലെ സുഖം."

"അപ്പോൾ ആരുമല്ലേ ഞാൻ?"

"അമ്മയെന്ന് കരുതിക്കോട്ടെ?"

അവൾ പൊട്ടിച്ചിരിച്ചു.

"ഉണ്ണി ഉറങ്ങിക്കൊൾക..."

മുടിയിഴകളിലൂടെ അവളുടെ വിരലുകൾ തെന്നി നീങ്ങുമ്പോൾ അവനുറക്കം വന്നു.

അവർ പരസ്പരം ആരുമാരും ആയിരുന്നില്ല.

# 8

# അമ്മയും മകനും

*(Thursday, December 16, 2004)*

അവൻ ജനിച്ചപ്പോൾ കരഞ്ഞിരുന്നില്ല. പേറെടുത്ത മുത്തശ്ശി അടുക്കള ജനവാതിലിനരുകിൽ നിന്നു എന്തോ പിറുപിറുത്തത് അവന്റെ അമ്മ കേട്ടതുമില്ല. വീണു വീണു നടക്കുവാൻ പഠിക്കുമ്പോഴും അവൻ കരഞ്ഞു കണ്ടില്ല. അവന്റെ അമ്മയുടെ ഓർമ്മയിൽ ഒരിടത്ത് പോലും അവന്റെ കണ്ണുനീരിന്റെ നനവില്ല. പിന്നെ പിന്നെ അമ്മ ശ്രദ്ധിച്ചു, അവൻ ചിരിക്കുന്നുമില്ല. പക്ഷെ അവർ ആരോടും പറഞ്ഞില്ല, മകൻ ചിരിക്കുന്നില്ലെന്നും കരയുന്നില്ലെന്നും. ഒരു ദിവസം ആ അമ്മയ്ക്ക് മരിക്കേണ്ടി വന്നു. അന്നു വീടിന്റെ ഇറയത്തിരുന്നു അവൻ ആദ്യമായി ചിരിച്ചു. അപ്പോൾ തെക്കേപ്പുറമ്പിലേക്ക് കോടിയുടുത്ത് പോവുകയായിരുന്ന അമ്മയത് കണ്ടിരുന്നില്ല. സഞ്ചയനത്തിന്റന്ന് അവൻ ബലിയിടുമ്പോൾ അടുക്കളപ്പുറത്തെ മാവിൻകൊമ്പിലിരുന്ന് ഒരു കാക്ക താണുചെരിഞ്ഞു നോക്കി, അവന്റെ കണ്ണുകൾ നിറയുന്നുണ്ടോയെന്ന്...

...പിന്നെ അവൻ കുഴച്ചുവച്ച ഒരുറുള ബലിച്ചോറിൽ നിന്ന് തവിടിന്റെ സ്വാദുള്ളൊരു വറ്റു കൊത്തിതിന്ന് എങ്ങോ പറന്നുപോയ്.

# 9

# സാമി

*(Wednesday, February 02, 2005)*

“സാർ എതാവതു വേണമാ? കോഫീ? ടീ?”

ഒന്നും കഴിയ്ക്കാൻ തോന്നാത്തതുകൊണ്ട്, തലയാട്ടി വേണ്ടെന്ന് പറഞ്ഞു.

“സാർ ജ്യൂസ് ഇരിക്കേൻ, തരട്ടുമാ?”

സാമി. അതായിരുന്നു അയാളുടെ പേറ്. തമിഴ്നാട്ടുകാരനായ ഓഫീസ്ബോയ്. ഓഫീസിലെ ആദ്യ ദിവസം തൊട്ടുതന്നെ സാമി എന്നെ സൽക്കരിച്ചു തുടങ്ങിയിരുന്നു. ഇനിയും ഞാൻ വേണ്ടെന്ന് പറഞ്ഞാൽ സാമിയെന്നെ നിർബന്ധിച്ചു കുടിപ്പിക്കുമെന്ന ഘട്ടമെത്തിയപ്പോൾ ഞാനെന്റെ ബിവറേജസ് മെനു പുറത്തെടുത്തു.

“സാമി ബിസിയാ?” എന്ന എന്റെ മോണോടോണിലുള്ള ചോദ്യം കേട്ടാലെ സാമിക്ക് കാര്യങ്ങൾ മനസ്സിലാവുന്ന സ്ഥിതിയെത്തി.

“സാർ ഇങ്കെ നല്ല മീൽസ് കെടയ്ക്കും.”

“എങ്കേ?” വീണ്ടും എന്റെ മുറിത്തമിഴ്. കഴിഞ്ഞ രണ്ടു ദിനങ്ങളിൽ എന്റെ ഉച്ചഭക്ഷണം ദ്രവരൂപങ്ങളിൽ ഒതുങ്ങിയതു കണ്ടാവണം സാമി ഇടപ്പെട്ടത്.

“കേരളക്കാർ താനെ. ഓർഡർ പണ്ണട്ടുമാ?”

ഉച്ചഭക്ഷണം വന്നപ്പോൾ സാമി തന്നെ എന്റെ ഓഫീസ് മേശയുടെ ഒരുഭാഗം കടമെടുത്ത്, ഒരു ഡൈനിങ്ങ് ഏരിയ നിർമ്മിച്ചു.

‘ഇവിടെയോ?’ ഓഫീസ് മുറിക്കകം ഭക്ഷണത്തിനുപയോഗിക്കുവാനുള്ള മടിയിൽ ഞാൻ സംശയിച്ചു. സാമിക്ക് ഒരു കമ്പനി കൊടുക്കാമെന്നുകൂടിയുള്ള ഉദ്ദേശത്തോടെ സാമിയോടായി ചോദിച്ചു: ’വ്ഹെരെ വില്ല് youdine?“ (അപ്പോഴേയ്ക്കും എന്റെ തമിഴ് കുറൽ വറ്റിപ്പോയിരുന്നു.)

”അങ്കൈ.“ സാമി കൈനീട്ടി കാണിച്ചു തന്നു. ഫോട്ടോസ്റ്റാറ്റ് മഷീനുകൾ വച്ചിരിക്കുന്ന ഒരു ചെറിയ ക്യുബിക്കിൾ. അവിടെ ഇരിക്കുവാൻ മാത്രം സ്ഥലമില്ല. നിന്നു തന്നെ കഴിക്കണം.

ഞാൻ ഊണ് കഴിക്കുമ്പോൾ ഒരു വാതിലിനപ്പുറം എനിക്കയാളെ കാണാം.

”നീങ്കെ എന്ന ക്വാളിഫിക്കാഷൻ സാർ?“ ക്യുബിക്കിളിന്റെ മറവിനു മുകളിൽ സാമിയുടെ പുഞ്ചിരിക്കുന്ന മുഖം.

”ബി.എസ്സി ഫിസിക്സ്.“ സപ്ലിമെന്ററിയാണെന്ന് ഞാൻ പറഞ്ഞില്ല.

”സാർ ഐയാം ബി.എസ്സി കെമിസ്ട്രി.“ വാരിയെടുത്ത ഒരുപിടി ചോറുവറ്റ് പാതി വഴിയിൽ തങ്ങി നിന്നു.

”ആനാൽ ഫിനിഷ് ചെയ്തില്ലെ.“

’why ? ”

“പഠിക്കത്ക്കുള്ള ഇന്ററസ്റ്റേ മുടിഞ്ചത്ത്. ആനാൽ ഇപ്പതാൻ...” അയാൾ ചോറുണ്ണുന്നത് മതിയാക്കി, വാഷ്റൂമിന്റെ ഭാഗത്തേക്ക് നടന്നുപോയി.

കുറച്ചു നേരം മുൻപ് സാമി നിന്നിരുന്ന ക്യുബിക്കിളിന്റെ മുകൾഭാഗത്തെ ശൂന്യതയിലേക്ക് ഞാൻ മിഴിച്ചുനോക്കി. സൗഭാഗ്യങ്ങൾ തമ്മിൽ കൂടി വരുന്ന അകലങ്ങളെ കുറിച്ച് ഞാനെന്തോ വ്യാകുലപ്പെട്ടില്ല. കുറഞ്ഞു വരുന്ന മറ്റെന്തോ അകലങ്ങളെ കുറിച്ച് ആലോചിച്ചിരുന്നു.

“സാർ, ബ്ലാക്ക് റ്റീ താനെ?” വീണ്ടും സാമി. രണ്ടു ദിനം കൊണ്ട് എന്റെ ചില ശീലങ്ങളും സാമി മനസ്സിലാക്കിയിരിക്കുന്നു.

ചിരിക്കുവാൻ ശ്രമിച്ചുകൊണ്ട് ഞാൻ പറഞ്ഞു: “ആമാ.”

ഞാൻ തമിഴ് പഠിച്ചു തുടങ്ങിയത് ആ വാക്കിൽ നിന്നായിരുന്നു. ഒരു പക്ഷെ സാമിയോട് ഇന്നിങ്ങനെ പറയുവാൻ വേണ്ടി മാത്രം.

# 10

# നമുക്ക് ഗ്രാമങ്ങളിൽ ചെന്ന്...

*(Wednesday, February 09, 2005)*

അവർ കഥ പറയുകയായിരുന്നു.

അവനാണ് സൈക്കിഡെലിക് സ്വപ്നങ്ങളെ കുറിച്ചുള്ള കഥ പറയാമെന്നു പറഞ്ഞത്.

അവൾ പറഞ്ഞു, ഗ്രാമങ്ങളുടെ കഥ പറയാമെന്ന്.

അവന് ഗ്രാമങ്ങളെ ഓർക്കുവാൻ കഴിഞ്ഞിരുന്നില്ല.

ലോകമെന്നത്, നാലു ചുമരുകൾ മാത്രമായിരുന്നു അവനെപ്പോഴും.

ഗ്രാമങ്ങളിൽ ചുമരുകളില്ല. അവൾ അറിവു പകർന്നു.

അവൻ അതിശയിച്ചു, “സത്യം?”

ഉം... അവൾ അതെയെന്ന ഭാവത്തിൽ മൂളി.

അവൾ ഉറങ്ങുവാനെന്ന് പറഞ്ഞ്, തിരിഞ്ഞു കിടന്നു. പിന്നെ, ചുമരുകളില്ലാത്ത ഗ്രാമങ്ങളെ സ്വപ്നം കാണുവാൻ ശ്രമിച്ചു.

മാവിൻകൊമ്പിന്റെ ഉയരങ്ങളിലുള്ളൊരു കുരുവിക്കൂട്ടിൽ നിന്നൊരു കിളിക്കുഞ്ഞ് ചുവന്ന കൊക്കുകൾ നീട്ടി പകലിന്റെ വെണ്മയിലേക്ക് കൺതുറന്നു.

അരുണാഭയോടെ സൂര്യനപ്പോഴും മന്ദഹസിച്ചു.

പുര താഴ്ത്തി വൈക്കോൽ മേഞ്ഞ തൊഴുത്തിലെ നന്ദിനിപ്പശു നിലത്ത് ചെരിഞ്ഞു കിടന്നു. പശു അമറുന്നതു കേട്ട് നോക്കാൻ വന്ന കുട്ടികളെ മുത്തശ്ശി ശകാരിച്ചു തിരികെ ഓടിച്ചു. തെല്ലു കഴിഞ്ഞ് ഒരു കിടാവ് വിറയ്ക്കുന്ന കാലുകളോടെ, തൊഴുത്തിലെ ഇരുട്ടിനെ പുറകിലാക്കി പകലിലേക്കിറങ്ങി വന്നു.

മറഞ്ഞു നിന്നിരുന്ന കാർമേഘത്തിന്റെ ഇരുളിൽ നിന്ന് പുറത്തിറങ്ങി വന്ന് സൂര്യനപ്പോഴും മന്ദഹസിച്ചു.

വീടിന്റെ അകത്തളത്തിൽ നിന്ന് അമർത്തിപ്പിടിച്ച കരച്ചിലുയർന്നു. പടിയും കടന്നാരോ വരുന്നത് കാത്തെന്നപോലെ, കാരണവർ ഉമ്മറത്തൂണും ചാരി നിൽക്കുന്നു. അന്തിവെയിൽ മുറ്റത്ത്, മാവിന്റെ ചുവട്ടിൽ, യാത്ര പറയുന്നതിന് മുൻപുള്ള വികാരവായ്പ്പോടെ തെല്ലിട മൗനമായ് നിന്നു, പിന്നെ നടന്നു തുടങ്ങി. തെല്ല് കഴിഞ്ഞപ്പോൾ എണ്ണത്തിരിയുടെ വെളിച്ചത്തിൽ മയങ്ങിക്കിടന്നിരുന്ന തെക്കേഅറയിൽനിന്ന് ഒരു ഉണ്ണിയുടെ കരച്ചിൽ ഉയർന്നു കേട്ടു.

അതിനും മുമ്പെപ്പോഴോ, അരുണരഥം ഇരുട്ടിവീഴ്ത്തിക്കൊണ്ട് ചക്രവാളവും പിന്നിട്ട് യാത്ര തുടർന്നിരുന്നു.

സന്ധ്യ, ബാക്കിവച്ചുപോയ ഇരുട്ടിന്റെ കാളിമയിൽ ഒരു കുഞ്ഞിന്റെ കരച്ചിൽ മാത്രം ഇടനാഴികളിലെവിടെയോ പതറിനിന്നു..

# 11

# സത്യം ബ്രൂയാൽ

*(Monday, February 21, 2005)*

ദ്രവിച്ച തുടങ്ങിയ വൈക്കോൽ മേൽക്കൂരയ്ക്കിടയിലൂടെ കർക്കിടകപ്പേമാരി തുള്ളി തുള്ളിയായ് അകത്തേക്കതിർന്ന വീഴുന്നു. ചാണകം മെഴുകിയ നിലത്തേയ്ക്ക് വെള്ളം ചോർന്നുവീണ്, നിലം കുതിർന്ന് ചാണകപൊറ്റുകൾ അടർന്നു നിൽക്കുന്നു. നനവില്ലാത്ത ഇടങ്ങൾ തേടി, കറുത്ത ചോണനുറുമ്പുകൾ യാത്ര തുടങ്ങിയിരിക്കുന്നു. അടുപ്പിലെ അവസാന കനലിലേക്ക് മഴവെള്ള ം വീണ് നേർത്ത ശബ്ദത്തോടെ തീയുമണയുന്നു. ഇനിയും നനവു പടരാത്ത മുറിയുടെ ഒരു മൂലയിലേക്കൊതുങ്ങിപ്പോവുന്നു ഒരു കുടുംബം.

വിശപ്പിന് സമയവും കാലവുമുണ്ടെന്നറിയാത്ത ഒരു കൈക്കുഞ്ഞ് മാത്രം ഇടയ്ക്കിടെ കരച്ചിലിന്റെ ദീനമായ പ്രതിഷേധസ്വരമുയർത്തുന്നു.

ചേമ്പില തലയ്ക്കു കുറുകെ പിടിച്ചുകൊണ്ട് ഒരാൾ പടി കയറി വന്നു. നനഞ്ഞ തുണിസഞ്ചി ഉമ്മറപ്പടിമേൽ വച്ചുകൊണ്ടയാൾ ഒന്നും പറയാതെ തിരിഞ്ഞു നിന്നു. അകത്തളത്ത് നനഞ്ഞ പഴംന്തുണിപോലെ ക്ഷയിച്ചിരുന്നവർ വാതിൽ പടിയിലേയ്ക്കെത്തിനോക്കി. ആശ്ചര്യത്തിന്റെ വിടർന്ന മിഴികൾ തെല്ലുകഴിഞ്ഞപ്പോൾ ആശ്വാസത്തിന്റെ സാന്ദ്രഭാവം കൈകൊണ്ടു.

അയാൾ തിരികെച്ചെന്ന് ഉമ്മറക്കോലായിൽ കുന്തിച്ചിരുന്നു. പിന്നെ അരയിൽ നിന്ന് അവ സാന ബീഡിയുമെടുത്ത് തീകൊടുത്തു. ഇറയിൽനിന്ന് കുത്തിയൊലിച്ച വീഴുന്ന മഴവെള്ളം പാതിയും കോലായിൽ വീഴുന്നു. മഴനനഞ്ഞ്, ഇറയത്തിരിക്കുന്ന അയാളെ നോക്കി, മുറ്റത്തു ടെ ഒഴുകി പോകുന്ന, ചേറുകലർന്ന് കലങ്ങിയ മഴവെള്ളം, വെറുതെ ഉരുവിട്ടു പഠിച്ചു, "സത്യം ബ്രൂയാൽ, പ്രിയം ബ്രൂയാൽ…"

# 12

# ഇന്നലെ

*(Monday, March 07, 2005)*

ഇന്നലെ, മാർദ്ദവമേറിയ പഞ്ഞിക്കിടക്കയിൽ കിടന്ന് സുഖമായുറങ്ങിയതാണ് ഞാൻ. ഇന്നെന്തോ എനിക്കുറങ്ങാനാവുന്നില്ല.

വാത്സല്യത്തോടെ ചേർത്തുപിടിച്ച് ഇന്നലെക്കൂടെ ഞാനെന്റെ മകളുടെ മൂർദ്ധാവിൽ ചുംബിച്ചതായിരുന്നു. ഇന്ന്, എനിയ്ക്കവളെ തഴുകണമെന്നുണ്ട് – വാത്സല്യം നഷ്ടപ്പെട്ട് തണുത്തുറഞ്ഞ എന്റെ കൈവിരലുകളെ നോക്കി നെടുവീർപ്പിടുവാനെ കഴിയുന്നുള്ളൂ.

എന്റെ ചാരുകസേര, അതിൽ വിരിച്ച ടർക്കിഷ്ടവലിൽ ഞാനിരുന്നുണ്ടായ ചുളിവുകൾ; ഇന്നലെകളിൽ നിന്ന് ഒരു മാറ്റവുമില്ലാതെ ഇന്നും എന്റെ ചാരുകസേരയിരിയ്ക്കുന്നു. സത്യമായും എനിയ്ക്കതിലിരിയ്ക്കണമെന്നുണ്ട്, സന്ധ്യയ്ക്ക് മകൾ തുളസിത്തറയിൽ തിരി തെളിയിക്കുമ്പോൾ, എണീറ്റുനിന്ന് തെക്കോട്ടുനോക്കി അമ്മയെ തൊഴേണമെന്നുണ്ട്. പക്ഷെ...

എനിക്കെന്റെ ചാരുകസേര അന്യമായിരിയ്ക്കുന്നു.

അവളുടെ പദനിസ്വനങ്ങൾ ഞാൻ എളുപ്പം തിരിച്ചറിയും. അകത്തളങ്ങളിലെവിടെയോ അവൾ നടക്കുന്നു – മഴ കാത്തിരിയ്ക്കുന്ന വേഴാമ്പലാകുന്നു ഞാൻ. മഴപെയ്തില്ല; അവളരുകിൽ വന്നില്ല. ഇരുട്ടിന്റെ ശ്യൂനതയിലേക്ക് നോക്കി കണ്ണുനീർ പൊഴിയ്ക്കുന്ന ഒരു സ്ത്രീമാത്രമായി അവളുമെനിക്ക് നഷ്ടപ്പെടുന്നു.

ഓ ഞാൻ മറന്നേപോയ്, ഞാൻ മരിച്ചുകഴിഞ്ഞെന്ന്!Monday, March07, 2005 ഇന്നലെ

ഇന്നലെ, മാർദ്ദവമേറിയ പഞ്ഞിക്കിടക്കയിൽ കിടന്ന് സുഖമായുറങ്ങിയതാണ് ഞാൻ. ഇന്നെന്തോ എനിക്കുറങ്ങാനാവുന്നില്ല.

വാത്സല്യത്തോടെ ചേർത്തുപിടിച്ച് ഇന്നലെക്കൂടെ ഞാനെന്റെ മകളുടെ മൂർദ്ധാവിൽ ചുംബിച്ചതായിരുന്നു. ഇന്ന്, എനിയ്ക്കവളെ തഴുകണമെന്നുണ്ട് – വാത്സല്യം നഷ്ടപ്പെട്ട് തണുത്തുറഞ്ഞ എന്റെ കൈവിരലുകളെ നോക്കി നെടുവീർപ്പിടുവാനെ കഴിയുന്നുള്ളൂ.

എന്റെ ചാരുകസേര, അതിൽ വിരിച്ച ടർക്കിഷ്ടവലിൽ ഞാനിരുന്നുണ്ടായ ചുളിവുകൾ; ഇന്നലെകളിൽ നിന്ന് ഒരു മാറ്റവുമില്ലാതെ ഇന്നും എന്റെ ചാരുകസേരയിരിയ്ക്കുന്നു. സത്യമായും

എനിയ്ക്കതിലിരിയ്ക്കണമെന്നുണ്ട്, സന്ധ്യയ്ക്ക് മകൾ തുളസിത്തറയിൽ തിരി തെളിയിക്കുമ്പോൾ, എണീറ്റുനിന്ന് തെക്കോട്ടുനോക്കി അമ്മയെ തൊഴേണമെന്നുണ്ട്. പക്ഷെ...

എനിക്കെന്റെ ചാരുകസേര അന്യമായിരിയ്ക്കുന്നു.

അവളുടെ പദനിസ്വനങ്ങൾ ഞാൻ എളുപ്പം തിരിച്ചറിയും. അകത്തളങ്ങളിലെവിടെയോ അവൾ നടക്കുന്നു – മഴ കാത്തിരിയ്ക്കുന്ന വേഴാമ്പലാകുന്നു ഞാൻ. മഴപെയ്തില്ല; അവളരുകിൽ വന്നില്ല. ഇരുട്ടിന്റെ ശൂന്യതയിലേക്ക് നോക്കി കണ്ണുനീർ പൊഴിയ്ക്കുന്ന ഒരു സ്ത്രീമാത്രമായി അവളുമെനിക്ക് നഷ്ടപ്പെടുന്നു.

ഓ ഞാൻ മറന്നേപോയ്, ഞാൻ മരിച്ചുകഴിഞ്ഞെന്ന്!

# 13

# തൊട്ടാവാടിപ്പൂക്കൾ

*(Friday, April 08, 2005)*

അയാൾ അപ്പന്റെ കുഴിമാടത്തിലേയ്ക്കുള്ള വഴിയേ നടന്നു. നരച്ച മതിലുകൾക്കുള്ളിലെ ശ്മശാനം ആഗതനെ പുച്ഛത്തോടെ വീക്ഷിച്ചു. അയാൾക്ക് അപരിചിതത്വം തോന്നിപ്പിയ്ക്കും വിധം ശ്മശാനത്തിലുടനീളം തൊട്ടാവാടികൾ വളർന്നു നിന്നിരുന്നു. അവ റോസ് നിറത്തിലുള്ള പുഷ്പങ്ങളാൽ പൂവിട്ടിരുന്നു. അയാൾ ശ്മശാനത്തിന്റെ ഗേറ്റിങ്കൽ അല്പസമയം നിന്നു. പിന്നെ കുരിശല്പം ചെരിഞ്ഞുനിന്നിരുന്ന കുഴിമാടം നോക്കി "അതുതന്നേയെന്ന്" ഉറപ്പിച്ച് മുന്നോട്ട് നടന്നു.

കാൽവണ്ണയിലേതോ മുള്ളുരഞ്ഞ് നെടുകെ പോറലുണ്ടായി, അല്പം ചോര പൊടിഞ്ഞിരിയ്ക്കുണം. അപ്പന്റെ കുഴി ഇതു തന്നെ, അയാൾ ഉറപ്പിച്ചു. കുഴിമാടത്തിനു ചുറ്റും തൊട്ടാവാടികൾ വളർന്നുമുറ്റിയിരിയ്ക്കുന്നു. തൊട്ടാവാടിപ്പൂക്കളുടെ മണമെന്താകും. അയാൾ കുനിഞ്ഞുനിന്ന് മണത്തു നോക്കി. മണമൊന്നുമില്ല, അപ്പോഴെന്തു പറയും? അപ്പന്റെ മണം. അതെ, അപ്പനും ഇപ്പോൾ മണമില്ലാതായിരിയ്ക്കുന്നു.

താഴെ പാഴ്ചെടികൾക്കിടയിൽ എന്തോ അനങ്ങുന്നതുപോലെ തോന്നി. അയാൾ പേടിച്ചു കാൽ പുറകോട്ടു വച്ചു. ഈ പുല്ലും പാഴ്ചെടികളുമെല്ലാം വെട്ടിക്കളയണം. അയാൾ പുല്ലരിയുന്ന കാർത്തുച്ചെറുമിയെ ഓർത്തു. ഒരുവട്ടം പുൽക്കെട്ടിന്റെ കൂടെ, ചെറുമി ഒരു വെള്ളിക്കെട്ടന്റെ തലകൂടി അരിഞ്ഞുവത്രെ. അയാൾ ആ രംഗം മനസ്സിൽകാണുവാൻ ശ്രമിച്ചു. വിജൃംഭിച്ച പേശികളിൽ നിന്ന് പുറത്തോട്ടു തുറിച്ചു നിൽക്കുന്ന വിഷപ്പല്ലുകൾ, കാർത്തുവിന്റെ കൈവണ്ണയിൽ വിരിഞ്ഞ പവിഴമല്ലിപ്പൂക്കൾ. അയാൾ അപ്പനെ ഓർത്തു – തലയറ്റു പിടയുന്ന വെള്ളിക്കെട്ടന്റെ ഉടലോർത്തു. പിന്നെ ജ്വരം ബാധിച്ചവന്റെ അസ്വസ്ഥതയോടെ തൊട്ടാവാടിപ്പൂക്കളെ തൊട്ടുറക്കി ശ്മശാനത്തിന്റെ ഗേറ്റും തേടി തിരികെ നടന്നു.

# 14

# നരിയിറങ്ങുമ്പോൾ

*(Monday, May 09, 2005)*

ഇരുട്ട്.

അടുത്തു വന്നും അകന്നു മാറിനിന്നും പെയ്തൊഴിയുന്ന മഴ.

ഇരുട്ടിൽ ഒളിച്ചിരുന്നു ഇടയ്ക്കിടെ കരയുന്ന ഒരു ചീവീടിന്റെ ചിലമ്പിച്ചസ്വരം. ദൂരെ സഹ്യന്റെ അതിരുകൾ. ഇരുട്ട് പടർന്നു കയറിയ ആകാശത്തിന്റെ സീമകളിൽ ഇരുളിൽ ഇരുണ്ടുതന്നെ കാണപ്പെടുന്ന സഹ്യാദ്രി.

മഴപെയ്യും മുമ്പേ നിലത്തുവീണുണങ്ങിയ കരിയിലകളിൽ ആരുടേയോ കാലടികൾ പതിയുന്നുണ്ടോ?

ആകാശം ഒന്നു മിന്നിത്തെളിഞ്ഞു. താഴെ ഭൂമിയിൽ പച്ചിലക്കൂട്ടങ്ങൾക്കു പുറകിൽ അവ അരൂപികളെ സൃഷ്ടിച്ചു. നിഴലുകൾ സൃഷ്ടിച്ചു. പിന്നെ അവയിലെല്ലാം ഭീതിയുടെ നിറം പകർന്നിട്ടു.

നരിയിറങ്ങും!

അവൾ ദൂരെ സഹ്യനെ നോക്കി. അവിടെ നിന്നാവണം. ഇരുട്ടിൽ, പച്ചിലക്കൂട്ടങ്ങളുടെ മറവുപറ്റി... നരിയിറങ്ങുന്നത്.

തുറന്നിട്ട ജാലകത്തിലൂടെ മുറ്റത്ത് ഒറ്റയ്ക്കു നില്ക്കുന്ന അശോകമരത്തെ കാണുവാനാകും; ഏകാന്തതയെന്നത് അശോകമരമെന്നാവുന്നു.

മഴത്തുള്ളികളുടെ നനവുപേറി നില്ക്കുന്ന കറുകത്തലപ്പുകളിൽ കാൽവിരലുകൾ തൊടുമ്പോൾ നനവ് ദേഹമാകെ പടരുന്നു. പിന്നിൽ അശോകമരം... വീട്... ഇപ്പോൾ ആരിലാണ് കൂടുതൽ ഏകാന്തത?

കരിയിലകളിൽ മഴത്തുള്ളികൾ വീഴുന്ന ശബ്ദം ഉയർന്നു വരുന്നു... പിന്നെ താളക്രമങ്ങളിൽ മാറ്റങ്ങളുണ്ടാവുന്നു... പിന്നെ പിന്നെ കാലൊച്ചകൾ വ്യക്തമായി കേട്ടുതുടങ്ങുന്നു.

ഇരുട്ടിൽ തിളങ്ങിയിരുന്ന രണ്ടു കണ്ണുകൾ അവളോർത്തു. നഖക്ഷതങ്ങൾ അവളിൽ പോറലേൽപ്പിച്ചിരുന്നു, പക്ഷെ അവ വേദനിപ്പിച്ചില്ല... പകരം നനുത്ത സുഖമുളവാക്കി.

അവൾ പിന്നെ വീണ്ടും ജനലരുകിലെത്തി. ആകാശം മിന്നിത്തെളിയുന്നതും താഴെ ഭൂമിയിൽ നിഴലുകൾക്ക് ജീവൻ വയ്ക്കുന്നതും കാത്ത് അവളിരുന്നു... നരിയിറങ്ങുന്നത് മനസ്സിന്റെ താഴ്വര കളിലേക്കാണെന്ന അറിവുമായ്.

# 15

# ത്യാഗം

*(Sunday, May 22, 2005)*

ഫോൺ നാദം.

അങ്ങേത്തലയ്ക്കൽ സുപരിചിത സ്വരം.

ഉപചാരങ്ങളില്ല, ഉപക്രമങ്ങളും. മൃദുവായ സ്വരത്തിൽ അവൾ പറയുന്നു, "ഞാൻ തീരുമാനിച്ചു."

എല്ലാമറിയുന്നവനെപ്പോലെ ഞാൻ മൗനത്തിന്റെ ഗഹ്വരങ്ങളിലേക്ക് പിൻവലിഞ്ഞു.

"പിന്നിട്ട വഴികളും ബന്ധുജനങ്ങളും ഇനി ഓർമ്മകളിൽ മാത്രം." ഇപ്പോൾ അവളുടെ സ്വരത്തിൽ ഗദ്ഗദമുണ്ടോ?

നിശബ്ദമായ ടെലിഫോണിനെ മുറിയുടെ ഇരുട്ടിൽ തനിച്ചിരിക്കുവാൻ വിട്ട്, ചുമരുകളുടെ ബന്ധനത്തിൽ നിന്ന് പറന്നകലുവാൻ തോന്നുന്നു. ആകാശത്തിന്റെ താഴ്‌വരകളിലേക്ക് പറന്നകലുന്ന പക്ഷിയെപ്പോലെ.

അവൾ ത്യാഗങ്ങൾ ചെയ്യുന്നു – ത്യാഗങ്ങളൊന്നും ചെയ്യുവാനില്ലാത്ത ചെയ്യുവാനറിയാത്ത എനിക്കു വേണ്ടി.

ഞാൻ വ്യസനിച്ചുപോയി.

തുറന്നിട്ട ജാലകങ്ങളിലൂടെ മുറിക്കകത്തേക്ക് ഉഷ്ണം പേറുന്ന കാറ്റ് കടന്നുവരുന്നുണ്ടായിരുന്നു. പകൽ രാത്രിക്ക് ശിഷ്ടം കരുതുന്നത് ഈ ഉഷ്ണം മാത്രമാണല്ലോ.

ഇരുട്ടു വീണു തുടങ്ങിയ മുറിക്കകത്ത് ഏകാന്തനായി നിൽക്കവേ അയാൾ സിദ്ധാന്തീകരിക്കുവാൻ ശ്രമിച്ചു:

ത്യാഗത്തിനുള്ള മറുപടി ത്യാഗമല്ലെന്ന്!

ത്യാഗത്തിനും സ്നേഹത്തിനും ക്രൂരതയ്ക്കുമെല്ലാമുള്ള മറുപടി അവയെല്ലാം സാദരം സ്വീകരിക്കുകയെന്ന്!

പിന്നെ എന്തിനെന്നില്ലാതെ, ചുറ്റും വളർന്നു വരുന്ന ഉഷ്ണത്തെ പഴിച്ചു.

# 16

# ദാമ്പത്യം

*(Saturday, June 04, 2005)*

അവൾ അല്പം തിരക്കിലാണ്. അടുപ്പത്ത് മാമ്പഴപുളിശ്ശേരിയാണ്. ചോറു വാർത്തു കഴിഞ്ഞു. അവൾ പണിത്തിരക്കുകളുടെ ഇടയിലെല്ലാം അവനെ ഇടംകണ്ണിട്ടു നോക്കുന്നുണ്ടായിരുന്നു. രണ്ടു മൂന്ന് തലയിണകൾ അറ്റം മുട്ടിച്ച് ചേർത്തിട്ടാൽ അവന്റെ കുസൃതിക്ക് ഇത്തിരി ആശ്വാസമാവും. ഒരു പക്ഷെ മുട്ടുകുത്തി തുടങ്ങും വരെയെങ്കിലും. അവൾ ഇടയ്ക്കിടെ അവനെ പല പേരുകൾ വിളിച്ചും നാനാവിധ ശബ്ദങ്ങൾ ഉണ്ടാക്കിയും കളിപ്പിച്ചുകൊണ്ടിരുന്നു. അമ്മയുടെ ലാളനകൾക്കൊന്നും ഒരു തരിമ്പും വില കല്പിക്കാതെ അവൻ തന്റെ സാമ്രാജ്യത്തിന്റെ അതിരുകളിൽ വിഹരിച്ചു. അമ്മ കല്പിച്ചനുവദിച്ച രാജ്യസീമകൾ അല്പം ചെറുതായതിൽ അവൻ ഇടയ്ക്കിടെ പ്രതിഷേധിച്ചുകൊണ്ടുമിരുന്നു.

അവൾ അടുക്കളത്തിരക്കുകളിൽ വ്യാപൃതയായി. ഭർത്താവു എപ്പോഴാണ് ഊണിനു് കയറി വരികയെന്ന് അറിയില്ല. പലപ്പോഴും പല സമയത്തായിട്ടാണ് വരവ്. ഇനിയല്പം നേരത്തെ വന്നാലും ഊണിനു താമസം വേണ്ടെന്ന് കരുതിയിട്ടാണ് അവൾ ഈ തിരക്കിടുന്നതെല്ലാം.

അപ്രതീക്ഷിതമായിട്ടാണ് കാളിങ് ബെൽ ശബ്ദിച്ചത്. ഇത്ര നേരത്തെയോ? അവൾ ശങ്കിച്ചു. പോസ്റ്റുമാനാവാൻ തരമില്ല, എഴുത്തുകളെല്ലാം ജനൽ പാളിയിലൂടെ അകത്തിടാറാണ് പതിവ്. അവൾ തിടുക്കപ്പെട്ട് കൈ കഴുകി. മകൻ ഇപ്പോഴും കളികൾ തുടരുന്നു, അവൾ അവനെ എടുക്കുവാൻ തുനിഞ്ഞില്ല. വാത്സല്യത്തോടെ അവനെ പേരു് ചൊല്ലിവിളിച്ച് ഉമ്മറത്തേക്ക് നടന്നു. രൂപത്തിൽ നഴ്സെന്നു തോന്നിപ്പിക്കുന്ന ഒരു സ്ത്രീയാണ് വാതിൽക്കൽ. സാധാരണമട്ടിൽ കാര്യമെന്തന്വേഷിച്ചപ്പോൾ അവർ പറഞ്ഞു.

"………. ലാബിൽ നിന്നാണ്."

"മിസ്റ്റർ ഭർത്താവ് പറഞ്ഞിട്ടു വരികയാണ്."

പിന്നെ സംസാരം വരവിന്റെ ഉദ്ദേശത്തെ കുറിച്ചായി.

"മകനെവിടെ?"

അവൾ തെല്ലൊരു അപരിചിതത്വോടെ അകത്തേക്ക് നോക്കി. പിന്നെ യാന്ത്രികമായി ആഗതക്ക് വഴിമാറിക്കൊടുത്തു.

“ഇത്തിരി വേദനിച്ചേക്കും. ഇപ്പോൾ ഉറങ്ങിയെണീറ്റതാണോ?” നഴ്സ് സിറിഞ്ച് കൈയിലെടുത്തുകൊണ്ട് ചോദിച്ചു.

അവൾ അവനെയെടുത്ത് തോളിൽ കിടത്തി. കളി തടസ്സപ്പെടുത്തിയതിൽ അവൻ പ്രതികരിച്ചില്ല, അമ്മ പാലു തരുമെന്ന് കരുതിക്കാണും.

“അല്പമേ വേണ്ടൂ!” വീണ്ടും നഴ്സിന്റെ സ്വരം.

അവന്റെ ചോര സിറിഞ്ചിൽ ഊറിക്കൂടുന്നത് കാണുവാൻ ശേഷിയില്ലാതെ അവൾ മുഖം തിരിച്ചു.

അവൻ കരഞ്ഞു, അത്യാവശ്യം സങ്കടത്തോടും വേദനയോടും തന്നെ. അവൾക്കായിരുന്നു കൂടുതൽ വേദനിച്ചത്.

“എന്തിനായിരുന്നു ഇത്?” അവൾക്ക് അത്രയെങ്കിലും ചോദിക്കണമായിരുന്നു.

മുറ്റത്തേക്കിറങ്ങി കഴിഞ്ഞിരുന്ന നഴ്സ് പുച്ഛഭാവത്തിൽ ഒന്നു നോക്കി, പിന്നെ ചിരിയടക്കി കൊണ്ടെന്ന പോലെ മൊഴിഞ്ഞു: “ഡി.എൻ.എ ടെസ്റ്റിനാണ്.”

അവൾ വാതിൽപ്പടിയിൽ അറിയാതെ ചാരിപ്പോയി, പിന്നെ യാത്രപറച്ചിലെന്നോണം ചിരിച്ചെന്നു വരുത്തി.

മകനെ മാറോടണക്കിപ്പിടിച്ചു, അവന്റെ തേങ്ങലുകൾ പതിയെ നിശബ്ദമാവുന്നതറിഞ്ഞു. എന്തുകൊണ്ടോ അവനെയുറക്കുവാൻ അവളുടെ മാറിടങ്ങൾ പാൽ ചുരത്തിയില്ല.

അകത്ത് ഫോൺ നാദം, മറുതലയ്ക്കൽ അദ്ദേഹം. വിദൂരത്തെവിടെനിന്നോയെന്നപോലെ ഒരു സ്വരം, “മനു”വിന്റെ അശരീരികൾ: “വിശ്വാസമെന്നത് ചുമരിൽ തൂക്കിയിടാവുന്ന ഒരു ചില്ലിട്ട ചിത്രമാണ്. താഴെവീണുടയേണ്ടെന്നു കരുതി ഒരാണികൂടി അടിച്ചതായിരുന്നു…”

അവൾ മന്ദം റിസീവർ തിരികെ വച്ചു. അശരീരികൾ വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നു, ഞാനിന്ന് ഉണ്ണാൻ വരില്ലെന്നോ മറ്റോ… അവൾ ശ്രദ്ധിച്ചിരുന്നില്ല.

# 17

# പ്രവാസം

*(Tuesday, June 21, 2005)*

നൂറ്റാണ്ടുകൾക്കപ്പുറമുള്ളൊരു പകൽ. ഒരു പ്രവാസിയും കുടുംബവും. പകൽ വിളർത്ത്, ഞെട്ടറ്റ് കൊഴിഞ്ഞുവീഴുവാൻ ഏതാനും നാഴികകൾ മാത്രം. ജീവിതഭാരം സഹിക്കവയ്യാതെ അവർ ഉപേക്ഷിച്ചകന്ന നഗരം അവരെ പണ്ടേ മറന്നു കഴിഞ്ഞു (അല്ലെങ്കിൽ ഓർത്തിരുന്നതു തന്നെയില്ല.)

പുതിയ ദേശം, പുതിയ സംസ്കാരം, പുതിയ രീതികൾ. മറ്റൊരു വ്യത്യസ്ത പ്രവാസം. ഗൃഹനാഥൻ കണക്കുകൾ കൂട്ടുകയായിരുന്നു. ഇല്ല, പുതിയ നഗരവും വ്യത്യസ്തമല്ല. വരവിന്റേയും ചിലവിന്റെയും കണക്കുകൾക്കിടയിൽ സമതുലനമില്ല. മുങ്ങിക്കൊണ്ടിരിക്കുന്ന നൗകയിൽ നിന്ന് ഒരാൾ പുറത്തിറങ്ങിയേ തീരു! ആരാവണമത്? അയാള് ഭാര്യയെ നോക്കി. കൂടുവിട്ടു കൂടുമാറുമ്പോഴുള്ളതിലെ ഏകാന്തത അവരുടെ മുഖത്തെ മരവിപ്പിച്ചിരിക്കുന്നു. വയ്യ! അഗ്നിസാക്ഷിയായി വരിച്ച അവളില്ലാതെ വയ്യ!

മകൻ. കണ്ണടയിലെ കോൺവെക്സ് ലെൻസുകളിലൂടെ അവൻ അനന്തമായി പരന്നു കിടക്കുന്ന ചക്രവാളത്തിലേക്ക് നോക്കി നിൽക്കുന്നു. ഉണ്ണീ, നീയുമില്ലാതെനിക്കുവയ്യല്ലോ! പിതൃഹൃദയം വിതുമ്പി.

പുതിയ നഗരത്തിലേക്കുള്ള നിരത്തുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ദൂരെ മറ്റൊരു നഗരം തങ്ങളെ കാത്തിരിക്കുന്നു. ഓരോ പ്രവാസത്തിലും നഷ്ടങ്ങളുടെ പട്ടിക നീളുന്നു.

ഗൃഹനാഥൻ – ഭർത്താവ് – പിതാവ് – ആ ഹതഭാഗ്യൻ മകനോടെന്തോ പറയുവാനെന്നപോലെ ചുണ്ടനക്കി, "ഉണ്ണീ…"

അയാളുടെ നേരെ തിരിഞ്ഞുനോക്കിയ മകന്റെ മുഖത്ത് അസ്തമയസൂര്യന്റെ കനകവർണ്ണത്തിലുള്ള രശ്മികൾ പതിച്ചു. ഈശ്വരാ… തേജസുറ്റ ഈ മുഖം… എന്നെ നരകത്തിൽ നിന്ന് ത്രാണണം ചെയ്യേണ്ടുന്ന എന്റെ മകൻ…

പരാജിതനെപ്പോലെ പിതാവ് ശിരസ്സുകുനിച്ചു. വയ്യ പറയുവാൻ വയ്യ!

മകൻ മാതാപിതാക്കളെ സൂക്ഷിച്ചുനോക്കി. അവരിരുവരിലും വാർദ്ധക്യം പടിവാതിലെത്തി നിൽക്കുന്നു. പുതിയ നഗരത്തിലെ ജീവിതത്തെ കുറിച്ച് അയാളും കേട്ടിട്ടുണ്ടായിരുന്നു. മകന്റെ നോട്ടം നേരിടാനാവാതെ പിതാവിന്റെ ശിരസ്സ് വീണ്ടും കുനിഞ്ഞു. മകൻ തെല്ലു നേരം

നിശബ്ദനായിനിന്നു. പിന്നെ, അയാൾ ജനയിതാക്കളെ പുറകിലാക്കിക്കൊണ്ട് ദ്രുതം പുതിയ നഗരത്തിലേക്കുള്ള വഴിയെ നടന്നു. പിന്നിൽ വൃദ്ധജനത്തിന്റെ കാലുകൾ തളർന്നെന്നും, അവ ഇനി തന്നെ തേടി വരില്ലെന്നും അയാൾ ആശ്വസിച്ചു.

# 18

# യക്ഷി – പൂച്ച

*(Wednesday, September 21, 2005)*

കുറച്ച് കാലം മുമ്പ്, ഞാൻ ഒരു പഴകിയ നാലു നില കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിലുള്ള ഫ്ലാറ്റിൽ ഒരു ക്രൈസ്തവ കുടുംബത്തോടൊപ്പം പാർത്തിരുന്നു. താമസിക്കുന്നയിടത്തു് നിന്ന് കഷ്ടി രണ്ടു് കിലോമീറ്റർ അകലെയായിരുന്നു എന്റെ ജോലിസ്ഥലം. അവിടെ ഞാനൊരു അമേരിക്കകാരന്റെ കീഴിൽ ജോലി ചെയ്തുപോന്നു. അയാളുടെ സൗഹാർദ്ദപരമായ പെരുമാറ്റത്താലാകണം ഞാൻ ആ കാലങ്ങളിൽ ലഘുചിത്തനായി കാണപ്പെട്ടിരുന്നു.

പാതിരാത്രിവരെ നീണ്ടുനിൽക്കുന്ന രീതിയിലുള്ള ഒരു സായാഹ്നജോലിയായിരുന്നു എന്റേത്. ജോലി കഴിഞ്ഞ് എന്റെ റൂമിലേക്കുള്ള ദൂരം ഞാൻ നടക്കുകയാണ് പതിവ്. ടാക്സിയുടെ കാശ് ലാഭിക്കാമെന്ന് മാത്രമല്ല, അധികം ഉഷ്ണമില്ലാതിരുന്ന ആ രാത്രികളിൽ നഗരത്തിൽ ചിരപരിചിതനെന്ന പോലെ നടക്കുന്നത് ആയാസരഹിതമായിരുന്നു. പകലുകളിൽ ആ നഗരത്തിൽ ഞാൻ തീർത്തും ഒറ്റപ്പെട്ടിരുന്നു; ഞങ്ങൾ പരസ്പരം അനന്യസാധാരണമാംവിധം അന്യരുമായിരുന്നു.

തിരികെ എന്റെ വാസസ്ഥലത്തേക്ക് മടങ്ങും വഴി ഇരുപത്തിനാല് മണിക്കൂറും തുറന്നിരിക്കുന്ന ഒരു സൂപ്പർമാക്കറ്റിൽ നിന്ന് ഞാൻ ലഘുപാനീയങ്ങളും ഭക്ഷണപദാർത്ഥങ്ങളും വാങ്ങിയിരുന്നു. റൂമിൽ എത്തിയിട്ടും ഒട്ടുനേരം കഴിഞ്ഞിട്ടായിരുന്നു എന്റെ ഉറക്കം. പിന്നീട് ഉച്ചയ്ക്ക് ഹോട്ടലിൽ നിന്ന് പകർച്ച കൊണ്ടു് വരുന്ന നേരം വരേയ്ക്കും ചിലപ്പോൾ അതിന് ശേഷവും ഞാൻ കിടന്നുറങ്ങിയിരുന്നു.

പതിവായി അർദ്ധരാത്രിയിൽ ഞാൻ മടങ്ങിവരും നേരം, ഞാൻ താമസിക്കുന്ന ബിൽഡിങ്ങിന്റെ തൊട്ടുതാഴെയായി ഒരു പൂച്ചയെ കാണവാറുണ്ടായിരുന്നു. ഒന്നിലധികം പൂച്ചകളെ പലപ്പോഴായി കണ്ടിരുന്നുവെങ്കിലും ഈ പൂച്ചയെ ഞാൻ സ്ഥിരമായി അവിടങ്ങളിൽ ശ്രദ്ധിച്ചിരുന്നു. നിരത്തിൽ നിന്ന് കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന വഴിയിലെ ചെരിഞ്ഞ സിമന്റ് സ്ലാബിന്റെ അരുകിലാണ് ആ പൂച്ചയെ ഞാൻ ആദ്യം കാണുക. അതിന്റെ വശത്തുള്ള ബംഗാളിയുടെ ഗ്രോസറിയുടെ മുമ്പിൽ ഒന്നിലും താൽപര്യം പ്രകടിപ്പിക്കാതെ ആ പൂച്ചയിരിക്കുന്നുണ്ടാവും.

ആ ബിൽഡിങ്ങിൽ താമസം തുടങ്ങി ഒട്ടനവധി ദിവസങ്ങൾ കഴിഞ്ഞിട്ടാണ് ബംഗാളിയുടെ അങ്ങിനെയൊരു സ്ഥാപനം അവിടെയുള്ളത് തന്നെ ഞാൻ ശ്രദ്ധിച്ചത്. കൂട്ടത്തിൽ ഈ പൂച്ചയെയും ഞാൻ കണ്ടിരുന്നില്ല. എപ്പോഴോ ഈ പൂച്ചയെ ശ്രദ്ധിച്ചു തുടങ്ങിയതിന് ശേഷം സ്ഥിരമായി തന്നെ അതിനെ അവിടെ കാണവാനും തുടങ്ങിയിരുന്നു.

അവൾ (പൂച്ച) സൗമ്യവതിയായിരുന്നു. അവൾ അവളാണെന്ന എന്റെ അറിവ് തന്നെ വെറുമൊരു ഊഹമായിരുന്നു. എനിക്കങ്ങിനെ തോന്നുവാൻ കാരണം? കാരണം അവളെന്നെ ശ്രദ്ധിച്ചു നോക്കുന്നു. രസകരമായ മറ്റൊരു വസ്തുതയെന്തെന്നാൽ എന്നെ നോക്കുന്നുവെന്ന കാര്യം അവൾ മനഃപൂർവ്വം മറച്ചു പിടിക്കുന്നു. മറ്റ് പൂച്ചകളെ പോലെ അവളെന്നെ നിസ്സങ്കോചം നോക്കിയിരുന്നില്ല.

ബംഗാളിയുടെ കടയും പിന്നിട്ട് ഞാൻ കെട്ടിടത്തിന്റെ ഉള്ളിൽ കടന്ന് ലിഫ്റ്റിന്റെ അടുത്തെത്തി തിരിഞ്ഞു നോക്കുമ്പോൾ ആ പൂച്ച ഫ്ലാറ്റിന്റെ അലുമിനിയം കവാടത്തിന് താഴെ നിൽക്കുന്നുണ്ടാവും. ഞാൻ തിരിഞ്ഞു നോക്കിയെന്നറിഞ്ഞാൽ ആ ക്ഷണം അവൾ തല താഴ്ത്തിയിരുന്നു. പിന്നെ പതിയെ കണ്ണുയർത്തി ഒന്നുകൂടി എന്നെ നോക്കിയെന്നും വരും. അതൊരു കള്ളിപൂച്ചയെന്ന് തോന്നിയില്ല, എന്റെ കൈയിൽ നിന്ന് കട്ടെടുക്കുവാൻ ഒന്നും തന്നെ അതിന് കിട്ടുമായിരുന്നില്ല.

പഴകിയ ആ കെട്ടിടത്തിലെ ലിഫ്റ്റിന്റെ കഴിവുകളെ കുറിച്ച് എനിക്ക് നല്ല ധാരണകളായിരുന്നില്ല. ഒരു ദിവസം രാത്രി അതിന്റെ പ്രവർത്തനം നിലച്ച് ഞാനതിനുള്ളിൽ കുടുങ്ങിയേക്കുമെന്ന ഭീതിയാൽ ഞാനതിൽ ഒരിക്കലും കയറിയതേയില്ല. ഞാൻ പകരം കോണിപ്പടികൾ ചുറുചുറുക്കോടെ ഓടിക്കയറി (പൂച്ച എന്റെ മുറിയേതെന്ന് മനസ്സിലാക്കുമോ എന്ന ആശങ്ക സത്യത്തിൽ എനിക്കുണ്ടായിരുന്നു.)

ഞാൻ രാത്രികളിൽ ഏറെ വൈകിയും ഉണർന്നിരിക്കുമായിരുന്നു. പകലുറങ്ങുന്നത് കാരണം ജീവിതത്തിന് കാര്യമായ താളഭംഗം വന്നിരുന്നു. ഞാനത് കാര്യമായി എടുത്തതേയില്ല. പലപ്പോഴും ഞാൻ കരുതുന്ന ശീതളപാനീയങ്ങളും ഭക്ഷണസാധനങ്ങളും എന്റെ രാത്രിജീവിതമവസാനിക്കും മുമ്പേ തീർന്നുപോയിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ചുരുക്കമായിട്ടെങ്കിലും ഞാൻ വീണ്ടും ഷർട്ടുമെടുത്തിട്ട് അടുത്തുള്ള സൂപ്പർമാർക്കറ്റിലേക്കായി പുറത്തിറങ്ങും. അതിശയമെന്നോണം ആ പൂച്ചയെ അപ്പോഴെല്ലാം ഞാൻ കോണിപ്പടികളുടെ ചുവട്ടിൽ കാണുകയുണ്ടായി.

ഞാൻ തിരികെ വരുമ്പോൾ പതിവ് പോലെ ബംഗാളിയുടെ കടയുടെ മുൻവശത്ത്, കോണിപ്പടികൾ കയറും മുമ്പ് തിരിഞ്ഞു നോക്കുമ്പോൾ എൻട്രൻസിനരുകിൽ, പിന്നെയും ഞാൻ റൂംവിട്ട് പുറത്തിറങ്ങുകയെങ്കിൽ തീർച്ചയായും കോണിപ്പടികളുടെ ചുവട്ടിലും ആ പൂച്ചയെ കാണുമായിരുന്നു. അവളുടെ ചേഷ്ടകൾ മാറ്റമില്ലാതെ തുടർന്നു. അപ്പോഴാണ് എനിക്കാദ്യമായി സംശയം വന്നത്, ഇവൾ വെറും പൂച്ചയല്ല. ഇനി ഒരു പക്ഷെ ഇവളൊരു യക്ഷിയാവുമോ? അവൾ ഒരിക്കലും കോണിപ്പടികൾ കയറി എന്റെ പുറകിൽ വന്നിരുന്നില്ല, എന്റെ റൂമിന്റെ മുൻവശത്തൊട്ട് ആ പൂച്ചയെ ഞാൻ കണ്ടിരുന്നതുമില്ല. പകൽ ഞാൻ എഴുന്നേറ്റ് ജോലിക്ക് പോകുന്ന നേരങ്ങളിലും അവൾ അപ്രത്യക്ഷയായിരുന്നു.

അത് വെറും പൂച്ചയല്ല! ഞാനുറപ്പിച്ചു. യക്ഷിയാവണമെന്നില്ല – എന്തുമാവാം – ഒരു പൂച്ചയൊഴികെ!

ആയിടെയാണ്, രാത്രി ഏറെ വൈകി ജോലി കഴിഞ്ഞ് പാതയോരത്തുടെ നടന്നു വന്നിരുന്ന എന്റെ അരുകിൽ ഒരാൾ കാർ നിറുത്തി, അയാൾ സ്വവർഗ്ഗരതിക്കാരനെ തേടുകയാണെന്ന് അറിയിച്ചത്. അയാൾ തടിച്ച് ബലിഷ്ഠനായ ഒരു മനുഷ്യനായിരുന്നു. അയാളുടെ പെരുമാറ്റത്തിൽ ഞാൻ ആദ്യം അതിശയിച്ചെങ്കിലും പൊടുന്നനെ എനിക്ക് കഠിനമായ അമർഷം തോന്നുകയുണ്ടായി. അപ്പോൾ വിജനമായിരുന്ന വഴിയരുകിൽ വച്ച് അയാളോട് കയർത്ത് സംസാരിച്ചാലുണ്ടാവുന്ന ഭവിഷ്യത്തോർത്ത് ഞാൻ വേഗത്തിൽ നടന്നകലുകയും ചെയ്തു. പിന്നീട് ഈ സംഭവം ഞാനെന്റെ ബോസിനോട് പറയുകയും അദ്ദേഹമെനിക്ക് രാത്രി തിരികെ യാത്ര ചെയ്യുവാൻ ടാക്സി ഏർപ്പാടാക്കുകയും ചെയ്തിരുന്നു.

ഫ്ലാറ്റിന്റെ തൊട്ടുമുമ്പിലെ നിരത്തിൽ, ബംഗാളിയുടെ ഗ്രോസറിയുടെ തൊട്ട് മുമ്പിലായി ടാക്സിയിറങ്ങുമ്പോൾ പിന്നീടും അവളെ (അതോ അതു പോലുള്ള മറ്റൊരു പൂച്ചയെ) ഞാൻ അവിടെ കണ്ടിരുന്നുവെന്ന് തോന്നുന്നു – പക്ഷെ എന്ത് കൊണ്ടോ ഞാൻ ആ പൂച്ചയെ ശ്രദ്ധിച്ചിരുന്നില്ല.

ഒരു കാര്യം പറയുവാൻ മറന്നു; ആ പൂച്ച കറുത്ത നിറത്തിലുള്ളതായിരുന്നു. സാധാരണ കറുത്ത പൂച്ചകളോട് എനിക്കുണ്ടായിരുന്ന ഭയം കലർന്ന വെറുപ്പ് എനിക്കതിനോടുണ്ടായിരുന്നില്ല.

# 19

# ആൽഫയും ബീറ്റയും

*(Monday, September 26, 2005)*

അപരൻ അപരനോട്: നീ കവിത എഴുതുന്നുവെന്ന് കേട്ടു?

അപരൻ: അപ്രിയസത്യം.

അപരൻ: ഹൈക്കു?

അപരൻ: (നിശബ്ദൻ)

അപരൻ: നീ കാലഹരണപ്പെട്ടിരിക്കുന്നു.

അപരൻ: (നിശബ്ദൻ)

അപരൻ: ഞാനൊരു ഹൈക്കു ചൊല്ലട്ടെ?

അപരൻ: ഒരു ഹൈക്കുവിനുള്ള സ്ഥലം എന്റെ വയറിൽ ബാക്കിയുണ്ട്.

അപരൻ: ഒരു കരിന്തിരി മുനിഞ്ഞ് കത്തുന്ന ഒരു പുരയ്ക്ക് തീകൊടുക്കുവാനും ഒരു ചുംബനത്തിനായ് നിഴലൊരുക്കുവാനും അത് പോരും!

അപരൻ: ഇത് ഹൈക്കുവല്ല! (നിഷേധി)

അപരൻ: ഇനി എന്റെ ഊഴം. ഞാനൊരു തമാശ പറയട്ടെ?

അപരൻ: (നിശബ്ദൻ)

അപരൻ: അനാദിമധ്യാന്ത കാലത്ത് രണ്ട് പരമാണുക്കൾ നടക്കുവാനിറങ്ങി (അതെ, ദിനോസറുകൾക്കും മുമ്പ്!) തലതാഴ്ത്തി ചുണ്ടിൽ അറിയാത്തേതോ ഗദ്ഗദം പേറി വന്നയാളുടെ ദേഹത്ത് രണ്ടാമൻ അറിയാതെ തട്ടീടുന്നു. അടിതെറ്റി വീണയാൾ എഴുന്നേറ്റ് നിന്ന് വിതുമ്പലുകളോടെ പറയുന്നു, എന്റെയൊരു ഇലക്ട്രോൺ നഷ്ടപ്പെട്ടിരിക്കുന്നു.

അതിശയത്തോടെ മറ്റെയാൾ, ശരിക്കും?

നഷ്ടപ്പെട്ടവൻ, അതെ, ഐ ആം പോസിറ്റീവ്.

അപരൻ: (ചിരിച്ചുവെന്ന് വരുത്തുന്നു)

അപരൻ: മറ്റൊരു ഹൈക്കു!

അപരൻ: മറ്റൊരു ഫലിതബിന്ദു!

നിങ്ങൾ ശല്യപ്പെടുത്താതെ കിടന്നുറങ്ങുവാൻ നോക്കണം! താക്കീതുമായ് ഞാൻ രംഗത്ത്.

അപരന്മാർ ഇരുവരും നിശബ്ദരായി എന്റെ ഇരുപുറവും ഉറക്കം നടിച്ച് കിടക്കുന്നു. എന്തിനെന്നില്ലാതെ വിഷണ്ണനായി അവരുടെ ഇടയിൽ, ഉറങ്ങുവാൻ കഴിയുമെന്ന പ്രത്യാശയോടെ ഞാനും.

# 20

# നെയ്പെൻസിൽ

*(Tuesday, October 11, 2005)*

“കുട്ടികൾ മുതിർന്നവരെ പോലെ പെരുമാറുന്നു.” അയാൾ എന്ന അദ്ധ്യാപകൻ പരിതപിച്ചു. എന്തുകൊണ്ട്? അയാൾക്ക് ഉത്തരവും കിട്ടി. അദ്ധ്യാപകർ മുതിർന്നവരെ പോലെ പെരുമാറുന്നു; കുട്ടികളും.

അദ്ധ്യാപകരും കുട്ടികളെ പോലെയാവണം. സ്റ്റാഫ്റൂമിൽ “പപ്പടവട” പൊട്ടിച്ചതിന്റെ ശബ്ദത്തിൽ അയാളുടെ ആവശ്യം പൊട്ടിപ്പോയി.

അയാൾ പിറ്റേന്ന് മുടി ചീകാൻ മനഃപൂർവ്വം മറന്ന് സ്കൂളിൽ പോയി. ഹെഡ്മിസ്ട്രസ്സ് തടിച്ച കണ്ണാടച്ചില്ലുകൾക്കിടയിലൂടെ കൂർപ്പിച്ചു നോക്കി. അയാൾ കുട്ടിക്കാലത്ത് സ്കൂളിൽ പോകുമ്പോൾ മുടി ചീകുവാൻ മറക്കുമായിരുന്നു.

നീണ്ട ചോക്ക് കഷണങ്ങൾ അയാൾ നിലത്തേയ്ക്കിട്ട് പൊട്ടിച്ചു. “ടക്ക്” എന്ന ശബ്ദത്തോടെ അവ പൊട്ടുമ്പോൾ അയാളുടെയുള്ളിൽ ഒരു സമുദ്രമിരമ്പി. കുട്ടികളാകട്ടെ അത് ഗൗനിച്ചതേയില്ല. കുട്ടികൾക്ക് പണ്ടത്തെ പോലെ ചോക്കുകളോട് വലിയ പ്രതിപത്തിയില്ല.

അയാൾ ക്ലാസ്സ്മുറിയിൽ ചൂളമടിയ്ക്കുവാൻ ശ്രമിച്ചു. മുതിർന്നതോടെ അതെങ്ങനെയെന്ന് അയാൾ മറന്നിരുന്നു.

മുൻ ബഞ്ചിലിരുന്നൊരു കുട്ടി, ചന്ദനത്തിന്റെ നിറമുള്ളൊരു നെയ്പെൻസിലുകൊണ്ട് സ്ലേറ്റിൽ വരയ്ക്കുന്നതയാൾ ശ്രദ്ധിച്ചു. അയാളുടെ കുട്ടിക്കാലത്ത് അയാൾക്ക് കല്ലു പെൻസിലുകളെ ഉണ്ടായിരുന്നു. ഒരിയ്ക്കൽ, ഒരിയ്ക്കൽ മാത്രം അങ്ങനെയൊരു നെയ്പെൻസിലുകൊണ്ട് അയാൾ സ്ലേറ്റിൽ എഴുതിയിട്ടുണ്ട്.

നിനച്ചിരിക്ക്യാതെ ബെല്ലടിച്ചു. കെട്ടഴിഞ്ഞ പട്ടങ്ങൾ പോലെ കുട്ടികൾ ക്ലാസ്സ്മുറിയുടെ പുറത്തേക്ക്. അയാൾ അവരുടെയൊപ്പം ഓടിയില്ല.

തുണികൊണ്ടുള്ള തോൾ സഞ്ചിയിലേക്ക് അയാളുടെ കൈകളിറങ്ങി ചെന്നു. നെയ്പെൻസിലിന്റെ നനവ് അയാളറിഞ്ഞു. ക്ലാസ്സിൽ നിന്നിറങ്ങി വരുമ്പോൾ അയാൾ ഇടതുകൈ ചുരുട്ടിപ്പിടിച്ചിരുന്നു. അയാളുടെ കാലുകൾക്ക് അയാളറിയാതെ വേഗത കൂടി. അവ മെല്ലെ വിറച്ചിരുന്നു. അയാൾ അപ്പോഴോർത്തില്ല, പിന്നീടെപ്പോഴുമോർത്തില്ല, അയാൾ മുതിർന്നുവെന്ന്.

മാസങ്ങൾക്ക് മുമ്പെപ്പോഴോ മലയാളവേദിയിൽ എഴുതിയത്, പഴയ ഇമെയിലുകൾ തിരയുന്ന വേളയിൽ ഈയടുത്ത് കളഞ്ഞുകിട്ടിയത്.

# 21

# ഐഡെന്റിറ്റി

*(Sunday, October 16, 2005)*

അന്ന രാവിലെ തികച്ചും അവിചാരിതമായാണ് ഞാൻ അയാളെ കാണുന്നത്. കണ്ടുമറന്ന ഒരു മുഖം. ഞാൻ തെല്ലൊരാശ്ചര്യത്തൊടെ തിരിഞ്ഞുനോക്കുകയുണ്ടായി. അയാളിലും അതേ മുഖഭാവം.

ഒരു പക്ഷെ അയാൾ എന്നോട് ആ ചോദ്യം ചോദിക്കും മുമ്പെ ഞാൻ അയാളോട് ചോദിക്കുകയുണ്ടായി:

അയാളുത്തരം പറഞ്ഞു, ഞാനതിശയിച്ചു. പക്ഷെ തികച്ചും സ്വാഭാവികം മാത്രം; അയാൾക്കെന്റെ പേരുണ്ടാവാം. തികച്ചും സ്വാഭാവികം, ഞാൻ വീണ്ടും സ്വയം പറഞ്ഞു.

നാട്? ആ ചോദ്യത്തിനുത്തരമായി അയാളെന്റെ ഗ്രാമത്തിന്റെ പേറ് പറഞ്ഞു.

ഇതിലല്പം അസ്വഭാവികതയില്ലേ? പിന്നെ പിന്നെ എന്തെല്ലാം. ഈശ്വരാ ഇയാളെന്തെല്ലാമാണ് പറയുന്നത്? ഞാനതിശയിച്ചു.

നിങ്ങൾ പഠിച്ചത് ഇവിടെയല്ലേ? എനിക്കറിയുന്നയിടങ്ങളൊന്നുമാവല്ലേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

അയാൾ വാചാലനായി: ആകാശം മുട്ടെ വളർന്നു നിൽക്കുന്ന ഉറുണ്യേൻ മാവിന്റെ തണലിലെ വിദ്യാലയത്തിൽ 5 വർഷം... പിന്നെ... പിന്നെ...

ദൈവമേ! ഇതു വല്ലാത്ത നിസ്സഹായത.

മറ്റീരിയൽ വേൾഡ്! ഒരുപാട്ട് നിഴലുകൾ പൂർവ്വകാലങ്ങളിലേക്ക് വീണുകിടക്കുന്ന യാഥാർത്ഥ്യങ്ങളുടെ ലോകം. അതിനെക്കുറിച്ച്? വീണ്ടും പ്രാർത്ഥനയോടെ ഞാൻ ചോദ്യങ്ങൾ ചോദിക്കുന്നു.

അയാൾ തന്നെ കുറിച്ചു പറഞ്ഞു. അല്ല, എന്നെ കുറിച്ചു പറയുന്നു! ഞാൻ ശബ്ദം നഷ്ടപ്പെട്ടവനായി.

ഈശ്വരാ ഇതെന്ത് ഭ്രാന്തു പിടിച്ച ലോകം!

അയാളും പിറുപിറുത്തു: ഈശ്വരാ ഇതെന്ത് ഭ്രാന്തു പിടിച്ച ലോകം!

എന്തിനാണ് നിങ്ങളങ്ങിനെ പറയുന്നത്? ഞാൻ തികച്ചും ജിജ്ഞാസാപൂർവ്വം ചോദിച്ചു.

തിരിഞ്ഞു നടന്നുകൊണ്ട് അയാൾ, ശെടാ ഈ മനുഷ്യൻ എന്നെക്കുറിച്ചെന്തെല്ലാം ചോദിച്ചു മനസ്സിലാക്കിയിരിക്കുന്നു. ഞാനോ മടയൻ, എന്തെല്ലാമോ പറഞ്ഞിരിക്കുന്നു... നാളെ ഇയാളെന്റെ ഐഡെന്റിറ്റി മോഷ്ടിക്കില്ലെന്നാരുകണ്ടു!

# 22

# ഓർമ്മ

*(Saturday, November 05, 2005)*

കൃത്യമായെന്തെങ്കിലും ഓർക്കുവാൻ കഴിയുന്നുണ്ടോ?

ചിലതെല്ലാം. നേർത്ത്, എന്താ പറയുക, ഇലകളിൽ ശിശിരത്തിലെ പുലരികളിൽ കാണുന്ന മഞ്ഞുതുള്ളികളുണ്ടല്ലോ അവ പോലെ... അവയ്ക്കെന്താണ് പറയുക? ഓർമ്മയുണ്ടോ? എനിക്കെന്തോ ഓർക്കുവാനാകുന്നില്ല.

തുടരാം ല്ലെ?

ആരോ കൈവിരലുകളിൽ മുറുക്കെ പിടിച്ചിട്ടുണ്ട്. തീർച്ചയായും രക്ഷിതാക്കളിലാരെങ്കിലും ആവാതിരിക്കില്ല.

കാലുകൾ ഉയർത്തി നടക്കു ഉണ്ണീ.

അപ്പോൾ മുക്കുറ്റിപൂവുകളുടെ നനവെങ്ങിനെയറിയും?

തൊട്ടാവാടിയുടെ മുള്ളുകൊള്ളുന്നതിലും ഭേദമല്ലേ?

ആണോ? ശൈശവത്തിൽ ഉത്തരങ്ങളുണ്ടായിരുന്നില്ല. ചോദ്യങ്ങൾ മാത്രം.

നല്ല മണം!

മഴ പെയ്തിരുന്നു. അതിന്റെയാണ്.

മഴയ്ക്കെങ്ങിന്യാ മണം?

പിന്നെ അറിഞ്ഞു. പിന്നീടാരോ പറഞ്ഞു തന്നു – പുതുമഴയുടെ ഗന്ധത്തെ കുറിച്ച്.

അതേത് പൂവാണ്?മാറ്റാരുടേയോ കൈകളിൽ തൂങ്ങി നടക്കുമ്പോൾ ചോദിച്ചതോർക്കുന്നു.

നന്ത്യാർവട്ടം. സത്യമായും ആ പൂവെങ്ങിനെയിരിക്കുമെന്ന് ഞാനിപ്പോൾ ഓർക്കുന്നില്ല. നിങ്ങളോ?

ഈ പുല്ലാനിക്കാട്ടുകൾകൊണ്ട് ആർക്കെങ്കിലും പ്രയോജനമുണ്ടോ?

ആരോ ചിരിച്ചു, പിന്നെ ആരോ ഉപദേശിക്കുന്ന മട്ടിൽ പറഞ്ഞു: നിനക്കു തന്നെ. ഒരു തമാശ കേട്ട സുഖത്തിൽ കൂട്ടത്തിലാരൊക്കെയോ ചിരിക്കുന്നു.

ഒളിച്ചിരുന്ന് പുറംലോകത്തെ കാണുവാനും, ആ ലോകത്തിൻ കണ്ണിൽ നിന്നൊളിച്ചിരിക്കാനും ആ കാടുകൾ ധാരാളമെന്ന് എനിക്ക് തീർച്ചയായും അറിയാം. വിശദീകരിക്കേണ്ടല്ലോ?

നിൽക്കൂ, ഞാൻ അടുക്കും ചിട്ടയുമില്ലാതെന്തോ പറഞ്ഞു പോകുന്നു. കുറച്ചുകൂടി പഴക്കമുള്ളൊരോർമ്മ; പറയട്ടെ?

അതൊരു ഗാനമാണ് – നിശബ്ദതയുടെ. അതെന്റെ ഹൃദയത്തിലേക്കൂർന്നുവീഴുന്നു, വാതിൽപ്പഴുതിലൂടെ ചൈത്രനിലാവെന്നപോലെ... എന്നിട്ടെൻ ഹൃദയത്തിലേഴുദ്വാരങ്ങളാലൊരു മുരളിയുണ്ടാക്കീടുന്നു. ഹൃദയമുരളി. കേട്ടിരുന്നുവോ നിങ്ങളാഗാനം? 1

കണ്ണുകളിൽ ശാസനാസ്വരം. ഇന്നത്തേക്ക് ഭ്രാന്തു പറച്ചിൽ ഇത്രമതിയെന്നാണോ?

ഇതുകൂടെ... നിങ്ങളെ എപ്പോഴെങ്കിലും കട്ടുറുംപ് കടിച്ചിട്ടുണ്ടോ? ഞാൻ വളരെ ചെറുപ്പമായിരുന്നു, കോണമുടുക്കാത്ത പ്രായം. ആ വേദന എനിക്കിപ്പോഴും ഓർമ്മയുണ്ട്.

സഹതാപപൂർവ്വം തിരിഞ്ഞുനോക്കിക്കൊണ്ട് ഒരു ജോടി കണ്ണുകൾ ദൃശ്യങ്ങളിൽ നിന്ന് അകന്നുപോകുന്നു.

# 23

# കാക്ക

*(Thursday, November 17, 2005)*

ദൈവമേ എന്തൊരു തുടക്കമായിരുന്നവത്. ഞാനുണരുന്നതേ കരഞ്ഞുകൊണ്ടായിരുന്നു. ദുഃഖം ഹൃദയത്തിന്റെ ഓരോ കോണുകളിലേക്കും ആഴ്ന്നിറങ്ങുന്നവല്ലോ. ഞാൻ പൊട്ടിക്കരയുവാൻ തുടങ്ങി.

സന്ധ്യക്ക് ഇരുട്ടാദ്യം ചേക്കേറുന്നതീ മരച്ചില്ലകളില്ലല്ലോ! ഇരുട്ടിൽ കാണാതെ പോകുന്ന ഞാൻ – എന്റെ ഉദരത്തോട്ട് ചേർന്നുകിടന്ന, എന്റെ ചൂട്ട് തട്ടി ഒരു രാത്രി വളർച്ചകൊണ്ട ജീവന്റെ തുടിപ്പിനെ അറിയാതെ പോകുന്ന ഞാൻ.

നനുത്ത തോടിനുള്ളിൽ ജീവന്റെ കോശങ്ങൾ – കൊക്കുരുമി നോക്കുന്ന പകുത്തെടുക്കുവാൻ; തമ്മിലൊട്ടും തിരിച്ചറിയുന്നില്ല – ദൈവമേ അതെന്റെ പിഴ. ഇനി ഞാൻ പകലറുതിതോറും എന്റെ ചൂട്ടും ചൂരും കൊടുത്ത്, എന്റെ മനം കൊടുത്ത്, വളർത്തിയെടുക്കേണം ഈ ഭ്രൂണവും കൂടെ... പിന്നെയൊരുന്നാൾ വിരിഞ്ഞു പുറത്തുവരുന്നൊരുണ്ണിയെ തീറ്റി കൊടുത്തു വളർത്തേണം; പിന്നെ സ്വരം നന്നെന്നു തിരിച്ചറിഞ്ഞു കൊത്തിപ്പുറത്തേണം. ഇവയിലെന്റെ ചോരയിൽ പിറന്ന ഉകുണങ്ങളേത്? തമ്മിലൊട്ടും തിരിച്ചറിയുന്നില്ലല്ലോ – ദൈവമേ അതെന്റെ പിഴ.

ഞാനീ മരച്ചില്ലയിലിരുന്ന് കരയട്ടെ:

ഇമ്പമാർന്നൊരു സ്വരം അഴകാർന്ന ദേഹം വരേണ്യതയുടെ ലോകം അവർക്കിരുന്ന് പാട്ടുവാൻ ഒരായിരം പൂമരച്ചില്ലകൾ

ദൈവമേ ഞാനെന്താകുന്നു?

എന്റെ പാളുന്ന നോട്ടം എന്റെ കറുപ്പിന്റെ അഭംഗി എന്റെ ഭിക്ഷാടനം എന്റെ സ്വരം എന്റെ കരയുന്ന സ്വരം

ദൈവമേ എന്റെ കണ്ണ്! ഞാനിതാ കാലുകളിടറി ഭൂമിയിലേക്ക് വീഴുന്നു. എന്റെ ഹൃദയത്തിലേക്കിരുട്ട് കേറും മുമ്പേ ഞാനെന്റെ ചിറകടിച്ചുയരട്ടെ. ദൈവമേ ഞാനിതാ ഭൂമിയിൽ വീണ് മരിക്കുവാൻ പോകുന്നുവെന്നോ? എന്റെ തളരുന്ന ചിറകുകൾ വീശിയടിച്ച് ഞാനുയരട്ടെ ഉയരട്ടെ...

എന്റെ മരച്ചില്ലകളെവിടെ? കൂടെവിടെ? എന്റെ ആകാശമെവിടെ? ദൈവമേ എന്റെ ആകാശ മെവിടെ... ആകാശമെവിടെ?

അടുക്കളപ്പുറത്തുനിന്ന് പല്ലുതേച്ചുകൊണ്ടിരുന്നൊരു പെൺകുട്ടി അത്യധികം വ്യസനത്തോടെ, വായിൽ നിന്ന് വിരലുകൾ പുറത്തെടുക്കുവാൻ മറന്ന നിൽപ്പോട്ട് കൂടെ തന്നെ ഗദ്ഗദപ്പെട്ടു: അമ്മേ ഏട്ടനിതാ ഒരു കാക്കയെ എറിഞ്ഞുവീഴ്ത്തി.

# 24

# ഗുരു

*(Sunday, December 11, 2005)*

ഒരു പ്രഭാതത്തിൽ ഗുരുവും ശിഷ്യനും യാത്രയ്ക്കിറങ്ങി. നടന്നു നടന്നവർ ഒരു മലയുടെ താഴ്വാരത്തിലെത്തി. ഗുരു ശിഷ്യനോടായി പറഞ്ഞു: ഉണ്ണീ, നമുക്കീ മലകയറാം.

ശിഷ്യന് സമ്മതമായിരുന്നു.

അടിവാരത്തിൽ നിന്നൊരു പാറ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗുരു ആവശ്യപ്പെട്ടു: ഉണ്ണിയിതു് ഉരുട്ടി മലമുകളിൽ എത്തിക്കുക.

ശിഷ്യന് ആശ്ചര്യമോ പ്രതിഷേധമോ തോന്നിയില്ല. താൻതന്നെയാണ് ഗുരുനാഥന്റെ പ്രിയ ശിഷ്യൻ – ഗുരവേ നമഃ

ഗുരുവും ശിഷ്യനും മല കയറുവാൻ തുടങ്ങി. ഗുരു പതിഞ്ഞ സ്വരത്തിൽ സാരോപദേശങ്ങൾ ശിഷ്യനായ് ചൊല്ലിക്കൊടുത്തു. അതിലേറെയും ദർശനങ്ങൾ ശിഷ്യനറിവുള്ളതുമായിരുന്നു.

ഇനിയും ഉയരെയെന്ന് തലയുയർത്തി നിൽക്കുന്ന മലമുകളിലേക്ക് ഈ പാറ ഉരുട്ടിക്കയറ്റുന്നതു് പോലും എന്തിനെന്ന് ശിഷ്യനറിയാം. ഗുരു തന്നെ പണ്ടൊരിക്കൽ പറയി പെറ്റൊരു ഭ്രാന്തന്റെകഥ ശിഷ്യന് പറഞ്ഞു കൊടുത്തിട്ടുണ്ട്. ശിഷ്യൻ ഗൂഢം മന്ദഹസിച്ചു.

ഒടുവിൽ വെയിലാറി തുടങ്ങുമ്പോഴേയ്ക്കും അവർ മല മുകളിലെത്തി. ശിഷ്യന് തിടുക്കമായി; പാറ താഴേക്കുരുട്ടിയിടുവാനുള്ള ആജ്ഞയ്ക്കയാൾ കാതോർത്തു.

മന്ദഹസിക്കുന്ന മുഖത്തോടെ ഗുരു ശിഷ്യനോടായി പറഞ്ഞു: ഉണ്ണീ നീയെന്റെ പ്രിയശിഷ്യനാകുന്നു. നിന്റെ പ്രയത്നങ്ങൾ എനിക്ക് തെളിപ്പെടുകയും ചെയ്തതാണല്ലോ. എന്റെ ആശ്രമത്തിന് ഗുരുവായ് നീ തന്നെ ഭവിക്ക – ഞാനിവിടെ ഈ മലമുകളിൽ സമാധിയാകട്ടെ.

ശിഷ്യൻ പരിഭ്രമിച്ചു; പിന്നെ ഗുരുപ്രസാദം തേടി സാഷ്ടാംഗം പ്രണമിച്ചു. യാത്ര പറഞ്ഞു് മലയിറങ്ങും മുമ്പേ ശിഷ്യന് ചോദിപ്പാതിരിപ്പാൻ കഴിഞ്ഞില്ല.

ഗുരോ അങ്ങേയ്ക്കെന്തിനീ ഉപലം?ശിഷ്യന്റെ ചോദ്യം അർദ്ധോക്തിയിൽ വിരമിച്ചു.

ഗുരു മന്ദഹസിച്ച്, തുടർന്നിപ്രകാരം പ്രതികരിച്ചു: ഉണ്ണീ, നീയീ മലയിറങ്ങി താഴ്വാരത്തിലെത്തവേ തിരിഞ്ഞു നോക്കുക. ഇത്രമേൽ ഉയരത്തിലേക്ക് നീ ശ്രമപ്പെട്ടെത്തിച്ച ഈ ഉപലം അവിടെ നിന്ന് കാണുവാൻ ശ്രമിക്കുക – നാമെല്ലാം എത്ര നിസ്സാരരെന്ന് നിനക്കപ്പോൾ മനസ്സിലാവും.

ഗുരു കണ്ണുകളടച്ച് ധ്യാനനിമഗ്നനാകവേ ശിഷ്യനോടായി അരുളി, മംഗളം ഭവന്തു!

# 25

# ആകാശവും നക്ഷത്രങ്ങളും

*(Thursday, January 19, 2006)*

ഒരുനാളൊരു വിഷാദരോഗി ആകാശത്തെയും നക്ഷത്രങ്ങളെയും നോക്കി പറയുകയുണ്ടായി

നിശയുടെയേതോ ശപ്തയാമത്തിൽ പൊഴിഞ്ഞു വീണ പുഷ്പങ്ങളാണീ നക്ഷത്രങ്ങളെന്ന്. നിഴൽ വീണ കൺതടങ്ങളുള്ള ഒരു നിരാശാകാമുകൻ

നക്ഷത്രങ്ങൾ, അയാൾക്ക് നഷ്ടപ്പെട്ട ദീപ്തനേത്രങ്ങളെ ഓർമിപ്പിക്കുന്നുവെന്നു പറഞ്ഞു. ഹാ കഷ്ടം! അവയെനിക്ക് നഷ്ടമായല്ലോ. അയാൾ വിലപിച്ചിരുന്നു. ഒരു കവി പാടി

ശ്യൂനമായ രാവിന്റെ മച്ചുകളിൽ ആരോ തെളിയിച്ചീടുന്ന മായാദീപങ്ങളീ നക്ഷത്രങ്ങളെന്ന്. ആസ്വാദകർ അത്ഭുതപ്പെടുന്നു, എന്തൊരു ദാർശനികതയെന്ന്.

രാവേറെ ചെന്നിട്ടും ഉറക്കം അന്യംനിന്നിരുന്ന ഒരു വേളയിൽ

നക്ഷത്രങ്ങൾ മൺമറഞ്ഞ പ്രിയരുടെ മുഖം ഓർമ്മിപ്പിക്കുന്നു. അപ്പോൾ കവിൾ തടത്തിലേക്കൊഴുകിയിറങ്ങിയ ഒരു തുള്ളി കണ്ണുനീരിൽ ഒരു കൊച്ചുനക്ഷത്രം തിളങ്ങി. വിസ്മൃതിയിൽ നിന്നേതാനും വാക്കുകൾ പെറുക്കിയെടുത്ത്

ആകാശത്തിലെ നക്ഷത്രങ്ങൾ ഗൃഹാതുരത്വത്തിന്റെ പാലപ്പൂവുകൾ പൊഴിയുന്നതുപോലെയെന്ന് ഏതോ പ്രവാസി ഇരുട്ട് തളംകെട്ടി നിൽക്കുന്ന കണ്ണുകൾ അനന്തതയിലേക്ക് തുറന്നുപിടിച്ചുകൊണ്ടൊരാൾ പറയുകയുണ്ടായി

ആകാശത്ത് നക്ഷത്രങ്ങൾ ഇല്ലെന്ന്. ജനം അയാളെ അന്ധനെന്ന് വിശേഷിപ്പിച്ചിരുന്നു.

# 26

# ഓർമ്മക്കുറിപ്പുകൾ

*(Tuesday, January 24, 2006)*

ഞാനന്നു തൃശ്ശൂരിൽ പഠിക്കുന്ന കാലമായിരുന്നു. നിത്യേന അറുപതു മൈലോളം നിന്നും ഇരുന്നുമായിട്ടുള്ള ബസ് യാത്ര. യാത്രയിൽ ഇരിക്കുവാനൊരിടം ലഭിക്കുന്നത് മഹാസൗഭാഗ്യമായി തോന്നിയിരുന്ന ദിവസങ്ങൾ. കുന്ദംകുളം അങ്ങാടിയിൽ നിന്നു ബസ്സിറങ്ങി–കേറിയപ്പോൾ എന്റെ അടുത്ത് കുറച്ചധികം വയസ്സുള്ള ഒരാൾ വന്നിരുന്നു. ആളെ തിരിച്ചറിഞ്ഞതിനാൽ, അദ്ദേഹത്തിനു ഇരിക്കുവാൻ കുറേക്കൂടി സൗകര്യമുള്ള സ്ഥലം നൽകിയേക്കാം എന്നു കരുതി, ഞാനെന്റെ സീറ്റൊഴിഞ്ഞു ഇടുങ്ങിയ ഒരിടത്തേയ്ക്ക് നീങ്ങിയിരുന്നു. ഈ പ്രവർത്തിയിൽ പ്രീതനായതുകൊണ്ടോ എന്തോ അദ്ദേഹം ലഘുചിത്തനായി കാണപ്പെട്ടിരുന്നു. എന്നോട് അദ്ദേഹം യാത്രയിലുടനീളം ഒട്ടധികം സംസാരിക്കുകയും ചെയ്യുകയുണ്ടായി. ഞങ്ങൾക്കിറങ്ങേണ്ടയിടവും ഒന്നു തന്നെ, അത് എനിക്കു തീർച്ചയുള്ള രഹസ്യമാണ്. പ്രമേഹത്താൽ കാലിൽ വ്രണം വന്നതു ചുറ്റിക്കെട്ടിയിരിക്കുന്ന പാടിൽ നിന്നും തൊട്ടുമുമ്പിലെ സ്റ്റോപ്പിൽ അദ്ദേഹം ഇറങ്ങുവാനുള്ള ഞാൻ നേരത്തെ തള്ളിക്കളഞ്ഞിരുന്നു. യാത്രചെയ്ത നേരമത്രയും ചിരപരിചിതനെപ്പോലെ സംസാരിക്കുകയും, വഴിയിലെവിടെയും ഇറങ്ങിപ്പോവാതിരുന്നതിനാലും, ഒരേ നാട്ടുകാരെന്നു തീർച്ചയായതിൽ ഭവിച്ച ശങ്കയോടെയാവണം, “കുട്ടി ഏത് വീട്ട്ല്യാ?” എന്നൊരു ചോദ്യം അദ്ദേഹം എന്നോടു ചോദിക്കയുണ്ടായതു്. എന്റെ മറുപടി കേട്ട് അദ്ദേഹം സ്തബ്ധനായിരിക്കണം, അല്ലെങ്കിൽ നിരാശനായിക്കാണുമായിരിക്കും. ഞങ്ങൾക്കിറങ്ങേണ്ട ഇടമായപ്പോൾ ഒന്നും പറയാതെ, ഒന്നു തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ അദ്ദേഹം ഇറങ്ങിപ്പോവുകയാണുണ്ടായത്.

പ്രത്യേകിച്ചൊരു ഭാവമാറ്റങ്ങളുമില്ലാതെ ഞാൻ മറുപടിയായ് പറഞ്ഞത്, തീർച്ചയായും അദ്ദേഹത്തിനറിയാവുന്ന ഗൃഹനാമമാണ്. പ്രസ്തുത കുടുംബത്തിലേതെന്നു നാടൊട്ടുക്കും തിരിച്ചറിയപ്പെടുന്നവനും, കൂട്ടുകുടുംബവ്യവസ്ഥിതി അന്യംനിന്നെങ്കിലും അടിയന്തരങ്ങളിൽ കാരണവസ്ഥാനം അലങ്കരിക്കുന്ന വ്യക്തിയാണ് ഇപ്പോൾ ഇറങ്ങിപ്പോയതു്. ഞാനാകട്ടെ, അദ്ദേഹത്തിന്റെ സഹോദരീ പൗത്രനും. കുരുത്തുതുടങ്ങുന്ന മീശയും ചുണ്ടിൽ അകാരണമായൊരു പുഞ്ചിരിയുമായി അദ്ദേഹത്തിനു തൊട്ടുപിന്നിൽ ഞാനും ബസ്സിറങ്ങിയിരുന്നു. അവിടെ തണലായി നിന്നിരുന്ന അരളിമരം വാടിയ ചുവന്ന പൂവുകൾ നിലത്ത് കൊഴിച്ചിട്ടിരുന്നു.

വീട്ടിൽ വന്ന് നിസാരമട്ടിൽ ഈ കാര്യം പറഞ്ഞപ്പോഴാകട്ടെ അങ്കലാപ്പും, അസഹിഷ്ണുതയും, ആശങ്കകളുമായിരുന്നു ബന്ധുജനങ്ങളിലെല്ലാം. ”ചെന്നു മാപ്പു പറയൂ“ എന്നാവശ്യപ്പെടുന്ന

ഘട്ടമെത്തിയപ്പോൾ ഞാൻ അവിടം വിട്ട് എഴുന്നേറ്റ് പോകുകയാണുണ്ടായത്.

'അമ്മാമ തിന്നാൻ വരും', 'മൂക്കത്താ ശുണ്ഠി' 'എന്ത്യേന്നൊരു വിള്യാണ്, മൂത്രം പോവും" "ഗർജ്ജിക്ക്യാ ചെയ്യാറ്" ചെറിയമ്മയിൽ നിന്നും അമ്മയിൽ നിന്നുമെല്ലാമായി ഇത്രയെല്ലാം പലവട്ടം കേട്ടറിഞ്ഞിട്ടുള്ളതാണ്. അവർക്ക് അങ്ങിനെയൊരു അമ്മാവൻ ഉണ്ടായിരുന്നു. എനിക്ക് ഓർമ്മ വയ്ക്കുന്നതിനും മുമ്പേതോ കാലത്ത് തറവാടിൽ നിന്നു ഭാഗംസ്വീകരിച്ച് വേറെ വീടുപണിതു താമസിക്കുന്നവർ. നഷ്ടങ്ങളുടെ കണക്ക് നിവർത്തുമ്പോൾ അന്യാധീനപ്പെട്ട സ്വത്തുക്കളെക്കുറിച്ച് പറയുന്ന വീട്ടിലെ സ്ത്രീകൾ, അപഹരിച്ചെടുത്തവരെക്കുറിച്ച് പറയുന്നു, ചിലപ്പോഴെല്ലാം കുട്ടികൾ കേൾക്കുവാൻ പാടില്ലാത്ത ചില സ്വകാര്യങ്ങൾ പറയുന്നു. അതിലെല്ലാം ഈ അമ്മാവനുണ്ട്. ഇണങ്ങിയും പിണങ്ങിയും കഴിയുന്ന സഹോദരകുടുംബത്തിനോട് ആത്മാർത്ഥതയും അതിനുമപ്പുറം സ്നേഹമസൃണമായ വികാരങ്ങളും കാണിക്കുന്ന അമ്മമ്മ, അവർ ഇത്രയും താഴ്ന്നു കൊടുക്കേണ്ടതില്ലെന്നഭിപ്രായക്കാർ മറ്റു സ്ത്രീജനങ്ങൾ.

വളരെ ചെറുപ്പത്തിലേതും എനിക്ക് വ്യക്തമായിട്ടോർമ്മയുള്ളതും ആയ ഒരു വിഷുക്കാലവും ഒരു ചോദ്യവുമുണ്ട്. ഇന്ത്യൻ പോസ്റ്റൽ സംവിധാനം നിലവിൽ വന്നതിനുശേഷം ഒരു ശരാശരി വിദ്യാർത്ഥി ആദ്യമായി നേരിട്ടിട്ടുള്ള ഏറ്റവും സാധാരണ പൊതുവിജ്ഞാനചോദ്യം. ഒരു വിഷുക്കേട്ടം എളുപ്പം തരമായി എന്നൊരു രസികൻ ചിന്തയാൽ ഞാൻ അക്ഷരങ്ങൾ എണ്ണിപ്പെറുക്കി പറയുന്നു.. ആറ്, ഏഴ്, ഒമ്പത്, അഞ്ച്.. ഭയഭക്ത്യാദരങ്ങളോടെ "പറഞ്ഞുകൊടുക്കു ഉണ്ണീ" എന്നൊരു പ്രോത്സാഹനവുമായി ചുറ്റും നിന്നിരുന്ന സ്ത്രീജനങ്ങളെയും എനിക്ക് വ്യക്തമായിട്ടോർമയുണ്ട്. അന്നൊന്നും ഗർജ്ജിക്കുന്ന ഒരു അമ്മാമയെ പറ്റി എനിക്കറിവുണ്ടായിരുന്നില്ല.

അമ്മവൻ മരിച്ചു എന്നറിഞ്ഞപ്പോൾ എന്റെ അമ്മ ആദ്യം വന്നു എന്നോടാവശ്യപ്പെടുകയുണ്ടായത് 'അമ്മാമടെ ശവമെടുക്കാൻ കൂടണം" എന്നായിരുന്നു, ശിഷ്ടമുള്ള സ്ത്രീകളും ഉടൻ അമ്മയ്ക്ക് പക്ഷം ചേരുകയുണ്ടായി. സ്ത്രീപക്ഷത്തിന്റെ എതിർപ്പും, കണ്ണീരും, പ്രാർത്ഥനയും, "ശാപണ്ടാവൂട്ടോ" എന്ന ഭീഷണിയും അവഗണിച്ചു തൃശൂരുള്ള എന്റെ സുഹൃത്തിന്റെ താവളത്തിലേക്ക് ഞാൻ പറന്നുപോവുകയാണുണ്ടായതു്. അന്നു രാത്രി, ഇന്തോളജിസ്റ്റ് ആയ ഒരു സ്വീഡങ്കാരന്റെ മകൾ സോഫിയയുമായി യാഹൂവിൽ പുലരുവോളം ഞാന് ചാറ്റ് ചെയ്തിരുന്നു.

എന്റെ മനസ്സിൽ ക്രൂരവികാരങ്ങളോ, വിദ്വേഷചിന്തകളോ ഉണ്ടായിരുന്നില്ല, എന്റെ മനസ്സിൽ ഭാരമൊന്നും അവശേഷിപ്പിക്കാതെ വേണ്ടപ്പെട്ടൊരാൾ ജീവിച്ചു മരിച്ചുവെന്നു സമാധാനിച്ചു. അതിനുമപ്പുറം എന്തോ ഉള്ളതുകൊണ്ടാവണം ഇന്നിപ്പോൾ ഇത്രയും എഴുതിയതു്, അതുമാത്രമല്ലെന്നു എനിക്ക് പ്രസ്താവിക്കുകയും ചെയ്യേണ്ടതുണ്ട്:

ഒട്ടുമിക്ക മലയാളികളും വായനയുടെ ആദ്യകാലത്തുതന്നെ എം.ടിയെ വായിച്ചിരിക്കും. ഒരു പക്ഷെ വായന വളരുന്നതോടെ, "ക്ഷയിച്ച തറവാടിന്റെയും, ക്രൂരനായ അമ്മവന്റെയും, നശിച്ച പ്രണയത്തിന്റെയും" ആവർത്തനമെന്ന ആരോപണത്തിൽ ഇടംനൽകി അഗണ്യനെന്നു അവജ്ഞയോടെ പഴിച്ചുപോകുന്നതും അദ്ദേഹത്തിനെ തന്നെയാവണം. നേരത്തെ വിവരിച്ച സന്ദർഭങ്ങളിലൂടെയെന്നു കരുതുന്നു, കഥാപാത്രങ്ങളോടു തോന്നിയിരുന്ന തന്മയീഭാവം എന്നെ എം.ടിയുടെ ഒരു ആരാധകനാക്കിയിരുന്നു. പിന്നെയും വായന വളർന്ന് ഖസാക്കിലെത്തിനിൽക്കുന്നു. നിഷേധാത്മകത ഹീറോയിസത്തിന്റെ കാതലാണ്, രവിയെപ്പോലെ ഒരു നിഷേധിയെ ഞാൻ വായിച്ചിട്ടില്ല. ഖസാക്കിന്റെ പ്രശസ്തിയിൽ വിജയന്മാഷിന്റെ ഗദ്യത്തിനുള്ളത്രയും പ്രാധാന്യം രവിയുടെ നിഷേധങ്ങൾക്കുമുണ്ടെന്നാണ് എന്റെ വിലയിരുത്തൽ. ആത്മനിന്ദയും, തങ്കാര്യം പോരിമയുമെല്ലാം വിഷയമാക്കിയ എം.ടി പിന്നിരയിലേക്ക് തള്ളപ്പെടുന്നതു് സ്വാഭാവികം. വായനശീലമാക്കിയവർക്ക് പുസ്തകങ്ങൾ എന്നും കണ്ണാടിയായിരുന്നുവല്ലോ! കണ്ണാടിയിൽ നോക്കുന്നവരാകട്ടെ, തങ്ങൾക്ക് അനുയോജ്യമായ പ്രതിബിംബങ്ങൾ തിരയുകയും ചെയ്യുന്നു.

കഷായിത്തിൽ കയ്പ്പിനു ഇരട്ടിമധുരം എന്തിനാ അധികം? ഒരു നല്ലുമതി. ജീവിതഗന്ധിയായ ഈ വിവരണങ്ങളും അതിനവസാനം അല്പം കാര്യവും ചിന്തകളും എഴുതിയിടുന്നതു് മറ്റൊരു

സാധാരണ പകലിന്റെ ഒടുവിലാണ്. പണ്ടു ഉല്ലാസ്.നായർ എന്നൊരു വിദ്വാൻ തർജ്ജനിയിൽ എഴുതിയതു വായിച്ചതിനുശേഷം ചിന്തിച്ചുകൂട്ടിയതാണു ഇതെല്ലാം. ഇപ്പോഴെ, സൗകര്യപ്പെട്ടുള്ളൂ ഒന്നെഴുതി വയ്ക്കുവാൻ. കുറേക്കൂടി വിശദമായി ഒരു പഠനം പിന്നെ ഒരു ദിവസമാകാം, ഖസാക്കിലെ മിത്തും, ഗുരുസാഗരവും, കാലവും, നാലുകെട്ടുമെല്ലാം എനിക്ക് തീവ്രാനുഭവങ്ങൾ സമ്മാനിച്ച കൃതികളാണ്.

# 27

# അലിബൈ

*(February 15, 2006)**

ഇരുട്ട ചേക്കേറുന്നു; അല്ല, കാല്പനികതയുടെ മരച്ചില്ലകളില്ലല്ല. ശ്യൂനതയിലേക്ക ദ്രവ്യം വന്ന നിറയുന്നതു പോലെ, താഴ്വാരങ്ങളിൽ നിഴൽ വിരിക്കുന്ന ശ്യാമമേഘം പോലെ മനസ്സിനകത്തെ വിടെയോ ഇരുട്ട ചേക്കേറുന്ന.

കണ്ണകൾ കടയുന്നതു പോലെ തോന്നിയിരുന്ന. കുനിഞ്ഞുപോയിരുന്ന തല പ്രയാസപ്പെട്ടയർത്തി കണ്ണാടിയിലേക്ക നോക്കി. നിഴൽ വീണ കൺതടങ്ങൾ; കണ്ണകൾ ചുവന്നിരിക്കുന്നു. കണ്ണനീർ കവിൾത്തടം കടന്നൊഴുകിയിരിക്കുന്നു. മുഖം ആയാസമൊട്ടുംകൂടാതെ തന്നെ ദയാനീതമാക്കാം. കരയാം! സ്വയം പരിഹാസിതനായപ്പോൾ വാഷ്ബെയ്സിന്റെ അരികു പിടിച്ച നിവർന്നനിന്നു. കവിളിലൂടെ ഒഴുകിയിറങ്ങിയ കണ്ണീരിന് അർഥങ്ങളില്ല. കലർപ്പില്ലാതെ കരയുന്നതുപോലും വ്യർഥമോഹം. എങ്കിലും ആശ്വാസം, മുഖമൊന്ന ഭാവം മാറ്റിയാൽ, നെറ്റിയൊന്ന ചുളിച്ചാൽ, അഭിനയിക്കുന്നത് എളുപ്പമാണ്. ഞാൻ, എന്റെ കഷ്ടരാത്രികൾ – സ്വയം സഹതിപിച്ചുകൊണ്ട് ഞാനെന്റെ ഭാഗം കൃത്യമായും അഭിനയിച്ച തീർക്കുന്നു.

നിവർത്തിയിട്ടിരിക്കുന്ന സോഫയിലേക്ക മലർന്ന വീഴുമ്പോൾ –അങ്ങിനെ കരുതുവാതിരിക്കുവാൻ കഴിഞ്ഞില്ല; എന്നും മനസ്സിൽ കരുതുന്ന, ഇനിയൊരിക്കലും ഇതുചെയ്യില്ലെന്ന്, എന്നിട്ടും – കുളിമുറിയ്ക്കകത്ത് അഴുക്ക ചർദ്ദിച്ച കളയുന്ന – മനസ്സിലേതെങ്കിൽ എത്ര നന്നായിരുന്നു.

കണ്ണടച്ച കിടന്നു. ഉറങ്ങണം – അതിനവേണ്ടിയുള്ള പരിശ്രമങ്ങളെല്ലാം ഉറക്കമില്ലായ്മയിൽ കൊണ്ടുവന്നെത്തിക്കുന്നു. വയറിന്റെ അടിത്തട്ടിൽ നിന്നെന്തോ തികട്ടിവന്ന കയ്പായി തൊണ്ടയിൽ നിറഞ്ഞു. വീണ്ടും ബാത്ത്റൂമിൽ – ഇത്തവണ കണ്ണാടിയെ അഭിമുഖീകരിക്കുവാൻ ധൈര്യം വന്നില്ല. ഞാനൊരു പാപം ചെയ്തിരിക്കുന്നു – എന്റെ പ്രതിരൂപത്തിന മുമ്പിൽ പോലും അഭിനയിക്കുന്നു – എന്റെ കണ്ണനീർ തുള്ളികൾ അവനിൽ കാരുണ്യം ജനിപ്പിക്കുമെന്ന വ്യാമോഹിക്കുന്ന – ചതിയിൽ കളവുപാടില്ല, ഞാനതു മറന്നിരിക്കുന്നു; കണ്ണാടിയെന്നെയത് ഓർമ്മിപ്പിക്കാതിരിക്കില്ല. ഞാൻ മുഖം തിരിച്ച കളഞ്ഞു.

ഒടുവിൽ എപ്പോഴോ ഉറങ്ങുന്നു. അതും പതിവു ശീലം. കൺപീലികൾക്ക തൊട്ടടുത്തെന്ന പോലെ ചില ആള്രൂപങ്ങൾ ക്രമമില്ലാതെ കടന്നപോകുന്നു. അതിലൊരു ദൃശ്യം മാത്രം ഒട്ടനേരം നിശ്ചലമായിരുന്നു. ഗർഭകാലാലസ്യങ്ങളോടെ, അടഞ്ഞുപോകുന്ന കണ്ണകൾ ശ്രമപ്പെട്ട

* 2006 ജനവരിയിൽ തർജ്ജനിയിൽ പ്രസിദ്ധീകരിച്ച കഥ.

തുറന്നുപിടിച്ച് അവൾ എന്നെ ആർദ്രതയോടെ നോക്കിയിരിക്കുന്നു. അവൾ മുറുകെപ്പിടിച്ചിരിക്കുന്ന എന്റെ കൈകൾ ഒരു പ്രതിസന്ധി നേരിടുന്നു. ഏതുനിമിഷവും അവളുടെ അടിവയറ്റിൽ ഊറിക്കൂടിയ നനുത്ത ചൂടിലേക്ക് അവൾ അവയെ വലിച്ചെടുക്കുമോ എന്ന ഭീതി എന്നെ അസ്വസ്ഥനാക്കുന്നു. മനഃപൂർവമല്ലെന്നു വരുത്തി തീർക്കുവാൻ ശ്രമിച്ചുകൊണ്ടു ഞാനെന്റെ കൈകൾ തിരികേയെടുക്കുവാൻ ശ്രമിക്കുമ്പോഴെല്ലാം അവളുടെ കൈകൾ മുറുകുന്നു, കണ്ണുകൾ സജലമാകുന്നു.

വരേണ്ടിയിരുന്നില്ല, കർത്തവ്യങ്ങളിൽ നിന്നെല്ലാം ഒഴിഞ്ഞു നടക്കുന്നൊരുവന്റെ ലജ്ജയോടെ അവളുടെ മുറിയ്ക്കകത്തേക്കു കടന്നുവന്നത് ഏതു ശപിക്കപ്പെട്ട നിമിഷത്തിലാണാവോ? അവളുടെ വീർത്ത വയറിലേക്കു നോക്കാതിരിക്കുവാൻ ശ്രമിച്ചുകൊണ്ടു ഞാനാ മുറിയിൽ അലസം കണ്ണോടിച്ചിരുന്നു;ഒടുവിലെന്റെകൈപ്പടങ്ങൾ സ്വന്തമാക്കി അവൾ ശ്രദ്ധയാകർഷിക്കുന്ന സമയം വരേയ്ക്കും. അവളുടെ ഉദരത്തോട് എന്റെ കൈപ്പത്തികൾ അവൾ ചേർത്തുവയ്ക്കുന്നു – ഇപ്പോൾ അവളുടെ കണ്ണുകളിൽ സ്പഷ്ടമായൊരു ചോദ്യമുണ്ട്. ചോദ്യം ഞാൻ എടുത്തെഴുതുന്നില്ല; അതൊരാവർത്തമാണ് – എന്റെ ഉത്തരങ്ങൾ പോലെ. എങ്കിലും അവയെനിക്കു പ്രസക്തമായൊന്നാണ്; തുറന്നു പറയുവാൻ കഴിയാത്ത ഉത്തരങ്ങളെല്ലാം തന്നെ പ്രസക്തമാണ്.

ഇതെല്ലാം നടന്നിട്ടു കുറച്ചു കാലമായിക്കാണും. അവിടെ നിന്നു പോന്നിട്ടും അത്രകാലം തന്നെ. പട്ടണത്തിൽ എല്ലായ്പ്പോഴും ജോലിത്തിരക്കുകളാണ്. നിനക്ക് അറിവുള്ളതായിരിക്കുമല്ലോ? എഴുതുവാൻ തന്നെ സമയം കിട്ടുന്നില്ല. അടിയിൽ ഏതാനും ചില വാക്കുകൾ കൂടി. ഒരു സന്ദേശം അവിടെ പൂർണ്ണവിരാമം സ്വീകരിക്കുന്നു. സസ്നേഹം എന്നെഴുതിയതിന്റെ താഴെ അർത്ഥശൂന്യമായ ഒരു വര അഭംഗിയോടെ തെളിഞ്ഞു കാണുന്നതു മാത്രമാണ് ആ വരികളെ ചൊല്ലി എനിക്ക് ആകെയുള്ള ഗൃഹാതുരത്വം. ആ കത്താകട്ടെ അയച്ചതുമില്ല.

മറ്റേതോ രാത്രിയിൽ, അസംതൃപ്തമായ മറ്റേതോ നിദ്രയുടെ ഇടവേളയിൽ ഞാൻ ഒരു ശിശുവിന്റെ കൈകൾ സ്വപ്നം കാണുകയുണ്ടായി. ഇളം വിരലുകൾ; വിരൽ തുമ്പിന്റെ ഇളം ചുവപ്പുനിറം.അപ്പോൾ ജന്യമായ ഏതോകൗതുകത്താൽ ഞാൻ അവയൊന്നു തൊടുവാൻ മോഹിച്ചു. ശിശുക്കളുടെ വിരലുകളെ കുറിച്ചു വേറെന്തോ ചിലതോർത്തു – തെല്ലു മടക്കി പിടിച്ചിരിക്കുന്ന കൈപ്പത്തിയിൽ വിരലുകൾ അന്യോന്യം തൊടാതെ നിൽക്കുന്നു. ആരെങ്കിലും വിരലൊന്ന് ഇടയിൽ വയ്ക്കുകയേ വേണ്ടൂ അവനതു മുറുകേ പിടിക്കുമെന്നു തോന്നും. ഞാൻ ആ വിരലുകളെ സ്പർശിക്കുകയുണ്ടായി. തീരെ ചെറുതായ ഒരു ചെറുവിരൽ. മദ്ധ്യേ സ്വല്പം ചേർച്ചയോടു കൂടെ നിൽക്കുന്ന രണ്ടു വിരലുകൾ കൂടി. ഒരല്പം നഖം വളർന്നു നിൽക്കുന്ന ചൂണ്ടുവിരൽ. ഉമിനീർ ചുരത്തുവാൻ അവനെ പഠിപ്പിക്കുന്ന തള്ളവിരൽ; വസ്തുക്കളേയും വ്യവസ്ഥിതികളേയും തിരിച്ചറിയുന്നതിൽപിഴവു വരുത്തിയ ഒരാളെപ്പോലെ ഞാൻ അസ്വസ്ഥനാകുന്നു. അവസാനം തൊട്ട ഇളം വിരലിനു തള്ളവിരലിന്റെ വളഞ്ഞു സുന്ദരമായ ആകൃതിയില്ല. വീതി കുറഞ്ഞു പുറത്തേക്ക് തെറ്റി നിൽക്കുന്നതുപോലൊരു വിരൽ. അതിനുമപ്പുറം വഴിപിരിഞ്ഞൊഴുകി ശോഷിച്ച നദി കണക്കേ അവന്റെ പെരുവിരൽ അപ്പോഴാണു ശ്രദ്ധിക്കുന്നത്. അറപ്പാണ് ആദ്യവും അവസാനവും തോന്നിയത്. ഒരു ആറാം വിരൽ – എനിക്കതു കാണേണ്ടാ. ഞാൻ കണ്ണുകൾ ഇറുകേയടച്ചു.

ആശുപത്രികൾ എന്നാൽ ഇരുട്ടുപടർന്ന നീണ്ട ഇടനാഴികളും നരച്ച ചുമരുകളുമെന്നാണ് ഈ ഇടക്കാലം വരേയ്ക്കും ഞാൻ ധരിച്ചു പോന്നിരുന്നത്. ഇടനാഴികളുടെ വ്യക്തിത്വം മാറിയിട്ടില്ല. ഇരുട്ടിനു പകരം നിശബ്ദതയാണു മുറ്റി നിൽക്കുന്നതെന്നു മാത്രം. അനുഭവത്തിൽ ഈ രണ്ടും വ്യത്യസ്ഥത പുലർത്തിയിരുന്നില്ല.ഞാൻ അസഹിഷ്ണുതനായി.രോഗി വരാന്തയുടെ അറ്റത്തുള്ള ഏതോ മുറിയ്ക്കകത്തു വേദന തിന്നുന്നു, കണ്ണനീർ കുടിക്കുന്നു. ഇങ്ങേയറ്റത്തു മടുപ്പോടെ ഞാൻ കാത്തിരിക്കുന്നു. ഇനി ഞാനും രോഗിയുമായുള്ള ബന്ധം പറയട്ടെ – അവളെന്റെ ഭാര്യയാണ്.

മിക്കവാറും എന്റെ എല്ലാ ചെയ്തികളും അപ്രതീക്ഷിതമാണ്, ആത്മബലം കുറവുള്ളവയാണ്. പ്രത്യേകം കാരണങ്ങളോ ആവശ്യങ്ങളോ അവയ്ക്ക് ന്യായീകരണം കൊടുക്കുവാൻ ഉണ്ടാവില്ല താനും. കൈയിൽ അപരിചിതത്വം തോന്നിപ്പിക്കാത്ത ഒരു മാസികയിരുന്നിരുന്നു – അതു വാ

ങ്ങേണ്ട ആവശ്യമുണ്ടായിരുന്നുവോ? എന്റെ നിർണയനം അവ്യക്തമായ ചില കാരണങ്ങളാൽ എനിക്കു തന്നെ അപരിചിതമാണ്. എന്റെ ചുറ്റും ചിലതെല്ലാം എന്റെ അറിവോടു കൂടെയല്ലാതെ സംഭവിച്ചുപോകുന്നതുപോലെ; ചില്ലറ കൊടുത്തു ഞാനതു വാങ്ങിയെന്നു മാത്രം തിരിച്ചറിയാം. ഈ മാസിക എന്നിൽ അപരിചിതത്വം തോന്നിപ്പിക്കാത്തതാകട്ടെ അതിന്റെ പ്രസാധകരുടെ പേരെഴുതിയ കവറിൽ നിന്നു ഞാൻ പല തവണ പണം കൈപറ്റിയിരിക്കുന്നതാലാകണം. അകത്ത് ഏതാനും ചില താളുകൾക്കിടയിൽ എനിക്കു ഊഹിക്കുവാൻ കഴിയാതിരിക്കുന്ന ഒരു തലക്കെട്ടിൽ മരിച്ചുകിടക്കുന്ന വാക്കുകളുടെഒരു സമാഹാരമുണ്ട്.അതിന്റെശീർഷകത്തിനു നേരെ സൂചിപ്പിച്ചിരിക്കുന്നത് എന്റെ പേരാണെന്ന് കൂടി മനസ്സിലാക്കുവാൻ കഴിയുന്നുണ്ടെനിക്ക്.

നവഭ്രുജാതരുടെ രൂപസൗകുമാര്യത്തിൽ എനിക്കു നല്ലതായിട്ടൊരു അഭിപ്രായമില്ല. ജനനവും മരണവും സൗന്ദര്യത്തിന്റെ പ്രതീകങ്ങളല്ലല്ലോ. പരുത്തിത്തുണികൊണ്ടുള്ളതും, അവനെ മറച്ചിരിക്കുന്നതുമായ നേർത്ത പുതപ്പ് എന്റെ കാഴ്ചകൾക്കു തടസ്സമാവാതിരിക്കുവാൻ ആരോ അല്പം മാറ്റിയിട്ടു. പൂർണ്ണതയിൽ അപൂർണ്ണതയും ഭംഗിയിൽ അഭംഗിയും ദർശനത്തിൽ പ്രത്യക്ഷമത്രെ. വിരൂപിയായൊരു പെരുവിരൽ, എന്നിൽ അന്യതാബോധം ഉളവാക്കുന്ന ഒരു ആറാം വിരൽ. എനിക്കു കണ്ണുകൾ കടയുന്നു. ഭാഗ്യമാണത്രെ! അങ്ങിനെ ആരോ പറഞ്ഞിരുന്നുവോ? വയറൊഴിഞ്ഞു കിടക്കുന്നതാര്? ഞാൻ സഹതപിച്ചുകൊള്ളാം; നിനക്കു വേണ്ടി, നിനക്കു വേണ്ടി മാത്രം. ഇളം നീല നിറമുള്ള, വായുസഞ്ചാരത്തിനു സുഷിരങ്ങൾ കുറവുള്ള തുണികൊണ്ടു നവജാതനെ അഭിവസനം ചെയ്ത്, നീണ്ടു കിടക്കുന്ന ഇടനാഴികളിലൂടെ സ്വസ്ഥമായിരിക്കാവുന്നമറുപുറം തേടിഞാൻനടന്നു.

ദൃഷ്ടിയിൽ നിന്ന് അക്ഷരങ്ങൾമായുവാൻ തുടങ്ങിയപ്പോൾ ഞാൻ വായന നിറുത്തി. ദിനങ്ങൾക്കു മുമ്പു ഞാനുറങ്ങാതിരുന്ന ഒരു രാത്രിയെ കുറിച്ചോർത്തു. വാടിക്കൊഴിഞ്ഞു വീണ ഒരു പാരിജാതത്തിന്റെ ഗന്ധം എന്റെ ചുറ്റിലും നിറയുന്നതു പോലെ തോന്നി. വാക്കുകൾ ത്യജിക്കുവാനും,അക്ഷരങ്ങൾ എന്റെ സ്മൃതിയിൽ നിന്നു മായ്ക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. എന്റെ കണ്ണുകളിൽ കൃഷ്ണപക്ഷത്തിലെ രാത്രിയിലെന്നപോലെ ഇരുട്ട് ഉപവസിച്ചിരുന്നു.

ആരോ ചിലർ എന്റെ അടുത്തേക്കു വരികയും ജനനമറിയിക്കുകയും ചെയ്യുകയുണ്ടായി; അവർ തികച്ചും നാടകീയമായി എന്നോടു പെരുമാറി. ജനനവും മരണവും ഒരേ പോലെ നാടകീയമാണെന്നു സാധാരണഗതിയിൽ ഓർക്കേണ്ടിയിരുന്നത് ഞാനെന്തോ അപ്പോഴോർത്തിരുന്നില്ല. അവർ ചൂണ്ടിക്കാണിച്ച വഴിയിലൂടെ, ഫ്ലൂറസന്റ് ലാമ്പുകളുടെ പ്രകാശധാരയിൽ വിളർത്തു നിൽക്കുന്ന ചുമരുകൾക്കിടയിലൂടെ, എന്റെ കാലടികൾ വ്യക്തമായും കേൾക്കാവുന്ന, അവ പ്രതിധ്വനിച്ചു ശബ്ദായമാനമായ ഇടനാഴിയിലൂടെ ഞാൻ നടക്കുന്നുഅപ്പുറത്തെങ്ങോയുള്ള, അടഞ്ഞുകിടക്കുന്ന ഏതോ വാതിൽ മുട്ടിത്തുറക്കുവാൻ; പിതൃത്വത്തിന്റെ അധികാരഭാവത്തോടെ കയറിച്ചെല്ലുവാൻ. പിന്നിട്ട നാളുകളിലെപ്പോഴോ ചലം കണക്കേ ഊറിക്കൂടിയ അക്ഷരങ്ങൾ, ഒരു വ്രണത്തിനു ചുറ്റുമെന്നപോലെ ഉണങ്ങിക്കിടക്കുന്ന വരികൾ,ഞാൻ അധീരനാകുന്നു. എന്റെ കൈകളിൽ ഉപേക്ഷിച്ചു പോരുവാൻ മറന്നുപോയ കടലാസിന്റെ വ്യക്തിത്വം. എന്റെ മതിഭ്രംശങ്ങൾ. എന്റെ പാപഭാരം.

മനസ്സ് വിലപിക്കുന്നു, നീയോ മഹാശയൻ, നീയോ കഥാപുരുഷൻ? നിന്റെ അപൂർണ്ണ വ്യക്തിത്വം നിന്നെ ഇരുട്ടെന്ന പോലെ ദംശിക്കുന്നു, നിന്റെ ബീജത്തിൽ നിന്റെ അപൂർണ്ണത മാത്രം സ്ഫുരിക്കുന്നു. ആരോ പരിഹസിച്ചു ചിരിക്കുന്നുണ്ട്; അതു തീർച്ച. നിന്റെ അപൂർണ്ണതനിന്റെ അപൂർണ്ണതനിന്റെ അപൂർണ്ണത. എന്റെയുള്ളിൽ നിന്നാരോ വിലപിച്ചു. വിലപിച്ചു കൊണ്ടേയിരുന്നു.

വാതിൽ കടന്നുവരുന്ന എന്നെ കാണുകയുണ്ടായപ്പോൾ അവൾ മന്ദഹസിക്കുവാൻ ശ്രമിച്ചു. പിന്നെ എനിക്കു നേരെ കാണുവാനെന്നോണം നവജാതശിശുവിനെ പൊതിഞ്ഞിരുന്ന സാൽവ നീക്കപ്പെട്ടു. ഉണ്ണിയെ കാണുവാനായി അവളുടെ കട്ടിലിനോടു ചേർന്നു നിൽക്കവേ ഞാനെന്റെ കൈയിലുള്ള മാസിക മറച്ചുപിടിക്കുവാൻ ശ്രമപ്പെട്ട് എന്റെ കൈകൾ പിന്നിലേക്കകറ്റി

യിരുന്നു.ഉണ്ണി എനിക്ക് അനാവൃതമായിരിക്കുന്നു – ഞാനെന്റെ പ്രതിബിംബം ദർശിക്കുന്നു, അതാകട്ടെ എന്റെ അപൂർണ്ണതയുടെ നേർക്കാഴ്ചയാകുന്നു. എന്റെ നോട്ടങ്ങൾ തീർച്ചയായും പതറിയിരുന്നു.

എങ്കിലും

ഞാൻ തികഞ്ഞ സാംഗത്യം നടിക്കുന്നു. ഞാൻ പുഞ്ചിരിച്ചുവെന്നു വരുത്തുന്നു. എന്നിലെ എന്നെ ഞാൻ അവിശ്വസിക്കുന്നു; ഞാനെന്റെ നിശബ്ദതയിൽ നിന്ന് എന്റെ മാത്രം രഹസ്യമായവശേഷിക്കുന്ന അപ്രിയസത്യങ്ങൾ ചികഞ്ഞെടുക്കുന്നു. ഈ കഥ എനിക്ക് അലിബൈയാകുന്നു.

# 28

# തട്ടകം

*(February 18, 2006)*

കറത്തുട്ടിയെ തേടി കാറ്റു വരുന്നതു് അപ്പോൾ അതു രണ്ടാമത്തെ ഊഴമാണ്. കറത്തുട്ടിയപ്പോൾ മീൻകുട്ട ചുമക്കുകയായിരുന്നു. കാറ്റുവന്നു കീഴേക്കാവിലെ ആലിൻതുമ്പു വിറപ്പിച്ചു നിന്നു.

കറത്തുട്ടി ഉറക്കെ കൂക്കി: അയിലേയ്.

കറത്തുട്ടി നരിമാളൻ കുന്നു കയറി. അവിടെ നിന്നാൽ തൂത്താലപ്പുഴ കാണാം. കീഴേക്കാവും പാടവും കാണാം. നരിമാളൻ കുന്നിന്റെ കറുത്ത പാറക്കെട്ടുകൾക്കിടയിൽ ചാരനിറത്തിലുള്ള മുയലുകളെ കാണാം.

കറത്തുട്ടിയുടെ അരയിലെ ഉള്ളറകളുള്ള ബെൽട്ടിൽ പഴകി മങ്ങിയ ഒരു ഫോട്ടോയുണ്ട്. ആ ചിത്രം കറത്തുട്ടി വാത്സല്യത്തോടെ പലപ്പോഴും എടുത്തുനോക്കുന്നു. അതു കറത്തുട്ടിയുടെ പഴയകാല ചിത്രമാണ്. അതിൽ അയാളുടെ പേറ്, രവിയെന്നാണ്. രവിക്കു പഴതാരമീശയുണ്ട്. വലിയ കോളറുകളുള്ള കുപ്പായമുണ്ട്. നീണ്ട കൃതാവുണ്ട്; നെറ്റിയിലേക്കു ഊർന്നുകിടക്കുന്ന നീളൻ മുടിയുണ്ട്.

അതു നോക്കി പെൺകുട്ടികൾ അവിശ്വാസത്തോടെ ചോദിക്കും:

–ദ് ഇയ്യന്ന്യാ കറത്തുട്ട്യേ?

–യ്യ് വിശ്വസിക്കണ്ട. ഇയ്ക്കൊരു തുള്ളി വെള്ളം കൊണ്ടന്നാ.. കോലായിൽ ഇരിക്കുവാൻ ഭാവിച്ചുകൊണ്ട് അയാൾ മൊഴിയും.

–വെള്ളം! പൊയ്ക്കോ പ്രാന്താ അവിടുന്ന്!

ഫോട്ടോ വലിച്ചെറിഞ്ഞു്, പെൺകുട്ടികൾ ഇറയത്തേയ്ക്ക് കയറിയിരിക്കും. ആണുങ്ങൾ ആരും കോലായിൽ ഇല്ലാത്ത സമയമാണെങ്കിൽ കറത്തുട്ടി മുണ്ടുപൊക്കി, അയാളുടെ നീരുവന്നു വീർത്ത വൃഷണങ്ങൾ പെൺകുട്ടികൾക്കു കാണിച്ചു കൊടുക്കും.

–അവർ പരസ്പരം അടക്കി ചിരിക്കും.

സ്വല്പം ധൈര്യശാലിയായ പെൺകുട്ടി കൂട്ടത്തിലുണ്ടെങ്കിൽ ദേഷ്യപ്പെട്ടു വിളിച്ചുപറയും:

—ദാ ഏട്ടൻ വറ്ണ്ട്.. പ്രാന്താ ഇന്നാള് കിട്ടിയപോലെ അടി പാഴ്സലായി കിട്ടേണ്ടെങ്കിൽ എണീറ്റ് പൊയ്ക്കോ!

—ഹും, ഓനൊന്നും ന്നെ ചെയ്യില്ല. കറുത്തുട്ടി മുരളും.

കോലായിൽ ഉച്ചനേരത്ത് ഞായം പറഞ്ഞിരിക്കുന്ന പെണ്ണുങ്ങളുടെ അടുത്ത്, തെരുത്തുകയറ്റിയ ഉടുമുണ്ടോടെ കറുത്തുട്ടി നിൽക്കുന്നതുകണ്ടു ചോരതിളച്ച ഒരുത്തൻ,

ഗർജ്ജിച്ചുകൊണ്ടു കറുത്തുട്ടിയെ ചവുട്ടി താഴ്ത്തിട്ടു. വിറകുപുരയിൽ നിന്നു കൊള്ളിയൂരി വിറച്ചു നിൽക്കുന്ന അയാളുടെ കാലടിയിൽ നിന്നു പിരണ്ടെഴുന്നേറ്റ് കറുത്തുട്ടി പടിയിലേക്കോടി. ഓടുന്ന വഴിയെ, കിതപ്പോടെ അയാൾ വിളിച്ചു പറഞ്ഞു:

—പോടാ പട്ടീ!

കലിതുള്ളി നിൽക്കുന്ന ആണിനെ, സ്ത്രീകൾ തടഞ്ഞു,

—ഓനൊരു പ്രാന്തനല്ലേ, അറിഞ്ഞൂടെ. ഇനീങ്ക്ട് വരിണ്ടാവില്ല്യ. പൊയ്ക്കോട്ടെന്നേയ്!

കറുത്തുട്ടി നീരുവന്നു വീർത്ത വലിയ വൃഷണങ്ങളുടെ ഭാരം താങ്ങി കാലുകൾ അകത്തിവച്ചു പടിയും കടന്നുപോയി. പിന്നെയുള്ള അവസരങ്ങളിൽ പടിയ്ക്കൽ നിന്നായി ദർശനം.

പെണ്ണുങ്ങൾ ചിരിയടക്കിപ്പറയും: വെള്ളരിക്ക്യേടത്ര്യയുണ്ട്!

ആരെങ്കിലും പരിതപിക്കും: ഉം, പാഅവം അസുഖാണ്.

കറുത്തുട്ടി കുന്നിന്റെ മുകളിൽ നിവർന്നു നിന്നു. പട്ടികൾ! അയാൾ പിറുപിറുത്തു.

കറുത്തുട്ടി; അയാൾ ഇടവഴിയിൽ മറഞ്ഞുനിന്നു സ്ത്രീകളെ പൊത്തിപ്പിടിച്ചിട്ടുണ്ട്. പൂരത്തിനും പറയ്ക്കും തിരക്കിനിടയിൽ പരുങ്ങിനിന്നു തരംപോലെ സ്ത്രീകളുടെ മേൽ കാമക്കുത്തു നടത്തിയിട്ടുണ്ട്. ഏതെങ്കിലും പെൺകിടാങ്ങളെ ഇടവഴിയിൽ തനിച്ചു കാണുമ്പോൾ മുണ്ടുപൊക്കി അശ്ലീലം കാട്ടാറുണ്ട്.

കറുത്തുട്ടിയെ സുധീരൻ നടുവഴിയിലിട്ടു തല്ലിച്ചതച്ചു. അയാളുടെ പെങ്ങളോട് അസഭ്യം കാട്ടിയത്രെ. ഒടിഞ്ഞ കഴുത്തോടെ കറുത്തുട്ടി നരിമാളൻ കുന്നുവരെ ഓടി.

കുന്നിൽ മുകളിൽ നിൽക്കുമ്പോഴാണ്, കാറ്റ് കറുത്തുട്ടിയെ തേടി മൂന്നാമതും വരുന്നത്. നട്ടുച്ചയ്ക്ക് കരിംപാറകൾ ചുട്ടുപഴുത്തു കിടന്നു; ഞാവൽ മരങ്ങൾ ഒറ്റയ്ക്കൊറ്റയ്ക്കു നിന്നു വേനൽ ചൂടിൽ കരിഞ്ഞു.

കാറ്റടിച്ചു കൊണ്ടേയിരുന്നു. പഴകിയ ബ്ലാക്ക് & വൈറ്റ് ഫോട്ടോയിലെ കൃതാവു വളർത്തിയ രവി കറുത്തുട്ടിയെ നോക്കി ചിരിച്ചു.

പഴുതാരമീശയുള്ള രവി, നെറ്റിയിലേക്കു ഉതിർന്നു കിടക്കുന്ന നീളൻ മുടിയുള്ള രവി.

പൊടുന്നനെ കാറ്റാ ചിത്രവും തട്ടിയെടുത്തു പറന്നു. കാറ്റിന്റെ വഴിക്കയാൾ നോക്കിയപ്പോൾ കീഴേക്കാവിലെ പാടം കാണുകയുണ്ടായി. മകരം കൊയ്ത്ത് വിണ്ടുണങ്ങിക്കിടക്കുന്ന നെൽപ്പാടങ്ങൾ. കത്തിയാളുന്ന ഭൂമി!

അയാൾ വിജൃംഭിച്ചു.

—കുത്തച്ചി! നട്ടുച്ചയ്ക്കാണ് ഇറങ്ങി നടക്കുന്നത്. കീഴേക്കാവിലെ കുരുപ്പാണ്. നാട്ടുമുടിക്കും ഓള്..

ചുവന്നപട്ടു ചുറ്റി, ചിലങ്ക കെട്ടി.. നിക്കെടീ അവിടെ! കറുത്തുട്ടി ചിലമ്പിച്ച ഒച്ചയിൽ വിളിച്ചുകൂവി.

കറത്തുട്ടി കിതച്ചുകൊണ്ടു കുന്നിറങ്ങി പാടത്തേയ്ക്കോടി. കീഴേക്കാവിലെ പെണ്ണൊരുത്തി; സർവ്വാഭരണ വിഭൂഷിതയായിട്ടുള്ളവൾ, സ്തനജഘനങ്ങളുടെ ആകാരസൗകുമാര്യത്താൽ സ്വർണ്ണപ്രഭയേൽക്കാത്തവൾ, അവൾ ചുറ്റിയ പട്ടിൽഭൂമി രക്തശോഭപൂണ്ടു! അവളുടെ അരയും മുലയും മറച്ചിരുന്ന കാർകുന്തലിൽ ആകാശനീലിമ ഘനീഭവിച്ചു കിടന്നു!

കറത്തുട്ടി നിന്നു കിതച്ചു: ചോരയുടെ വിത്തെറിയുന്നവൾ, നിന്നെ!

കറുത്തുട്ടിയുടെ കണ്ണുകൾ ചുവന്നു; കണ്ണുങ്ങളിൽ നിന്നു ചോരപൊടിയുന്നുണ്ടോ?

മീനച്ചൂടിൽ വാടാത്ത ചിരിയോടെ കീഴേക്കാവിലെ പെണ്ണ്, കറത്തുട്ടിയെ കടാക്ഷിച്ചു. വെറ്റില മുറുക്കിയതവൾ ചുവപ്പിച്ചു തുപ്പി. കൈതക്കാടു ചുവന്നു; കൈതക്കാട്ടിലെ ഭൂതഗണം കൂക്കിയാർത്തു. സഖി പൊട്ടി അമർത്തി ചിരിച്ചു.

കറത്തുട്ടി കണ്ണടച്ചു നിന്നു; കറത്തുട്ടിയിൽ കീഴേക്കാവിലെ സ്വരൂപം പ്രസാദിച്ചു.

കണ്ണടഞ്ഞുപോകുന്നു; കാഴ്ച മറയും മുമ്പേ, പാടത്തിനപ്പുറം, ആലിൻ ചുവടിനുമപ്പുറം കീഴേക്കാവിൽ ഉത്സവത്തിനു കുറയിട്ടിരിക്കുന്നതു കറത്തുട്ടി കണ്ടു. കീഴേക്കാവിലെ പെണ്ണ്, മുറുക്കിചുവപ്പിച്ച പവിഴാധരങ്ങളോടെ കറത്തുട്ടിയെ നോക്കി വീണ്ടും ചിരിച്ചു.

കാറ്റു നിന്നു. പറയെടുക്കുന്നവർ, കീഴേക്കാവിന്റെ നടയ്ക്കൽപറ ചൊരിഞ്ഞു; കലാശക്കൊട്ടു കൊട്ടി.

സന്ധ്യയായി. പിന്നെ ഇരുട്ടായി.

ആ രാത്രി, കറത്തുട്ടി കീഴേക്കാവിലെ പാടത്തിനു നടുവിൽ മരിച്ചു കിടന്നു. അയാളുടെ നീരുവന്നു വീർത്ത വൃഷണങ്ങൾക്കു ചുറ്റും കുറുത്ത ചോണനുറുമ്പുകൾ പറ്റി നിന്നിരുന്നു.

# 29

# പുനർജ്ജനി

*(March 5, 2006)*

എനിക്കു പനിച്ചിരുന്നു. നരച്ച ചുമരുകളും ഈർപ്പത്തിന്റെ മണവുമുള്ള ഒരു കുടുസ്സുമുറിയിൽ ഞാൻ ഇരുട്ടിലേക്കു കണ്ണു തുറന്നുകിടന്നു. ഞാൻ ഉറങ്ങുവാൻ ശ്രമിച്ചിരുന്നുവെന്നില്ല; ഞാൻ ഉറങ്ങുവാൻ വൃഥാ ശ്രമിച്ചിരുന്നു. ഇതെന്റെ ഇടത്താവളമാണ്. സജ്ജനസൗഹൃദം അന്യമായിരിക്കുന്ന ജീവിതവീഥിയിലെ ഒരിടത്താവളം. ആ മുറിയിലെ വിങ്ങുന്ന ഈർപ്പത്തിൽ തനിയെ ഞാൻ പനിച്ചു കിടന്നു.

എന്റെ സ്വേദഗ്രന്ഥികൾ വിയർക്കാതെ എന്റെ രക്തത്തിനു ജ്വരം പകർന്നു. ഉണർന്നു കിടന്നു ഞാൻ സ്വപ്നങ്ങൾ കണ്ടിരുന്നു.

അയല്പക്കങ്ങളിലെ എതോ ദേവാലയത്തിൽ നിന്നു പ്രാർത്ഥന മുഴങ്ങി, രാത്രിയിലെ നിശബ്ദതയിൽ അതിൻ ഘോഷം പ്രതിധ്വനിച്ചു കേട്ടിരുന്നു. ഉറക്കമുണർന്ന സഹവാസികളിൽ അവ്യക്തമായെന്തോ പിറുപിറുത്തു തിരിഞ്ഞുകിടന്ന്, പുലർകാലഎ തങ്ങളെ തേടിയെത്തുന്ന നിദ്രസ്സുഖം കാത്തു. ഘോഷിതമാക്കപ്പെട്ട മതസംഹിതകൾ നിദ്രാവിഹീനരിൽ സ്ഥൈര്യം പടർത്തി, അവരിൽ നിന്നു നിദ്രയോടുള്ള അഭിനിവേശം ചോർത്തിയെടുത്തു. പനി എന്നിൽ നൈരാശ്യത്തിന്റെ വിത്തുകൾ കൂടി വിതച്ചിരുന്നു.

ഞാൻ എന്റെ കിടക്കവിട്ടെഴുന്നേറ്റു. ജ്വരമെന്നിൽ നിന്നെന്റെ അവശേഷിച്ച ഊർജ്ജവും ചോർത്തി ക്ഷീണത്തിന്റെ കയങ്ങളിലേക്കു തള്ളുവാനെന്നോണം അശാന്തം പരിശ്രമിക്കുന്നുവോ? ഇനിയുറങ്ങുന്നില്ലെന്നു തീർച്ചയാക്കി, അന്നേരവും വെളുക്കാത്ത പുലരിയിലേക്ക്, പനിച്ചുകൊണ്ടു ഞാൻ ഊർന്നിറങ്ങി. രാത്രിഞ്ചരരായ സ്വവർഗാനുരാഗികളും കുറ്റാന്വേഷകരും കൂടണഞ്ഞുവെന്നു തീർത്തും വിശ്വസിക്ക വയ്യ! എന്നിട്ടും പ്രവാസത്തിന്റെ വിശുദ്ധപ്രമാണങ്ങൾ മറന്നിട്ടു തെരുവുകളിലേക്കു ഞാൻ ഇറങ്ങിച്ചെന്നു; ദിശയറിയാതൊട്ടുഴറിനിന്ന്, ഒടുവിൽ വെളിച്ചം കടന്നുവരാത്ത വഴിയെ നടന്നു തുടങ്ങി.

രാത്രികാലങ്ങളിലെ ഈർപ്പം വീണു നനഞ്ഞ കടൽതീരത്തെ സിമന്റുബഞ്ചുകളിലൊന്നിൽ ഞാൻ തനിച്ചിരുന്നു. അപ്പോഴെനിക്കു തണുക്കുന്നുവെന്നു തോന്നി. ഇന്നു പുലരുംവരേയ്ക്കും ഞാൻ ഉണർന്നിരിക്കേണം – പനിയ്ക്കെന്നെ വിട്ടുകൊടുക്കാതെ, ഞാനുറങ്ങുവാൻ കിടക്കാതെ പുലരുന്നതും കാത്തിരിക്കണം. പുലരുന്നത് എനിക്കുവേണ്ടിയല്ലെന്നാരു കണ്ടു?

ഞാൻ എന്നിലേക്കു തിരിച്ചു വന്നു. എന്റെ പ്രതിബിംബത്തിലെന്നോണം വിസ്മൃതിയിൽ നിന്നു വേർപ്പെട്ടു്, എന്റെ കണ്ണുകൾ എനിക്കെന്നിൽ പ്രതിഫലിച്ചു കാണാം. അവ തിളക്കമകന്നും നിർജ്ജീവമായും കാണപ്പെടുന്നുവെന്നു തോന്നി. ജ്വരം കണ്ണുകളിൽ ഉഷ്ണം കടത്തി നീറ്റലുണ്ടാക്കുമ്പോൾ കടൽക്കാറ്റേൽക്കുവാൻ ഞാൻ മോഹിച്ചു. ഊഷരമായിക്കിടക്കുന്ന ജീവിതപഥങ്ങളിൽ പൊടിയൊന്നൊതുങ്ങട്ടെ, എനിക്കിനിയും തണുക്കട്ടെ.

എനിക്കു പനിക്കുന്നുവല്ലോ! ഞാൻ വിലപിച്ചു. ഞാൻ അനന്തമായ നിദ്രയിലേക്കു പനിച്ചിരുന്നു.

ഒരു ദീപം തെളിഞ്ഞു. അതു സുവ്യക്തമായിരുന്നു. അതിൻ നാളങ്ങൾ പ്രഭചൊരിഞ്ഞിരുന്നു. അതെനിക്കു ചൂടേകിയിരുന്നില്ല, പകരം അതെന്നിൽ പ്രകാശം നിറച്ചു. ഈ ദീപം തന്നെ നിത്യമായതെന്ന് ഞാൻതിരിച്ചറിയുന്നു.

ഈ ഉറക്കത്തിൽ നിന്നു നീയെന്നെ മൂന്നാം നാൾ ഉയർത്തെഴുന്നേൽപ്പിക്കുക. പുനർജ്ജനിയുടെ ബ്രാഹ്മമുഹൂർത്തങ്ങളിലേയ്ക്കു് എനിക്കിനിയും പനിച്ചിരിക്കേണം. അപ്രകാരം ഞാനുണർന്നെഴുന്നേറ്റു, നിത്യതയുടെ കവാടങ്ങളിലെ ദീപം തെളിയുന്ന നിമിഷങ്ങളിലേക്കു തുടർന്നും പനിച്ചിരിക്കുവാൻ.

# 30

# ഞാനല്ലല്ലോ ലംബോദരനെ കൊന്നത്!

*(March 6, 2006)*

ഞാനവിടെ താമസിക്കാൻ ചെന്നപ്പോൾ ആദ്യമായി ലംബോദരനെ കണ്ടു. ലംബോദരൻ ആ ഹൗസിങ് കോളണിയിലെ വാച്ച്മാനായിരുന്നു. ലംബോദരൻ എന്നോടു നമസ്തേജി എന്നു പറഞ്ഞു. ഞാൻ തിരിച്ചു അഭിവന്ദനം ചെയ്തു. എനിക്കു താമസിക്കുവാനുള്ള കെട്ടിടത്തിലേക്കു ലംബോദരൻ തന്നെ എന്നെ കൊണ്ടുചെന്നാക്കി. അയാളെന്റെ ഇരുമ്പുപെട്ടി ചുമന്നു.

ലംബോദരൻ മരിച്ചു. സത്യത്തിൽ ലംബോദരനെ ആരോ കൊന്നതായിരുന്നു. പോലീസ് പലരെയും സംശയിച്ചു. എന്നെ സംശയിച്ചില്ലെന്നു തോന്നുന്നു, അതിനു ഞാനല്ലല്ലോ ലംബോദരനെ കൊന്നത്! പോലീസുകാർക്കറിയുമായിരിക്കണം വൈകുന്നേരങ്ങളിൽ ഞാൻ ലംബോദരന്റെ കൂടെ പക്കോടയും ചട്ട്ണിയും കഴിക്കുവാൻ പോകുന്നത്. നഗരത്തിലെ ഏതോ ഗലിയിൽ വാറ്റിയ ചാരായം ലംബോദരൻ എനിക്കു ആഴ്ചവട്ടങ്ങളിൽ എത്തിച്ചിരുന്നതും പോലീസിനറിയാം. അവർക്കു നേരിട്ടു കമ്മീഷൻ കൊടുക്കുന്ന ശൃംഖലയിലെ ഒരാളാണല്ലോ ലംബോദരനും. കാശിനുവേണ്ടിയും പെണ്ണിനു വേണ്ടിയും എനിക്കു ലംബോദരനെ കൊല്ലേണ്ടതില്ല, എനിക്കു നല്ല ജോലിയുണ്ട്, ലംബോദരനാകട്ടെ പെണ്ണില്ല. എന്തായാലും പോലീസ് ഹൗസിങ് കോളനിയിലെ മിക്കവരെയും സംശയിച്ചു.

ലംബോദരനെ കൊന്നിരിക്കുന്നതു കഴുത്തിൽ ലോഹവയർ വരിഞ്ഞുമുറുക്കിയായിരുന്നു. ലംബോദരനോളം ആരോഗ്യമുള്ള ഒരാൾക്കെ അതു സാധിക്കൂ, എന്നിട്ടും അവരെന്നെ സംശയിച്ചില്ലെന്നു തോന്നുന്നു, അല്ല അതിനു ഞാനല്ലല്ലോ ലംബോദരനെ കൊന്നത്!

പോലീസ് മേധാവി ഒരു ചെറിയ മീറ്റിങ് വിളിച്ചുകൂട്ടി ഹൗസിങ് കോളനിയിലെ ജനങ്ങളോടായി പറഞ്ഞു: ലംബോദരന്റെ കൊലപാതകത്തിനെ കുറിച്ചു പോലീസിനു വ്യക്തമായ ധാരണകളുണ്ട്. ഒരു ചെറിയ കണ്ണി മാത്രം പൊട്ടിക്കിടക്കുന്നു, അതുകൂടെ കണ്ടെത്തുകയാണെങ്കിൽഎന്തായാലും നിങ്ങൾക്കാശ്വസിക്കാം പോലീസ് കർമ്മനിരതരാണെന്ന്.

അന്നു ഞാൻ തനിച്ചു പക്കോടയും ചട്ട്ണിയും കഴിക്കുവാനിറങ്ങി. ലംബോദരനുണ്ടായിരുന്നെങ്കിൽ അങ്ങോട്ടുപോകുന്ന വഴിയെ ഒരു സിഗരറ്റും തിരികെ വരുമ്പോൾ ഒരു പാനും വാങ്ങുമായിരുന്നു. അയാളില്ലാത്തതിൽ എനിക്കു വിഷമം തോന്നി.

വഴിയിൽ സാമാന്യത്തിലധികം തിരക്കനുണ്ടായിരുന്നു. സംസ്ഥാനം ഭരിക്കുന്ന മന്ത്രി ആ വഴിക്കു വരുന്നുണ്ടത്രെ. പാതയുടെ ഓരം ചേർന്നു നിൽക്കുന്ന ജനക്കൂട്ടത്തിനൊപ്പം ഞാനും നിന്നു. ഞാനിതുവരെ മന്ത്രിയെ നേരിൽ കണ്ടിട്ടില്ല, ലംബോദരൻ ഈ മന്ത്രിയെക്കുറിച്ചു പലപ്പോഴും സംസാരിച്ചിട്ടുണ്ട്, അയാൾ ഒരു പക്ഷെ ഈ മന്ത്രിയെ കണ്ടുകാണും.

മന്ത്രിമുഖ്യന്റെ വാഹനവ്യൂഹം അടുത്തെത്തുന്തോറും ശബ്ദകോലാഹലങ്ങളും പൊടിയും കൂടിവന്നു, അയാളെ കാണുവാൻ ഇനിയും കാത്തുനിൽക്കേണ്ടതുണ്ടോ? എനിക്കു മുഷിഞ്ഞു തുടങ്ങിയിരുന്നു. ലംബോദരനുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ അയാൾ വാതോരാതെ സംസാരിക്കുമായിരുന്നു.

മന്ത്രിയുടെ വെള്ളക്കാർ അടുത്തെത്തിയതും അജ്ഞാതമായൊരു പ്രേരണയാലെന്നപോലെ ഞാൻ മുന്നോട്ടായുകയും വാഹനത്തിനു തൊട്ടടുത്തെത്തുകയുമുണ്ടായി. അരനിമിഷത്തിൽ ഞാനെന്റെ അരയിൽ ഘടിപ്പിച്ചിരുന്ന ഡിറ്റണേറ്ററിൽ വിരലമർത്തി. ഞാനും മന്ത്രിയും അയാളുടെ സന്നാഹങ്ങളും ഏതാനും നിമിഷങ്ങളിൽ വെന്തുതീർന്നിരുന്നു.

പോലീസിനു മുമ്പിൽ പൊട്ടിക്കിടന്നിരുന്ന ആ ചെറിയ കണ്ണി ഞാനായിരുന്നു. ബലിനടത്തിയാഗം പൂർത്തിയാക്കും മുമ്പേ യജ്ഞശാലയിലെ തീയണയ്ക്കുവാൻ ശ്രമിച്ചു എന്നതായിരുന്നു ലംബോദരന്റെ കുറ്റം.

മായ്ക്കപ്പെട്ട വരികൾ: പോലീസിനു മുമ്പിൽ പൊട്ടിക്കിടന്നിരുന്ന ആ ചെറിയ കണ്ണി ഞാനായിരുന്നു, ലംബോദരന്റെയും എന്റെയും ലക്ഷ്യം ഒന്നുതന്നെയായിരുന്നെങ്കിലും അയാളിൽ ലക്ഷ്യത്തിലേക്കുള്ള മാർഗേണ സ്ഥൈര്യം കടന്നുകൂടുകയാണുണ്ടായത്! എന്തായാലും ഇത്രയും പറഞ്ഞ സ്ഥിതിക്കു ഞാൻ തന്നെയാണു ലംബോദരനെ കൊന്നതെന്ന സത്യവും മറച്ചുവയ്ക്കുന്നില്ല.

# 31

# രണ്ടുറുപ്പ്യ

*(March 8, 2006)*

വടക്കേപ്പുറത്തു മാവിന്റെ കടയ്ക്കൽ മഴുവീഴുന്ന ഒച്ച കേൾക്കാം. മാഷ് നല്ലവണ്ണം കായ്ക്കുന്ന മൂവാണ്ടൻ തന്നെ വെട്ടിയാൽ മതിയെന്നു ശഠിച്ചുവത്രെ. തൊട്ടപ്പുറത്തു എത്രകായ്ച്ചാലും പുഴുവന്നു കേടായ മാമ്പഴം വീഴുന്ന ഗോമാവുണ്ട്. മാഷതു വെട്ടിയാൽ മതിയെന്നു കരുതില്ല; അതങ്ങിനെയാണ്. ഏടത്തിയെ ദഹിപ്പിക്കാൻ ഗോമാവു പോരെന്നു ആരും പറയാതെ മാഷിനറിയാം. കമല നെടുവീർപ്പിട്ടു.

താമി വന്നു വിവരം പറഞ്ഞുതീരുമ്പോഴേയ്ക്കും ഒരാന്തലോടെ മുറ്റത്തേയ്ക്കിറങ്ങിയിരുന്നു. പുറകിൽ നിന്നു മകൾ ശാസിച്ചു: അമ്മേ മേൽമുണ്ടുകൂടിയിടാതെ എവിടേയ്ക്ക്യാ. ദാ കൊണ്ടുവറ്ണു നിക്കു.

ഒന്നരമാത്രം ചുറ്റി നിൽക്കുകയായിരുന്നുവല്ലോ! ഓർക്കാനെങ്ങിനെ കഴിയും. ഇത്രനാളും വരെ വൈധവ്യം പോലും അറിയാതിരുന്നു; ജീവിതത്തിന്റെ ഒരറ്റത്ത് ഏടത്തിയുണ്ടായിരുന്നുവല്ലോ.

ആമക്കാവിന്ന് ഇടയ്ക്കു ആളുവരും, കമലം ഒന്നിത്രടം വരെ വരു, ഇവിടെ രാധ ശുദ്ധല്ല്യാണ്ടിരിക്ക്യാണ്. പാടത്തും തോട്ടത്തിലും പണിക്കാറ്ണ്ട്, എന്നെ കൊണ്ടു കൂട്ട്യാൽ കൂടില്ല.

യാത്രപറഞ്ഞിറങ്ങുന്ന നേരം ഏടത്തി ഓർമ്മിപ്പിക്കും: കമലം ഇന്ദിരേടെ മൂത്തകുട്ടീടെ പിറന്നാളാണ്, തലേന്നന്നെ വറ്ണ്ടാവില്ലേ?

ശ്രീകൂൻര്യല്ലേ നിക്ക്യോർമ്മേണ്ട്.

മകൾ പറഞ്ഞു: അമ്മേ ഒരോട്ടോർഷ്ഷ വിളിക്ക്യാം, ഉണ്ണീ ഒന്നോടിച്ചെന്നു ആരോടെങ്കിലും ഒന്നു വേഗം വരാൻ പറയൂ.

ന്റെ മുണ്ട്ങ്ക്ക് തന്നാൽ മതി.മക്കളോടെന്തിന് അനാവശ്യമായി ശബ്ദമുയർത്തുന്നു?

താമ്യേ എന്താണ്ടായ്യേ?

പയ്യിനെ കറക്കാൻ പോയതാ അമ്പ്രാളേ, വിളിച്ചിട്ടും വിള്യൊന്നും കേൾക്കാഞ്ഞപ്പോൾ രാധമ്പ്രാട്ടി ചെന്നുനോക്കാത്രെ. തൊഴുത്തില് വീണു കിടക്കാർന്നു, പിന്നെ വിളിച്ചിട്ടൊട്ടു മിണ്ടീംല്യ.

കുട്ട്യോള് നെലേം വിളീം കൂട്ട്യേ, അടിയൻ തോട്ടത്തിന്നു ഓടിച്ചെല്ലേണ്ടായത്.

തൊഴുത്തില് വീണ കിടക്ക്വേ? ഏടത്തിയ്ക്ക് എന്നെക്കാട്ടും ആരോഗ്യംണ്ടല്ലോ!

പടിക്കലേയ്ക്കിറങ്ങിയതും ഒരോട്ടോറിക്ഷ മുന്നിൽ വന്നുനിന്നു.

കമലോപ്പോളേ കേറിക്കോളൂ, ഞാനും അമ്പാട്ടേയ്ക്കന്ന്യാ.

കുഞ്ഞൂട്ടനാണ്. കുഞ്ഞൂട്ടാ നിയ്യ് വന്നത് നന്നായി.

പാല്വ കറന്നു മാറ്റി വച്ചിരുന്നുവത്രെ. എത്രയോ കൊല്ലായി ഏടത്തി തന്നെ പശുവിനെ കറക്കുന്നതാണ്. ഒരു ചവിട്ടും കുത്തുമില്ലാത്ത പശുവാണ്.

കുട്ടികൾ അലമുറയിട്ടു കരയുന്നുണ്ട്. മാഷ് വേറേതോ മുറിയിൽ കരയാതിരിക്കുന്നുണ്ടാവും. ഏടത്തിയുടെ ദാമ്പത്യം അസൂയയുളവാക്കിയിരുന്നില്ല, അതു പ്രകാശം പരത്തുന്നതായിരുന്നു; എന്റെ വൈധവ്യത്തിന്റെ ഇരുട്ട് കുറെയേറെ ആ പ്രകാശത്തിൽ അലിഞ്ഞില്ലാതായി.

ഈശ്വരാ എല്ലാമോർക്കുമ്പോൾ!

ഒരു ദിവസം ബസ്സില്വ വച്ച രാധയേയും ഇന്ദിരയേയും കുട്ടികളേയും കാണുകയുണ്ടായി. എട്ട്യേ എങ്ങട്ടാ പോണേ?കുട്ടികൾ കല്യാണത്തിനോ മറ്റോ പോവുകയായിരുന്നു. അവർക്കാ വിളി ബോധിച്ചില്ല; അവർ കണ്ടുവെന്നു നടിച്ചില്ല.

ഏടത്തിയോടു പറഞ്ഞപ്പോൾ അവർ ചിരിച്ചുകൊണ്ടു പറഞ്ഞു: കമലം കുട്ട്യോളൊക്കെ നമ്മള് നിരീക്ക്യണേക്കാൾ അകലത്തിലാണിപ്പോൾ! കമലം അവരോട് പൊറുക്കില്ല്യേ?

വീട്ടിൽ സ്വന്തം മക്കൾ പരിഹസിച്ചു: അമ്മയ്ക്ക് ഞങ്ങളേക്കാൾ വല്യതാണല്ലോ അമ്പാട്ടുള്ളോറ്. എന്നിട്ടെന്തായി?

മാവ് വീഴുന്നതിന്റെ ശബ്ദമാണോ ആ കേട്ടത്? ചില്ലകൾ വെട്ടി വിറകുകീറുവാൻ ഇനിയെത്ര നേരം!

കമലം കുട്ടൻ വറ്മ്പോ ഇത്തിരി കൊണ്ടാട്ടം കൊടുത്തായക്ക്യണേ.കൊണ്ടും കൊടുത്തും എത്ര പതിറ്റാണ്ടുകൾ തീർന്നുപോയി?

മക്കൾ ശാസിക്കുന്നു, അമ്മേ ഇവിടീം കുട്ട്യോള്ണ്ട്ട്വോ.

അമ്പാട്ടെ കുട്ടികൾ സ്കൂളിൽ പഠിക്ക്യണ കാലം മുഴുവൻ ഇവിടുന്നാണ് ഉച്ചയ്ക്കുണ്. ഇവിടെയുള്ളതൊക്കെ അവർക്കുമുള്ളതാണ്. ആരും എന്നോടെതിർക്കാൻ വരേണ്ടാ.കമല ഒച്ചയുയർത്തി.

പുറത്തു ജനം സംസാരിക്കുന്നതിന്റെ രീതികൾ മാറിവരുന്നു; എല്ലാം ഒരുക്കിയോ അവരെല്ലാം? കുട്ടനും രാമചന്ദ്രനുമെല്ലാം കുളിച്ചു കഴിഞ്ഞുവോ!

ഏടത്തിയ്ക്ക് ഞാനൊരു രണ്ടുറുപ്പ്യ കൊടുക്കാനുണ്ട്. ഞാനതു കൊടുക്കില്ല. എനിക്കായിട്ട് ഒന്നും തന്നുപോയില്ല ഏടത്തി, ഞാനാ രണ്ടുറുപ്പ്യ ആരു ചോദിച്ചാലും തിരിച്ചു കൊടുക്കില്ല. മാഷു വന്നു ചോദിച്ചാലും കൊടുക്കില്ല. കൊടുക്കില്ല!

കമല ആ മുറിയുടെ മൂലയ്ക്കിരുന്നു തേങ്ങിക്കരഞ്ഞു; ആരുമവരെ ആശ്വസിപ്പിക്കുവാൻ വന്നില്ല. ഒരു മരണത്തിൽ ചിലരെങ്കിലും ആശ്വാസവചനങ്ങൾ കടന്നുവരാത്ത ഇരുണ്ട ഇടനാഴികകളിലിരുന്നു ജീവിതം കണ്ണീരാൽ കുതിർത്താറുണ്ട്.

പിന്നെയും പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കുശേഷം വസൂരിമൂർച്ചിച്ചതിൽ ജ്വരംവന്നു ചിത്തഭ്രമം സംഭവിച്ചപ്പോൾകമല കരയുകയുണ്ടായി: ഞാനാ രണ്ടുറുപ്പ്യ തിരിച്ചു കൊടുക്കില്ല.

അമ്മേ അമ്മയാർക്കും ഒന്നും തിരിച്ചുകൊടുക്കേണ്ടാ!മക്കൾ ആശ്വസിപ്പിച്ചു.

പിന്നീടെപ്പോഴോ കമലചെറിയമ്മയ്ക്കു ഭ്രാന്തുവന്നെന്ന് അമ്പാട്ടെ ഏടത്തിയുടെ മക്കൾ പറഞ്ഞതായറിഞ്ഞപ്പോഴും കമല അവിശ്വാസത്തോടെ മക്കളെ നോക്കി. അവരൊന്നും തുടർന്നു പറഞ്ഞതേയില്ല!

# 32

# നസീമ

*(March 18, 2006)*

അന്നു പുലർച്ചയ്ക്കു കുറ്റിപ്പുറം സ്റ്റേഷനിലിറങ്ങി തവനൂർക്കുള്ള വഴിയെ ഒരു അപരിചിതൻ നടന്നു. പഴയ വഴികൾ മാറിയിരിക്കുന്നു. അയാൾ പരിഭ്രമിക്കാതിരിക്കുവാൻ ശ്രദ്ധിച്ചു.

തവനൂരിൽ ഒരു വീടിന്റെ മുറ്റത്തു നിന്ന് അയാൾ അകത്തേയ്ക്കു നോക്കി ആളെ വിളിച്ചുചോദിച്ചു. നസീമയാണ് ഇറങ്ങിവന്നത്. അവൾ തട്ടം ഇട്ടുന്നതേ ഉണ്ടായിരുന്നുള്ളൂ. അതികാലെ ഒരു അന്യപുരുഷനെ ഉമ്മറത്തു കാണുന്നതിന്റെ അതിശയത്തോടെ അവൾ തെല്ലുറക്കെ അകത്തുള്ള ഉമ്മയെ വിളിച്ചു.

ഏതാനും ചില നാടകീയ നിമിഷങ്ങൾക്കു ശേഷം ആ വീട്ടിൽ ചില പരിവർത്തനങ്ങൾ വന്നു. നസീമയ്ക്കു നിനച്ചിരിക്കാതെ ഒരു സഹോദരനുണ്ടായി. പഴയ സാമാനങ്ങൾ അടുക്കി വച്ചിരിക്കുന്ന ഉമ്മറത്തെ സൈഡുമുറിയിൽ അപരിചിതനോട് തോളത്തെ സഞ്ചി ഇറക്കി വച്ചു കൊള്ളാൻ നസീമയുടെ ഉമ്മ പറഞ്ഞു, ആ മുറി അയാളുടെയായി. നസീമ അപ്രതീക്ഷിതമായി അഹങ്കാരിയായി.

നസീമ അഹങ്കാരിയാകുന്നത് ഈ ചില കാരണങ്ങൾ കൊണ്ടാണ്: നസീമയുടെ സഹോദരൻ സിനിമാ നടന്മാരെപ്പോലെ സുന്ദരനാണ്. നസീമയുടെ വീട്ടിൽ ഇത്രകാലവും ഒരു ആൺ തുണ ഉണ്ടായിരുന്നില്ല, ഇന്നതുണ്ടായി. നസീമയുടെ സഹോദരന്റെ കൈവശമുള്ള സഞ്ചിയിൽ പണമുണ്ടാകും.

അവസാനത്തെ കാരണം കൊണ്ടു അഹങ്കാരിയാകുന്നതിൽ നസീമയ്ക്ക് ചില്ലറ മാനക്കേടുണ്ട്, എന്തായാലും അതു തന്നെയാണ് നാട്ടുമര്യാദ. മറ്റൊരു നാട്ടുമര്യാദ അനുസരിച്ചു നസീമ അവളുടെ സഹോദരനെ ഇക്കായെന്നു വിളിച്ചു.

നസീമയുടെ ഇക്ക ആലോചിക്കുന്നത് മറ്റുചിലതാണ്. അമ്മയും സഹോദരിയും പറയുന്നത് അയാൾക്ക് മുഴുവനായും മനസ്സിലാവുന്നില്ല. സ്വന്തം ആവശ്യങ്ങൾ പറഞ്ഞറിയിക്കാനാവുന്നില്ല. നസീമയുടെ ചില ചോദ്യങ്ങൾക്കു ഒരു കാലത്തും ഉത്തരം കൊടുക്കാനാവുമെന്ന് അയാൾ പ്രതീക്ഷിക്കുന്നില്ല.

അയാൾ സദാസമയവും കാതുകൾ കൂർപ്പിച്ചിരുന്നു. വായുവിൽ ഒഴുകിവരുന്ന വാക്കുകൾ പിടിച്ചെടുത്തു. ചിലത് പെട്ടെന്നു വെന്തുകിട്ടി. ചിലതാകട്ടെ അയാൾ നസീമയ്ക്ക് മാറ്റിവച്ചു.

ഇക്കാ ഇന്നെ സിനിമയ്ക്ക് കൊണ്ടുപൂവ്വോ? ഒന്നു നിർത്തി വർദ്ധിച്ച ഉത്സാഹത്തോടെ നസീമ തുടർന്നു: ഇങ്ങള് മമ്മൂട്ട്യേനെ ശരിക്ക്യനെ കണ്ടിട്ടുണ്ടോ?

അതാരാണ് മമ്മൂട്ടി?

മ്മ്ടെ ആളന്ന്യാണ്.

ഓ!

ഓർത്തിരിക്കേണ്ട ആളുകളുടെ കൂട്ടത്തിലേയ്ക്ക് അയാൾ മമ്മൂട്ടിയെ കൂടി ചേർത്തു. മറ്റൊരാൾ കാലത്തു തെങ്ങുചെത്തുവാൻ വരുന്ന കുട്ടാപ്പിയാണ്. അനുവാദമില്ലാതെ ഒരു ദിവസം കുട്ടാപ്പി വളപ്പിനകത്തേയ്ക്ക് കടന്നപ്പോൾ അയാൾ പരിഭ്രമിച്ചു. നസീമയാണ് അയാളെയും പരിചയപ്പെടുത്തിയത്.

ഒരു ദിവസം അപ്രതീക്ഷിതമായി നസീമ ചോദിക്കുകയുണ്ടായി, ഇക്കാ എവിടെ നിന്നു വരുന്നു, എന്തു ചെയ്യുന്നു? അയാൾ മിഴിച്ചിരുന്നു. കുറ്റിപ്പുറം വരെ യാത്രചെയ്ത ട്രെയിന്റെ മുഴക്കം അയാളുടെ തലയ്ക്കകത്തു നിറഞ്ഞു. നസീമയുടെ മറ്റൊരു ചോദ്യവും വെറുതെയായി.

ഇക്ക ഗോസായിയാണ്. ഇക്കയുടെ കൈവശം ഗഞ്ചാവുണ്ടാകും. ആ പൊതുസംസാരം നസീമ അത്രയ്ക്കങ്ങു വിശ്വസിച്ചില്ല.

ഇക്ക ഒരു സാഹിത്യകാരനാവും, അയാളുടെ വല്ലാത്ത നിഷ്ക്രിയത്വവും ഏകാകിയായുള്ള ഇരിപ്പും നസീമയ്ക്ക ആ വക സംശയങ്ങളാണുണ്ടാക്കിയത്. അവൾ അയാൾക്കു മൂന്നുവീടപ്പുറമുള്ള റസിയയുടെ പക്കൽ നിന്ന് മലയാളം ഉപപാഠപുസ്തകം വാങ്ങിക്കൊടുത്തു. നസീമയുടെ ഇക്ക ദാഹിച്ചപ്പോൾ സാഹിത്യം പറഞ്ഞു, നസീമയുടെ ഇക്ക വിശന്നപ്പോൾ സാഹിത്യം പറഞ്ഞു. ഉപപാഠപുസ്തകം അയാൾക്കു ദഹനക്കേടുണ്ടാക്കിയെന്നു നസീമയ്ക്ക എളുപ്പം മനസ്സിലായി. ആ കാര്യം അവൾ ഉമ്മയോട് പറഞ്ഞില്ല.

അയാൾ പതിവുപോലെ കാതുകൾ കൂർപ്പിച്ചിരുന്നു, അവയിലേക്കു വീണ ഓരോ വാക്കും അയാൾ ഉരുക്കി മാറ്റുനോക്കി, കൊള്ളാവുന്നയെടുത്ത് പലപ്പോഴായും പ്രയോഗിച്ചു.

അങ്ങിനെയാണു ദൃഷ്ടാന്തമായ ചായയും, വിമർശിക്കപ്പെടേണ്ട ആടും നസീമയ്ക്ക പരിചിതമായ സംജ്ഞകളായത്.

ഒരു വൈകുന്നേരം ചിലർ പടികടന്നുവന്ന്, നസീമയുടെ ഇക്കയെ അഭിവാദ്യം ചെയ്തു. അവർ പിന്നീടൊരുമിച്ചു മുറ്റത്തിന്റെ ഒരു മൂലയിലുള്ള തെങ്ങിൻ ചുവടെ നിന്നു സംസാരിച്ചു. വന്നവർഇസ്ലാമിക സാഅഹോദ്യരത്തെ കുറിച്ചും സമുദായനന്മയെ കുറിച്ചും ആവേശത്തോടെ പ്രസംഗിച്ചു. അവരിൽ നിന്നും വീണുകിട്ടിയ ഓരോ വാക്കും നസീമയുടെ ഇക്ക മാറ്റുനോക്കി തരംതിരിച്ചു സ്വരുക്കൂട്ടിവച്ചു.

വന്നവർ തിരികെ പോകുമ്പോൾ അസന്തുഷ്ടരായിരുന്നു.

അന്നു തന്നെയാണ് ഇക്കയുടെ പഴയ സുഹൃത്തു ഹംസൂട്ടി അയാളെ കാണുവാൻ അവിടെ വന്നത്. പടികയറി വരുമ്പോഴെ അയാൾ നസീമയുടെ ഇക്കയെ നോക്കി സന്തോഷത്തോടെ കൈവീശി.

എൽദോഹംസൂട്ടി നസീമയുടെ ഇക്കയുടെ തോളത്തു തട്ടി. അയാൾ മിഴിച്ചിരുന്നു, തലതിരിച്ചു നസീമയെ നോക്കി. നസീമ വാപൊത്തി ചിരിച്ചു.

ഇക്കാ അത് ചങ്ങായിമാറ് സ്നേഹത്തോടെ വിളിക്ക്യണ പേരാണ്, എൽദോന്ന്. ഗോപീന്നും വിളിക്ക്യും. അല്ലേ ഹംസൂക്കാ?

ഹംസൂട്ടി ചിരിച്ചു.

പിറ്റേ ദിവസം മലപ്പുറം സി.ഐയും സംഘവും നസീമയുടെ ഇക്കയെ തിരഞ്ഞുവന്നു. അയാൾ അവരുടെ കൂടെപ്പോയി.

ഉറുദ്ദറിയ്യോ?

അയാൾ മിണ്ടിയില്ല.

ജെഹാദി സംഘടനകളുമായി എന്താ ബന്ധം?

സി.ഐ യുടെ കാലുകൾ പെരുക്കുന്നത് അയാൾ ശ്രദ്ധിച്ചു. ഏതു നിമിഷവും അയാൾ തന്റെ നാഭിയിലേക്കു തൊഴിക്കും. അതുറപ്പാണ്, അപ്പോൾ വേദനിച്ചേയ്ക്കും. അതു സാരമില്ല, പക്ഷെ സി.ഐ അപ്രതീക്ഷിതമായിട്ടാണു തൊഴിക്കുക. അതിലുള്ള ക്രൂരതയാണു നസീമയുടെ ഇക്കയെ വിഷമിപ്പിക്കുന്നത്.

പോലീസ് സ്റ്റേഷനിൽ നിന്നു തിരികെയെത്തി രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞപ്പോൾ വേറെ ചിലർ നസീമയുടെ ഇക്കയെ കാണുവാനെത്തി. അവർ അയാളെ സഖാവെ എന്ന് അതിസംബോധന ചെയ്തു. ആ വിളി എൽദോപോലെ മറ്റെന്തോ ആണെന്നു നസീമയുടെ ഇക്ക മനസ്സിൽ കരുതി.

അവരും നസീമയുടെ ഇക്കയെ മുറ്റത്തെ തെങ്ങിൻ തടത്തിലേക്കു വിളിച്ചുനിർത്തി സംസാരിച്ചു. സഖാവ് നക്സലാണോ? ഇതുകാലം എവിടായിരുന്നു? കേന്ദ്രനേതൃത്വത്തിൽ നിന്നു വിവരങ്ങൾ കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. അതാണു വന്നുകാണുവാൻ താമസിച്ചത്. ഇതിപ്പോൾ ലോക്കൽ കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് ഈ കൂടിക്കാഴ്ച. പാർട്ടിയിലേക്കു സ്വാഗതം!

ഒളിഞ്ഞു നിന്ന് അവരുടെ സംസാരം കേട്ടിരുന്ന നസീമയ്ക്കു പോലും അവർ പറയുന്ന മിക്ക കാര്യങ്ങളും മനസ്സിലായില്ല. നസീമയുടെ ഇക്ക തെളിഞ്ഞിരിക്കുന്നു.

വന്നവർ തിരികെ പോകുമ്പോൾ കൂട്ടത്തിൽ നേതാവെന്നു തോന്നുന്നയാൾ കുറച്ചു കർക്കശ സ്വരത്തോടെ നസീമയുടെ ഇക്കയോട് പറഞ്ഞു: സഖാവിനെ ഞങ്ങൾക്കാർക്കും അറിയില്ല. ഇസ്ലാമിക സോഷ്യലിസം പ്രസംഗിച്ചു പാർട്ടിയിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കുവാനാണു ഭാവമെങ്കിൽഅയാൾ തറപ്പിച്ചൊന്നു നോക്കി കടന്നുപോയി.

നസീമയുടെ ഇക്ക സന്തോഷാധിക്യത്താൽമതിമറന്നു നിന്നു.

പിറ്റേ ദിവസവും സി.ഐ കടന്നുവന്നു. ഇത്തവണ അവരുടെ ഒപ്പം ഇക്കയെ കൊണ്ടുപോയില്ല. വന്നപാടെ ഇക്കയുടെ കഴുത്തിനു പിടിച്ചയാൾ ചുമരിലേക്കു തള്ളിയിട്ടു.

താൻ നക്സലാണോടോ?

പോലീസുകാർ ഒരു മൂലയ്ക്കിട്ടു നസീമയുടെ ഇക്കയെ ചവുട്ടിക്കൂട്ടി. നസീമയുടെ നിലവിളി തൊണ്ടയിൽ കുടുങ്ങി. നസീമയുടെ ഉമ്മ തളർന്നുവീണു.

പോലീസുകാർ പോയപ്പോൾ നസീമയുടെ ഇക്ക എഴുന്നേറ്റിരുന്നു. നിലത്തു വീണു കിടന്നിരുന്ന പുതിയ വാക്കുകൾ അയാൾ പെറുക്കിയെടുത്തു. ചിലതെല്ലാം ഊർന്നുവീണു, രസമുള്ള പലതും അയാൾ പറഞ്ഞു പഠിച്ചു.

നസീമയ്ക്കു വിഷാദം ബാധിച്ചു.

ഇക്ക ആരാണ്? അവൾ സ്വയം ചോദിച്ചു. പലവട്ടം. പലവട്ടം.

പിറ്റേദിവസം നസീമ കറിപ്പണം കെട്ടി വരുന്ന വഴിയെ പ്ലാവിലക്കെട്ടുകൾ വിൽക്കുന്ന മാപ്പിള പറഞ്ഞു, നസീമയുടെ ഇക്കയ്ക്ക് നൊസ്സിളകിയെന്ന്.

നസീമ വീട്ടിലേക്ക് ഓടി. നസീമയുടെ മാറിടം തുളുമ്പി, അതുനോക്കുവാൻ ക്ലുളന്മാർ എത്ര കാണും! നസീമ അതൊന്നും ഓർത്തതേയില്ല.

നസീമ ഓടിയെത്തുമ്പോഴേയ്ക്കും ഇക്കയുടെ കുപ്പായം അവർ കീറിയിരുന്നു. വെളുത്ത മുഖത്തു കൈവിരലുകൾ വീണ പാടുണ്ട്.

അവർ അയാളെ ബന്ധിച്ച വാഹനത്തിലേക്കിട്ടു. അയാൾ ഉറക്കെ കരഞ്ഞു. പലപ്പോഴായി വീണുകിട്ടിയ വാക്കുകൾ നസീമയുടെ ഇക്ക തിരികെ വലിച്ചെറിഞ്ഞിരുന്നു. പ്രസ്ഥാനവും വിപ്ല വവും ജെഹാദും പിന്നെ നസീമ കൊടുത്ത ഉപപാഠപുസ്തകത്തിൽ നിന്നു ലഭിച്ച നിഷ്കരുണവും അയാൾ അടുക്കും ചിട്ടയുമില്ലാതെ വലിച്ചെറിഞ്ഞു. നസീമയുടെ ഇക്കയെ ഒപ്പമുള്ളവർ ഒന്നുകൂടെ മുറുക്കെപ്പിടിച്ചു.

നസീമയെ ഒരാൾ ശാസിച്ചു: ഓന് നൊസ്സാണ്. ജ്ജ് കുടീലിയ്ക്ക് കേറിക്കോ.. അന്റെ ഉമ്മാനോട് ഞാമ്പറഞ്ഞോണ്ട്.

നസീമ പുരയ്ക്കകത്തു കേറി വാതിലടച്ചു കളഞ്ഞു. ഇക്കായുടെ നിലവിളി ഉച്ചത്തിലായി. നസീമ ചു മറ് ചാരി നിന്നു. ഒച്ചകളകന്നപ്പോൾ അവൾ ചുമരോട് ചേർന്നു നിലത്തിരുന്നു. പിന്നെ എന്തോ പ്രതീക്ഷിച്ചെന്നപോലെ നിലത്തു തിരയുവാൻ തുടങ്ങി. രുക്ഷഗന്ധവും ചട്ടക്കുടുകളും പിന്നെയും ചില അജ്ഞാത വാക്കുകളും അവിടെ വീണു കിടന്നിരുന്നു. അവൾ അത് പെറുക്കിയെടുത്തു.

# 33

# നിദ്രാവിഹീനൻ

*(March 22, 2006)*

ഞെട്ടിയുണർന്നു റോഡിലെ നിയോൺ വിളക്കുകൾ നോക്കി കിടക്കുമ്പോൾ ഓർക്കുന്നു, ഈ ജനലുകൾ എന്നും അടച്ചിടുവാൻ മറക്കും. സമയം എത്രയായി! നൈറ്റ് ലാമ്പ് ഉപയോഗിക്കാത്ത കാരണം സമയം അറിയുവാൻ പെട്ടെന്നൊരു വഴിയുമില്ല. മുഴുവനും ഇരുട്ടിൽ, കണ്ണുപോലും കാണാത്തത്ര ഇരുട്ടിൽ കിടന്നുറങ്ങുന്നതാണിഷ്ടം. നാട്ടിൽ വർഷക്കാലത്ത് തെക്കേയറയുടെ ജനലുകൾ തുറന്നിട്ടു മഴമൂലം കനത്തുനിൽക്കുന്ന പുറത്തെ ഇരുട്ടുനോക്കി ഉറങ്ങാതെ കിടക്കുവാൻ ഇഷ്ടമായിരുന്നു. പൊടുന്നനെ പൊട്ടിവിടർന്ന ഒരു ഇടിമിന്നലിൽ കുറുപ്പിന്റെ വളപ്പിലെ രക്ഷസ്സിന്റെ അമ്പലം കാണുന്നതുപോലെ തോന്നിയാൽ ഉള്ളറിയാതെ കുളിരുമായിരുന്നു.

ഇടിമിന്നലുകളും ഇറയാലുകളും കണ്ട കാലം മറന്നു, രാത്രി സമയമറിയാത്ത ഏതോ നേരത്തു ഞെട്ടിയുണർന്നു ജനവാതിൽ പഴുതിലൂടെ താഴേക്കു നോക്കി കിടക്കുമ്പോൾ ഒരുപാടു ദൂരെയെന്ന പോലെ നഗരം. ചലനം നിലയ്ക്കാതെ – മഞ്ഞവെളിച്ചത്തിൽ താഴെ വാഹനങ്ങളുടെ അവസാനിക്കാത്ത ഒഴുക്ക്.

കിടന്ന കിടപ്പിൽ തന്നെ ബെഡ്ഡിന്റെ മുകളിലെവിടെയെങ്കിലും സെൽഫോൺ വച്ചിട്ടുണ്ടോയെന്നു തപ്പി നോക്കി. കാണുവാനില്ല, ഓർത്തു നോക്കി ഇന്നലെ റൂമിൽ വന്നു കയറിയ ശേഷം ഡ്രസ്സ് മാറുന്നതിന്റെയൊപ്പം എവിടെ വെച്ചുവെന്ന്. ഓർക്കാനാവുന്നില്ല, തൊട്ടു മുൻപു കഴിഞ്ഞുപോയ നിമിഷം വരെ ഓർക്കാനാവുന്നില്ല. ഓഫീസ് ടേബിൾ മുഴുവൻ മഞ്ഞ നിറത്തിലുള്ള നോട്സ് കുറിച്ചിട്ടിരിക്കുന്നു.

ഇത്ര ചെറുപ്പത്തിലേ താനിത്ര മറവിക്കാരനായോ അതിശയത്തോടെ ഓർത്തു പോകുന്നു. വീണ്ടും ഉറക്കത്തിലേക്ക് മനസ്സിനെ പിടിച്ചു വലിക്കുമ്പോൾ നേരെയൊന്നു ഉറങ്ങുവാൻ കഴിയാത്തതിന്റെ നിരാശ ഉള്ളിൽ എരിയുന്നു.

ഉറങ്ങാനുള്ള വഴികൾ എന്തെല്ലാമാണു. ഈ നശിച്ച സ്വപ്നങ്ങൾ – എന്നെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല. എന്തൊക്കെയാണു കാണുന്നത് – അക്കങ്ങൾ ഓടി വരുന്നു. എന്നോടു പറയുന്നു; കൂട്ടുവാൻ, കണക്കുകൾ കൂട്ടുവാൻ!

ഇല്ല, മറന്നുപോയി – ഏഴും എട്ടുംതമ്മിൽ; കഴിയുന്നില്ല – കണക്കുകൾ കൂട്ടുവാൻ മറന്നുപോയ ഭീതിപ്പെടുത്തുന്ന സ്വപ്നമാണു എന്നെ ഉണർത്തിയതു. കുറെ ചെറുപ്പത്തിൽ കോണിപ്പടികളിൽ

നിന്ന താഴേക്ക വീഴുന്ന സ്വപ്നമായിരുന്നു ഏറ്റവും ഭയപ്പെടുത്തുന്നത്. താഴേക്ക്, ഒരുപാട്ട താഴേക്ക് – കൈകൾ പിടിവള്ളികൾ തേടുന്നു; അലറിക്കരഞ്ഞു കൊണ്ടു വീഴുന്നതോർക്കുമ്പോൾ ഇപ്പോഴും മനസ്സ് അസ്വസ്ഥമാകുന്നു.

സ്വപ്നമാണെന്നറിയുമ്പോൾ തുറന്നിട്ട ജനവാതിലൂടെ പുറത്തേക്ക നോക്കി കിടക്കുമായിരുന്നു. നെറ്റിയിൽ നേർത്തു വന്ന വിയർപ്പുകണങ്ങൾ തുടച്ച് ഒരു മന്ദഹാസത്തോടെ തിരിഞ്ഞു കിടന്നു ഉറങ്ങാൻ ശ്രമിക്കുമ്പോൾ നിദ്ര അത്ര അകലെയാവില്ല.

പക്ഷെ ഇപ്പോൾ, ഈ സ്വപ്നങ്ങൾ – വയ്യ, ഇവ എന്നെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല. തോളിൽ കയറിയിരുന്ന് കണക്കുകൾ കൂട്ടുവാൻ പറഞ്ഞ ഒരു ഏഴിനെ ഞാൻ എടുത്തെറിഞ്ഞു. കാലുകൾ കുത്തിക്കൊണ്ടു വീണ ഏഴ് വീണ്ടുമെന്റെ നേരെ ഓടി വരുന്നതു കണ്ടു ഞാൻ പകച്ചു നിന്നു. ഓടിവരുന്ന അക്കങ്ങൾ – ഇല്ല, കണക്കുകൾ കൂട്ടുവാൻ പണ്ടേ മറന്നുപോയി ഞാൻ.

ടൈ അൽപം ലൂസാക്കി വീണ്ടും മേശയുടെ അടുത്തേക്ക ചാഞ്ഞിരിക്കുമ്പോൾ സ്ക്രീനിൽ തെളിയുന്ന അക്കങ്ങൾ! ഒന്നുകൂടി സൂക്ഷിച്ചു നോക്കി – ഇല്ല, ഇപ്പോൾ ഇവയെന്നെ പേടിപ്പിക്കുന്നില്ല. പക്ഷെ ഒന്നു നന്നായി ഉറങ്ങിയിട്ടെത്ര ദിവസമായി.

തലവേദനിക്കുന്നുവെന്നു തോന്നിയപ്പോൾ ലൈൻ കണക്റ്റ് ചെയ്യരുതെന്നു മിലെറ്റിനെ ഓർമ്മിപ്പിച്ച് കസേരയിലേക്ക് ചാരിയിരുന്നു. ഇടയ്ക്കെപ്പോഴോ കണ്ണു തുറന്നപ്പോൾ കമ്പ്യൂട്ടർ സ്ക്രീനിന്റെ കോണിൽ നിന്ന് ഒരു അലേർട് – ഓൺലൈനിൽ പരിചയപ്പെട്ട ഒരു സുഹൃത്തിന്റെ സന്ദേശംനിവർന്നിരിക്കാതെ മൗസിൽ എത്തിപ്പിടിച്ച ക്ലിക്ക് ചെയ്യുമ്പോൾ – വിദേശ മദ്യ കമ്പനിയുടെ സ്ട്രെസ്സ് റിലീഫ് സന്ദേശവുമായെത്തിയ ഇ–മെയിൽ.

"Stressed out?" മുന്നിൽ തെളിഞ്ഞു വന്ന ചോദ്യം കണ്ടു ഞാൻ പരുങ്ങി. ഇൻസോമ്നിയ? അതേ എനിക്കുറങ്ങാനാവുന്നില്ല. ഞാൻ നിവർന്നിരുന്നു. യോഗാ, ഷോപ്പിംഗ് എന്നീ അപ്പർ ക്ലാസ്സ് ഉപദേശങ്ങൾ – താൽപര്യം തോന്നിയില്ല. അതാ വരുന്നു അടുത്ത ഉപദേശം "തൊട്ടടുത്ത ഫ്ലാറ്റിലെ കൗമാരപ്രായക്കാരിയെ സ്വപ്നം കാണുവാൻ അറിയാതെ ചിരിച്ചു പോയി. ഇല്ല തീർന്നിട്ടില്ല, അടുത്തത് – കൂട്ടത്തിൽ വച്ചേറ്റവും കേമം "മദ്യത്തിൽ നീരാടുവാൻ – സ്വയം മുങ്ങി താഴുവാൻ!"

– ആഹ് അവർ അവസാനം പറഞ്ഞിരിക്കുന്നു – ലക്ഷ്യങ്ങൾ നേടുവാൻ വേണ്ടിമാത്രം കരുക്കൾ നീക്കുന്നവർ.

വാച്ചിലേക്ക നോക്കിക്കൊണ്ടു കണക്കുകൾ കൂട്ടി. ജോലി തീരുവാൻ ഇനിയും ഏതാനും മണിക്കൂറുകൾ. ഇൻസ്റ്റന്റ് മെസ്സെഞ്ചർ ഹിഡൺ സ്റ്റാറ്റസ്സ് മാറ്റി നോക്കുമ്പോൾ സൗഹൃദങ്ങളുടെ (?) നീണ്ട നിര. പലതരം പലജാതി "ബഡ്ഡീസ്" അല്ലെങ്കിൽ കോണ്ടാക്റ്റ്സ്. പേരുകൾ പലരുടേയും വായിക്കുവാൻ തലകുത്തി നിൽക്കേണ്ടി വരും. അവർ തീയായും പൂവായും കാമന്റെ ശരങ്ങൾ കടം വാങ്ങിയും "നെറ്റിൽ" പുഞ്ചിരി തൂകുന്നു. ചിലർ ഒളിഞ്ഞിരുന്നു ഇരയെ കാത്തുനിൽക്കുന്നു, ചിലർ തിരക്കിൽ പെട്ടുപ്പോയി "ഐഡിൽ" ആയി ചത്തു മരവിച്ചു കിടക്കുന്നു. വീണ്ടും ചിലർ പ്രേമത്തിൻ പൂക്കളുമായ് റോസും കമ്പും കടച്ചക്രവുമൊക്കെയായി കാത്തിരിക്കുന്നു ഇനിയും "ഓൺലൈൻ" എത്താത്ത പ്രണയനിയെ ഓർത്ത്.

ഇല്ല, സംസാരിക്കുവാൻ രസമുള്ളാരെയും സൗഹൃദപ്പട്ടികയിലെ നീണ്ട നിരയിൽ കണ്ടില്ല. അവളും ഇതു വരെ എത്തിയിട്ടില്ല.

എഴുന്നേറ്റ് ജനലിനരുകിൽ ചെന്നു നിന്നെങ്കിലോ? പണികൾ ചെയ്തു കഴിഞ്ഞിരിക്കുന്നു. അതോ വീട്ടിൽ പോയിൽ കിടന്നുറങ്ങണോ. വിശക്കുന്നുണ്ടെന്നു തോന്നി. നേർത്ത തലവേദന, ഒരു കാര്യം മറന്നു – നന്നായിട്ടൊന്നു ഉറങ്ങണം. അതിനു വഴികൾ ഏതാണു. മിലെറ്റിനോട് ചോദിച്ചാല്ലോ? നേർത്ത ചുണ്ടുകളും ചുരുണ്ട തലമുടിയുമുള്ള അവളോടു സംസാരിക്കുവാൻ തോന്നാറില്ല. പ്രത്യേകിച്ചും ജോലി സംബന്ധമല്ലാത്ത കാര്യങ്ങൾ.

ആ സ്വപ്നങ്ങൾ എന്നെ ഉറങ്ങുവാൻ സമ്മതിക്കാത്ത സ്വപ്നങ്ങൾ – കണക്കുകൾ കൂട്ടുവാൻ ഞാൻ മറന്നുപോയ സ്വപ്നം (ദുഃസ്വപ്നം). സുഹൃത്തയച്ച തന്ന അനിമേറ്റഡ് സ്ക്രീൻ സേവറിലേക്കു നോക്കി – എന്തെങ്കിലും പുതുതായി.

ആകാശം മുട്ടി നിൽക്കുന്ന കെട്ടിടത്തിനു പുറത്തിറങ്ങി പാർക്കിംഗ് സ്പേസുകളിലൂടെ വണ്ടി കുത്തിതിരക്കി പുറത്തെടുക്കുമ്പോൾ ഒരു നവജീവൻ ലഭിച്ചതു പോലെ തോന്നി. വീണ്ടും നഗരത്തിന്റെ തിരക്കുകളിലേക്കു ഇടിച്ചു കയറുമ്പോൾ തലപെരുക്കുന്നതു പോലെയും. ഫ്ലാറ്റിനു മുന്നിലെ ജങ്ക്ഷനിൽ വച്ചു വലത്തോട്ടെടുക്കാതെ ലെഫ്റ്റ് ഇൻഡിക്കേറ്റർ തെളിയിക്കുമ്പോൾതീർച്ചയില്ല എങ്ങോട്ടാണെന്ന്ഒന്നറിയാം മലനിരകളുടെ ഇടയിൽ ആൾപ്പാർപ്പില്ലാതെ കിടക്കുന്ന നഗരത്തിലേക്കുള്ള ട്രാഫിക്ക് കുറഞ്ഞ ഹൈവേയിൽ ഒന്നും ഓർക്കുവാൻ മനസ്സിനിടം കൊടുക്കാതെയുള്ള ഡ്രൈവിംഗ് സുഖകരമായിരിക്കുമെന്ന്.

പക്ഷെ ഏതു വരെ – റോഡുകൾ അവസാനിക്കാതിരിക്കില്ലല്ലോ?

കാറിലെ ഡാഷിലേക്കു നോക്കി. ക്ലോക്കിൽ സമയം 5:05. അക്കങ്ങൾ പലപ്പോഴും ശുഭസൂചകമായി തോന്നാറുണ്ട്. പക്ഷെ ഉറങ്ങുമ്പോൾ എന്നെ പേടിപ്പെടുത്തുവാൻ വരുന്നു. ആ ഏഴെന്നോട്ടു പറഞ്ഞതെന്തായിരുന്നു. വളഞ്ഞ മുതുകുചാരി കണ്ണുകൾ തുറിച്ചു ഒൻപതു പറഞ്ഞത്

കണക്കുകൾ കൂട്ടുവാൻമാത്രമല്ല! വേറെയും എന്തൊക്കെയോഎന്നെ തട്ടിവിളിച്ചതാരായിരുന്നു?

സീറ്റിലേക്ക് ചാരിയിരുന്നു, കാലുകൾക്കു വിശ്രമം കൊടുത്ത് സ്റ്റീരിയൊയിൽ നിന്നൊഴുകി വരുന്ന സംഗീതം ശ്രവിക്കാതെ നീണ്ടു കിടക്കുന്ന റോഡുകളിലേക്ക് നോക്കിയിരുന്നപ്പോൾ ഉറക്കം വരുന്നതു പോലെ തോന്നി.

പേടിയാവുന്നു – എനിക്കുറങ്ങണം. പറ്റുന്നില്ല, അക്കങ്ങൾ! പെരുകി വരുന്ന അക്കങ്ങളുടെ ഇടയിൽ നിന്നു ഞാൻ അലമുറയിട്ടു ഓടി മാറി. അപ്പോഴും ഉറക്കം ഒരു വിനാഴിക ദൂരെ എന്നെ തേടിയിരിക്കുന്നു.

എനിക്കുറങ്ങണംസമാധാനമായി ഉറങ്ങണം.

ശുഭം

കുറിപ്പ്: 2003, സെപ്റ്റംബറിൽ ഇതെഴുതുമ്പോൾ ഇന്നത്തെ എന്റെ ഭൗതികാവസ്ഥയെ കുറിച്ചു മുൻധാരണകളൊന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടു വർഷത്തിന്റെ ഇടവേളയ്ക്കു ശേഷം പുനർവായിക്കുമ്പോൾ ഇന്നലെ എഴുതിയതു പോലെ തോന്നുന്നു. അതോ പണ്ടേതോ അപരിചിതൻ എഴുതിയ കഥയോട് ഇന്നത്തെ ഞാൻ താദാത്മ്യം പ്രാപിക്കയാണോ?

# 34

# പടക്കം

*(April 17, 2006)*

അകത്തളത്തിൽ ഫോൺ റിങ് ചെയ്യുന്നതു കേട്ടിരുന്നു. റിസീവര് കൈയിലെടുക്കുമ്പോൽ ഊഹിക്കാമായിരുന്നു, അങ്ങേതലയ്ക്കലെ വ്യക്തിയെ, കുടുംബത്തെ, എല്ലാവരേയും തിരിച്ചറിയാം. സ്വരം വ്യക്തമാകാതിരിക്കുവാൻ പലപ്പോഴും ശബ്ദംതാഴ്ത്തി കാണാപ്പുറങ്ങളിലുള്ളവരെ അഭിവന്ദനം ചെയ്യുന്നു. മറുതലയ്ക്കൽ അസ്വസ്ഥമായ ശബ്ദത്തിൽ ചോദ്യമുയരും: ആരാ

ഞാൻ.. ഞാനാണ്!

ഓ, അമ്മയെ വിളിക്കു.

ആരും ഒരിക്കലും സുഖല്ലേ എന്നുകൂടി ചോദിച്ചിരുന്നില്ല, ഉവ്വോ ഇക്കുറി വല്യേട്ടനായിരുന്നു അങ്ങേതലയ്ക്കൽ. എന്തെങ്കിലും ചോദിക്കുമെന്നു കരുതി, വിഷുവാണല്ലോ! പിന്നെയാണ് ഓര്ത്തത്, പുലരിയിൽ പടക്കം പൊട്ടിച്ചു തീര്ത്താൽ വല്യേട്ടനു വിഷു തീര്ന്നിരുന്നു. അവിടെയും പതിവുകൽ അപ്രകാരമാവും.

കാലങ്ങൽക്കു മുമ്പായിരുന്നു; അങ്ങിനെയെന്നു തോന്നുന്നു – ചെറുവാല്യക്കാര് ഉറക്കച്ചടവോടെ കണ്ണുതിരുമ്മി നിൽക്കുമ്പോൽ വല്യേട്ടൻ ആദ്യത്തെ ഓലപ്പടക്കത്തിനു തീ കൊളുത്തിയിരിക്കും. വല്യേട്ടനു ചുറ്റും പരക്കുന്ന വെടിമരുന്നിന്റെ മണത്തിൽ കൂടി, നിശബ്ദമായ ആജ്ഞകളുണ്ട്. ചെറിയനിയൻ ഊഴം തെറ്റിച്ച് ഒരു മത്താപ്പൂ കത്തിക്കുന്നു. ശാസനകൽ പതിവില്ല, ശിക്ഷ മറ്റൊന്നായിരുന്നു, അസഹനീയമായിരുന്നത് ആ ഇറങ്ങിപ്പോകലുകളായിരുന്നു. ഉത്സവത്തിൽ നിന്ന്, കൂട്ടത്തിൽ നിന്ന്, സാഹോദര്യത്തിൽ നിന്ന്, എല്ലാം വല്യേട്ടൻ എളുപ്പത്തിൽ ഇറങ്ങിപ്പോകുന്നു. ഞങ്ങൽ കുട്ടികൽ സനാഥരാകുവാൻ മോഹിച്ചുകൊണ്ടേയിരുന്നു.

തീയിൽ കൊളുത്തിയെടുത്ത ഓലപ്പടക്കം, തിരി മുക്കാലോളം എരിഞ്ഞുതീരും വരേയ്ക്കും വല്യേട്ടൻ കൈയിൽ പിടിച്ചുനിന്നു; പിന്നെ ആകാശത്തേയ്ക്കെറിഞ്ഞു. പതിവില്ലാത്ത വിധം അതു ശബ്ദത്തോടെ പൊട്ടിത്തെറിച്ചു. അമ്പരന്നു നിൽക്കുന്ന കുട്ടികളെ നോക്കാതെ വല്യേട്ടൻ പറയുന്നു, താഴെ വീഴുന്നതിനും മുമ്പെ പൊട്ടണം; എന്നാലെ ശബ്ദമുണ്ടാവുകയുള്ളൂ. ധൈര്യശാലികൽ ആരും കൂട്ടത്തിലുണ്ടായിരുന്നില്ല. വല്യേട്ടൻ പുരുഷനാണെന്ന് ആദ്യമായി തോന്നി. അന്നു വല്യേട്ടനു മീശ മുളയ്ക്കുന്ന പ്രായമായിട്ടേയുള്ളൂ.

വടക്കേതിലെ കുട്ടേട്ടൻ പടക്കം കൈയിലെടുത്ത്, തീകൊളുത്തി തിരി കത്തിത്തീരുന്നതും കാത്തുനിന്നു. അവസാനം ഏതോ പരിഭ്രാന്തിയിൽ കൈയിലിരുന്ന ചിമ്മിനിവിളക്ക് വലിച്ചെറിഞ്ഞു, പടക്കം കൈയിലിട്ടു പൊട്ടിച്ചു. കുട്ടികൾ ആദ്യം ഞെട്ടിത്തരിച്ചു; പിന്നെ ചിരിതുടങ്ങി. കുട്ടേട്ടനും കൂടെ ചിരിച്ചു. അതല്ലെങ്കിലും അങ്ങിനെയാണ്. പള്ളിക്കുളത്തിലെ കുപ്പിൽ നിന്നെടുത്തുചാടിയതു വെള്ളത്തിലേയ്ക്ക്, വീണതു പകുതി കരിങ്കൽ പടവിലേയ്ക്ക്. നെഞ്ചും വാരിയും മുറിഞ്ഞു ചോരവാർന്നു നിൽക്കുമ്പോഴും കുട്ടേട്ടൻ ചിരിച്ചു. ഓടിവന്ന മുതിർന്നവരാരോ അഹമ്മതിയുടെ കണക്കിൽ ഒന്നുകൊടുത്തപ്പോഴും കുട്ടേട്ടൻ ചിരിച്ചു. കുട്ടേട്ടൻ പൊട്ടനെന്ന് അന്നെല്ലാവരും പറഞ്ഞിരുന്നു.

ഒരു വിഷുത്തലേന്നു വല്യേട്ടൻ വീടെത്തുമ്പോൾ പാതിര കഴിഞ്ഞിരുന്നു. വന്നപാടെ കിണറ്റിൻ കരയിൽ ചെന്ന്, വെള്ളം കോരിക്കുളിച്ചു. അകത്തു കണിയൊരുക്കുന്ന അമ്മയും ചെറിയമ്മയും പരസ്പരം നോക്കി. തിടുക്കത്തിൽ കണിയൊരുക്കി തീർത്ത്, അടുക്കളയിൽ കയറി ചോറിൽ വെള്ളമൊഴിച്ചുവച്ച് അമ്മ അടുക്കളപൂട്ടി. വല്യേട്ടൻ കുളിച്ചു തീരുന്നതേ ഉണ്ടായിരുന്നുള്ളൂ.

ചെറിയമ്മ കോണിപ്പടികൾ കയറി കിടപ്പുമുറിയിലേയ്ക്കു പോകുന്നതിനിടെ അമ്മയോടായി പറഞ്ഞു, അധികം ഊരിവിട്ടു വഷളാക്കണ്ട! ചെറുപ്രായാണ്, അങ്ക്ട് കൊണ്ട്യോയ്ക്കോളാൻ പറയാര്ന്നില്ലേവല്യേട്ടനെ കുറിച്ചാണ്; അങ്ങോട്ടെന്നു പറയുന്നത് ഒരു പക്ഷെ അച്ഛന്റെ ജോലിസ്ഥലത്തേയ്ക്കായിരിക്കും.

വല്യേട്ടൻ കിടക്കുവാൻ വന്നപ്പോൾ അച്ഛനുണ്ടായിരുന്ന അതേ മണംവന്നു. മൂലയിലേയ്ക്കു മാറിനിന്നു വല്യേട്ടനോടായി മെല്ലെപ്പറഞ്ഞു, ചോറിൽ വെള്ളൊഴിച്ചു. വല്യേട്ടൻ ചിരിച്ചുവെന്നു തോന്നുന്നു, ഇരുട്ടിൽ കാണുവാനായില്ല.

പിറ്റേന്നു പുലരിയിൽ വിഷുക്കണി കഴിഞ്ഞു കുട്ടികൾ ഉമ്മറത്തൊത്തുകൂടി. വല്യേട്ടനെ പതിവു സമയത്തു കാണാതിരുന്നപ്പോൾ ചെറിയനിയൻ പടക്കങ്ങൾ കൈകാര്യം ചെയ്യുവാൻ തുടങ്ങി. അവസാനം കൊളുത്തിയിരുന്ന മാലപ്പടക്കം ആദ്യമേ തീകൊളുത്തി ഓടുന്നു; ശുംഭൻ. വല്യേട്ടൻ എഴുന്നേറ്റുവരുമ്പോഴേയ്ക്കും ഇരുട്ടു തോര്ന്നിരുന്നു. മുണ്ടിന്റെ മടിക്കുത്തിൽ നിന്ന് പച്ചനൂലുകൊണ്ടു വരിഞ്ഞുകെട്ടിയ എന്തോ എടുത്തു പകൽ വെളിച്ചത്തിൽ നിഷ്പ്രഭമായിരിക്കുന്ന ചിമ്മിണിയിൽ കാണിച്ചു നീട്ടിയെറിഞ്ഞു. ഉമ്മറം കുലുങ്ങി, അകത്തുള്ളവരും ഓടിവന്നു. നൂലുകൾ പൊട്ടിച്ചിതറി തകർന്നു കിടക്കുന്ന പടക്കത്തിന്റെ അവശിഷ്ടങ്ങൾ പെറുക്കിയെടുത്തു ശബ്ദംകേട്ട് ഓടിയെത്തിയ കുട്ടേട്ടൻ വിസ്തരിച്ചു, ഗുണ്ടാണ്, ഗുണ്ട്! വല്യേട്ടന്റെയൊപ്പം പിന്നെയൊരു വിഷു ഉണ്ടായിട്ടില്ല.

ചെറിയനിയനും, അനിയത്തിയും, ചെറിയമ്മയുടെ മക്കളും, വല്യേട്ടനും പകൽവെളിച്ചത്തിലേയ്ക്ക്, താന്താങ്ങളുടെ ജീവിതത്തിലേയ്ക്കു നടന്നുകയറിയിട്ടു കാലമെത്ര കഴിഞ്ഞിരിക്കുന്നു. ചെറിയമ്മ കുറ്റപ്പെടുത്തും, നീയ് പഠിക്ക്യാഞ്ഞിട്ടല്ലെഅങ്ങിനെയാവണം!

ഉമ്മറത്തുനിന്ന് ഒരു ശബ്ദംകേട്ടു. കുട്ടേട്ടനായിരുന്നു. അമ്മയും ചെറിയമ്മയും കൈനീട്ടം കൊടുത്തു മടമ്പടിച്ചു അകത്തേയ്ക്കു നടന്നു. കുട്ടേട്ടൻ തേഞ്ഞപല്ലുകൾ കാട്ടി പൊട്ടനെപ്പോലെ ചിരിച്ചു.

എന്താ കൈയിൽ

വെടിമരുന്നാണ്, പൊതി തുറന്നു കാണിച്ചുതന്നു. കത്തിയ പടക്കത്തിന്റെയത്ര രൂക്ഷഗന്ധമല്ല. ഏതോ ഒരാൾ പടക്കം ഉണ്ടാക്കിയതിന്റെ ബാക്കിയാണ്. കുട്ടേട്ടൻ പറമ്പിലേയ്ക്കോടി. പച്ചപ്പനയോലകൊണ്ടു പടക്കം ഉണ്ടാക്കിയാൽ നന്നാവില്ലെന്നു ചെറിയമ്മ അരിശത്തോടെ വിളിച്ചു പറഞ്ഞു.

വൃഷൊന്നാന്ത്യായിട്ട് കുളിച്ചിട്ടുംകൂടീല്യ. ഈ അമ്മായി ഒന്നിനൊക്കോണം പോന്നയീ ചെക്കനെ ഇങ്ങനെ കയറൂരി വിട്ട്ണ്ടല്ലോ! ട്യേ നീയീ ചായ കൊണ്ടുകൊടുത്താ ആ ചെക്കൻ, അല്ലെങ്കിൽ സംക്രാന്ത്യായിട്ട് ശുദ്ധല്യാണ്ടെ ഈ അടുക്കളേൽ കേറി നിരങ്ങും.

വിഷു കഴിഞ്ഞില്ല്യേ ഇനിയെന്തിനാ പടക്കം

സാവിത്രിക്കു വേണോ തേഞ്ഞപല്ലുകൽ ചിരിക്കുന്നു.

എനിക്കു വേണ്ടാ, വല്ല്യേട്ടനും ചെറിയനിയനും ആരുമില്ല. എനിക്കു വേണ്ടാ!

ഓലകീറി ചുരുട്ടിയെടുത്തു പടക്കം കെട്ടുന്നതു നോക്കി നിൽക്കുകയായിരുന്നു. തീകൊളുത്തി എടുത്തെറിഞ്ഞ ഓലപ്പടക്കത്തിലെ വെടിമരുന്നു പച്ചയോലയും കീറി കാൽക്കീഴിൽ കിടന്നു പൊട്ടിത്തെറിച്ചു.

ആവൂ! കാലിന്റെ ചോട്ടിൽക്ക്യാണോ പടക്കെറിയണത്'കുട്ടേട്ടൻ ചിരിച്ചു. കുട്ടേട്ടൻ പൊട്ടനല്ല; പൊട്ടനെന്നു പറയുന്നതും കേട്ടു ചിരിച്ചു നിൽക്കുന്നതും വെറുതെയല്ല. പൊട്ടനെന്നു കരുതപ്പെടു ന്നതിനേക്കാൽ നല്ലൊരു ഒളിവുണ്ടോ

ഇദൊക്കെക്കൂടി തീകൊടുക്കട്ടെപേപ്പറും അതിലിരുന്ന വെടിമരുന്നിനും തീപിടിച്ചു. വലിയ ശബ്ദങ്ങളൊന്നുമുണ്ടാക്കാതെ ആ കറുത്തപൊടി കത്തിതീര്ന്നു.

കുട്ടേട്ടൻ ചിരിച്ചു, പിന്നെ അടുത്തുവന്നു. പടക്കം കത്തിയതിന്റെ സുഖകരമായ ഗന്ധം ചുറ്റുവട്ടങ്ങ ളിൽ നിറഞ്ഞുനിൽക്കുന്നു. കൈയിൽ മാറ്റിപ്പിടിച്ചിരുന്ന അവസാനത്തെ ഓലപ്പടക്കം സിഗററ് ലൈറ്ററിൽ നിന്നു തീപിടിപ്പിച്ചു കുട്ടേട്ടൻ ആകാശത്തേയ്ക്കു വലിച്ചെറിഞ്ഞു. കവുങ്ങുകൽക്കിട യിൽ അതു് ഉഗ്രശബ്ദത്തോടെ പൊട്ടിത്തീര്ന്നു. കുട്ടേട്ടനും പുരുഷനാണ്. സാവിത്രി കുലച്ചു നിൽക്കുന്ന ഒരു കവുങ്ങിൽ ചാരിനിന്നു. അരിമണികൽ പോലെ, കവുങ്ങിൻപൂക്കുല കൊഴിഞ്ഞു് അവളുടെ മുടിയിലേയ്ക്കുതിര്ന്നു വീണിരുന്നതു കുട്ടൻ മൃദുവായി തട്ടിക്കളഞ്ഞു.

# 35

# സ്പർശം

*(June 1, 2006)*

> *പിന്നെ അവൻ പ്രമാണിയുടെ വീട്ടിൽ കടന്നു, കുഴലൂതുന്നവരെയും ആരവാരക്കൂട്ടത്തെയും കണ്ടിട്ടു: "മാറിപ്പോകുവിൻ; ബാല മരിച്ചില്ലല്ലോ ഉറങ്ങുന്നത്രേ" എന്നു പറഞ്ഞു; അവരോ അവനെ പരിഹസിച്ചു. അവൻ പുരുഷാരത്തെ പുറത്താക്കി അകത്തു കടന്നു ബാലയുടെ കൈപിടിച്ചു, ബാല എഴുന്നേറ്റു.* (മത്തായി 9: 23–25)

അങ്ങിനെയിരിക്കുമ്പോഴാണ്, വെളുത്ത പരുത്തിത്തുണിയിൽ ചുവന്ന പൊട്ടുകളെന്നോണം അവ വന്നെത്തിയത്. അനാദിയായ കാലം മുതൽ മനുഷ്യനൊപ്പം ജീവിക്കുന്ന മൂട്ടകൾ. ആശുപത്രിക്കിടക്കയുടെ വെള്ളവിരിയിലേയ്ക്കു കാര്യമായ തടസ്സങ്ങളൊന്നുമില്ലാതെ അവ അരിച്ചെത്തി. അമ്പരന്നു കിടക്കയിൽ നിന്നും എഴുന്നേറ്റിരിക്കുന്നതിനു പകരം ഞാൻകിടന്നു കൊടുത്തു. ഏറെക്കാലത്തിനുശേഷം മുൻ'വിധികളൊന്നുമില്ലാതെ, ജീവനുള്ള മറ്റൊരു സൃഷ്ടി എന്നെ സ്പർശിക്കുന്നു. ആ സ്പർശം വേദനയായി ചൊറിച്ചിലായി ഒരു അസുഖമായി ഏറെക്കാലം നിലനിൽക്കട്ടെ എന്നായി എന്റെ പ്രാർത്ഥന.

ഗൗതമന്റെ ശാപവും പേറി ശിലപോലായ അഹല്യയെ, പാദസ്പർശം കൊണ്ടു പൂർണ്ണനാരീസ്വരൂപമാക്കിയ രാമന്റെ കഥ ചെറുപ്പത്തിലെപ്പോഴോ കേട്ടിരിക്കുന്നു. മുനിയുടെ ശാപം യഥാർത്ഥത്തിൽ അഹല്യയെ വിഷഗ്രസ്തയാക്കുന്ന വിധത്തിലുള്ളതായിരുന്നെങ്കിൽ? ഇന്ദ്രനെ കാമിച്ച അഹല്യയ്ക്കു രാമന്റെ സ്പർശം മറുമരുന്നായെന്നു കരുതേണം. ധനർവേദിയായ രാമന് ഇങ്ങിനെയും ചില ഭാഷ്യങ്ങളോ, ഇതിഹാസകാരന്മാർ ശപിച്ചെന്നു വരും, ഞാൻ ചിരിയൊതുക്കി. ചേതന പകരുന്ന സ്പർശത്തെ കുറിച്ചോർത്തു, ഭിഷഗ്വരന്റെ ക്രിയാത്മക സ്പർശചികിത്സയെ കുറിച്ചല്ല, രാമൻ അഹല്യയെ ഉണർത്തിയ സ്പർശത്തെ കുറിച്ച്, നസ്രേത്തിലെ യേശു മരണപ്പെട്ടവനെ പുനരുജ്ജീവിപ്പിക്കുന്ന സ്പർശത്തെ കുറിച്ച്, സ്പർശമെന്ന നഷ്ടസുഖത്തെ കുറിച്ച്, ഓർത്തോർത്തിരുന്നു, പിന്നെ ചുമച്ചു ചുമച്ച് ആശുപത്രിയുടെ ശബ്ദകോലാഹലത്തിൽ ഒടുങ്ങിപ്പോയി.

യാന്ത്രികമായ ഹസ്തദാനങ്ങൾക്കപ്പുറം സ്പർശമെന്ന പേരിൽ മറ്റൊരു അനുഭവവും ഇല്ലാതിരുന്ന കാലത്തെ, ഒരു പകലിൽ നിന്ന്, ഇരുട്ടിലെ ഏതോ വഴിയമ്പലത്തിലേയ്ക്കു നടന്നു കയറിയതോർക്കുന്നു. ആതിഥേയയോടു പതിയ സ്വരത്തിൽ പറഞ്ഞുവച്ചു: വിവസ്ത്രയാകുവാൻ മെനക്കെടേണ്ടതില്ല, ഞാനിവിടെ കിടന്നുറങ്ങുവാൻ പോകുന്നു, കഴിയുമെങ്കിൽ എന്നെ തൊട്ടിരിക്കു.

മറുപടിയായി, ഒരു രാത്രിയിലെ താണ്ഡവങ്ങളിൽ നിന്നു രക്ഷനേടിയ ആശ്വാസത്തിൽ ആ പെണ്ണു കിടന്നുറങ്ങി. തലയിൽ ഞാവിക്കൊണ്ട് ഈരെടുക്കുന്ന അമ്മയെ അന്നു രാത്രി ഞാൻ സ്വപ്നം കാണുകയുണ്ടായി. പിന്നെ ആ വഴി പോയിട്ടില്ല.

ഔപചാരികതകളില്ലാതെ സ്പർശം അനുഭവവേദ്യമല്ലാതായി തീർന്നത് എന്നുമുതലായിരുന്നു? സ്പർശമെന്ന അനുഭവം നഷ്ടമാകുന്നതു യാത്രയുടെ ഏതു നാൾവഴിയിലാണ്?

പിന്നീടും എത്രയെത്ര വഴികളിലൂടെ നടന്നിരിക്കുന്നു, പലപ്പോഴും സുഹൃദ്ഭവനങ്ങളിലെത്തി. ഒരു വേള, രാത്രി ഏറെ വൈകിയനേരത്തു പിരിയുമ്പോൾ കൂട്ടിനു രണ്ടുപേർ ഒപ്പം വന്നിരുന്നു. അവരെന്റെ കൈകൾ മുറുകെ പിടിച്ചിരുന്നു. ബിയറൊഴിച്ചിട്ടായിരുന്നല്ലോ! അതുകൊണ്ടാണ്, അവർ അഭിപ്രായപ്പെട്ടു. ഈ കോലത്തിൽ പുറത്തിറങ്ങിയാൽ നിയമപാലകർ സോഷ്യൽ ന്യൂയിസൻസിനു കേസെടുക്കും, അതൊരു ഗുരുതരമായ കുറ്റമാണു താനും. നീയാ വാഷ്ബേസിൻ ശരിക്കും അഴുക്കാക്കി, കൂടെയുള്ളവർ കുറ്റപ്പെടുത്തി. പണ്ടു ബാല്യത്തിൽ അനാരോഗ്യത്തിന്റെ ദിനങ്ങളായിരുന്നപ്പോൾ ഛർദ്ദിക്കുമ്പോൾ ചെറിയമ്മ വന്നു പുറം ഉഴിഞ്ഞു തരാറുള്ളതോർത്തു.

ഇറങ്ങുന്നതിനു മുമ്പേ ഒന്നുകൂടി ആവാമായിരുന്നു, അതാ അതിന്റെ ശരി, ഞാൻ പരിഭവിച്ചു. ആവാമായിരുന്നല്ലോ എന്തേ ചെയ്തീല്ലാ? നിങ്ങൾ തല്ലുമെന്നല്ലേ കരുതിയതു്, സത്യം പറയുവാനാണു തോന്നിയതു്; കൂട്ടുകാർ പൊട്ടിച്ചിരിച്ചു, കൈകളിലെ പിടി അയഞ്ഞു.

വെറുതെ കിടക്കുമ്പോൾ മുഖം ചേർത്തുപിടിച്ചു "വെള്ളത്തുള്ളി" കണ്ണിലെഴുതി തന്നിരുന്ന ബാല്യകാലസഖിയെ കുറിച്ചോർത്തിരുന്നു. നനവിന്റെ സ്പർശം. സ്പർശം എന്നുള്ളതു ഓർമ്മകളിൽ നിന്നും ചികഞ്ഞെടുക്കേണ്ട അനുഭൂതിയായി മാറുന്ന വേളയിലെല്ലാം, ദൃശ്യവും ശ്രവ്യവുമായ അനുഭൂതികളും തേടി ഓർമ്മകളിലേയ്ക്കു കൂപ്പുകുത്തേണ്ടി വരുന്ന കാലത്തെയോർത്തു ഞാൻ ഭയപ്പെട്ടിരുന്നുവെന്നുള്ളതു തീർച്ച.

അവിശ്രമം ജോലിചെയ്തു നേടിയ അവധിക്കാലങ്ങളിലൊന്നിൽ കിഴക്കുഭാഗത്തെ കിണറ്റിൻ കരയിൽ ഒട്ടുമുക്കാലും നഗ്നനായി നിൽക്കേണ്ടി വന്നതു തീർത്തും അവിചാരിതമായാണ്. കുളത്തിലെ വെള്ളം മോശമായിരിക്കുന്നു, ജോലിക്കാരനായെന്നു കരുതി ഇത്ര നാണം പാടുണ്ടോ? വന്ദ്യസ്ത്രീജനങ്ങൾ ഒരുമിച്ചു ചിരിച്ചു. അമ്മമ്മ പീരക്കായ കൊണ്ടു പുറംതേയ്ക്കുവാൻ വന്നെങ്കിലോ, വെറുതെ നാണിച്ചു ഭയന്നു മറുപടിയായി ഞാനും വിഡ്ഢിച്ചിരി ചിരിച്ചു.

ആ അവധിക്കാലത്താവണം ഏടത്തിയെയും മകനെയും കാണുവാനായതു്. അവൻ തന്റെ കുഞ്ഞിക്കാലുകൾകൊണ്ട് എന്നെ മർദ്ദിച്ചുകൊണ്ടേയിരുന്നു. നീയാരാ കംസന്റെ നെഞ്ചത്തു നൃത്തമാടുവാൻ പിറന്ന പുതിയ കൃഷ്ണനോ? സഹോദരീപുത്രനു നേർക്കു ചാരിക്കിടന്നുകൊണ്ടു ചിരിക്കുകയായിരുന്നു. തനിയെ ചിരിക്കുന്നതെന്തിനെന്ന് അന്വേഷിച്ചു ഏടത്തി വന്നു. അവധിക്കാലം കുറച്ചുദിവസത്തേയ്ക്കു കൂടി നീട്ടിയാലെന്ത്? ഏടത്തിക്കും കുടുംബത്തിനും ആ വേനലിൽ തിരക്കുണ്ടായിരുന്നെന്നു തോന്നുന്നു, അവർ അക്കരി നേരത്തേ തിരിച്ചു പറക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. ഉണ്ണികൃഷ്ണൻ മാതുലന്റെ മാറിൽ അപ്പോഴും താണ്ഡവമാടുന്നു. ഏടത്തി വാദങ്ങൾക്കു നിൽക്കാതെ കുഞ്ഞിനെയെടുത്തു നടന്നു, ആ അവധിക്കാലം പാതിവഴിയെത്തും മുമ്പേ അവസാനിപ്പിച്ചു ഞാനും തിരിച്ചു യാത്രപുറപ്പെട്ടു. ആ ഉണ്ണിക്കൈ സ്പർശം, അവന്റെ ചുവന്ന വിരലുകളിലെ നേർത്ത നഖങ്ങൾ മുഖത്തുണ്ടാക്കിയ ക്ഷതങ്ങൾ, എന്നിവയെല്ലാം ഏറെക്കാലം സ്പർശമെന്ന അനുഭൂതിയുടെ പര്യായമായി മനസ്സിലിട്ടുപോന്നു.

പിന്നെയും ഏറെക്കാലത്തിനു ശേഷം കോടിത്തുണിയുടെ മണമുള്ള വടക്കേ അറയിൽ "തെക്കത്തുകാരുടെ" തൊടിയും നോക്കി ഉച്ചയുറക്കമാതെ കിടക്കുന്ന ഇടവേള. ജനിസ്മൃതികളുടെ, വെന്ത നാളികേരത്തിന്റെ എണ്ണയുടെ മണമുള്ള കാലത്തേയ്ക്കു നിറംവറ്റിക്കൊണ്ടിരിക്കുന്ന ഉച്ചവെയിൽ കൂട്ടിക്കൊണ്ടുപോകുന്നു. ശ്രാവണത്തിലെ ഏതോ രാത്രിയിൽ, സ്പർശങ്ങളുടെ ലോകം നിഷേധിക്കപ്പെട്ട വല്യമ്മായി, ഇരുപത്തെട്ടിനു കെട്ടിയ പേരുമണികളുടെ രക്ഷയിൽ കിടന്നുറങ്ങുന്ന ശിശുവിനേയും വാരിയെടുത്തു നിലാവത്തേയ്ക്കിറങ്ങി. വയമ്പിന്റെ, പാലൂട്ടുന്ന നേരം

കവിളിലേയ്ക്ക് ഒലിച്ചിറങ്ങിയ മുലപ്പാലിന്റെ, ചന്ദനത്തിന്റെ, വെന്ത എണ്ണയുടെ, തെച്ചിയിലകളുടെ മണം വല്യമ്മായിക്കു ചുറ്റും നിറഞ്ഞുനിന്നു. വിസ്മൃതികളിൽ ആണ്ടുപോയിരിക്കുന്ന അവരുടെ പ്രജ്ഞയിലേയ്ക്കു ഒരിക്കൽ അവർ പ്രസവിച്ചിട്ട സേതുവും കുട്ടനും ഉഷയുമെല്ലാം ശിശുക്കളായ് പുനർജ്ജനിച്ചു. മറ്റൊരു മാതൃസ്പർശത്തിൽ ശിശുവായ ഞാൻ കണ്ണടച്ചുറങ്ങുവാൻ തുടങ്ങി.

ഉണ്ണീ, നോക്കു ദാ കിണറ്റിലമ്പിളിമാമ്മൻ – വാത്സല്യത്തിന്റെ സുരക്ഷയുടെ മുറുകെപ്പിടുത്തമാണ്, ഒരു തുണിത്തൊട്ടിൽ പോലെ എന്നെയതു സുഷുപ്തിയിലേയ്ക്കു താളമിട്ടുയാലാട്ടി വാരിയെടുത്തു കൊണ്ടുപോകുന്നു. അതു ഭ്രാന്തിന്റെ സ്പർശമായിരുന്നുവെന്നു പഴം"പുരാണങ്ങൾ പറയുന്ന ആരോ പറഞ്ഞുകേട്ടു. ഉറക്കം നഷ്ടപ്പെട്ട അവകാശികളുടെ കൈകളിലെത്തിയപ്പോഴും ഉപാധികളില്ലാതിരുന്ന സ്പർശത്തിന്റെ മാസ്മരികതയിൽ നിദ്രിതനായ കുഞ്ഞ് ഉണർന്നതേയില്ല. വല്യമ്മായിയുടെ സങ്കടസ്വരങ്ങൾ നിലാവിലഞ്ഞില്ലാതായി.

മുതുകിൽ ആരുടെയോ കരസ്പർശം അനുഭവിച്ചപ്പോൾ കണ്ണുതുറന്നു. കുട്ടി വലുതായിരിക്കുന്നു, പുറം വിരിഞ്ഞതു കണ്ടില്ലേ! അമ്മ അതിശയപ്പെട്ടു. "ഭാഗത്തിൽ കിട്ടിയ തോട്ടത്തിലെ മരമെല്ലാം…" അമ്മ എന്തോ പറഞ്ഞു തുടങ്ങി. അമ്മയുടെ കൈകൾ വാരിയെല്ലുകൾക്കു കുറുകെ ചലിച്ചുകൊണ്ടേയിരുന്നു. ഉറക്കം തുടങ്ങുന്നതിനു മുമ്പേ അമ്മയ്ക്കു പറയുവാനുള്ളതു പറഞ്ഞു തീർന്നിരുന്നു, അവരെഴുന്നേറ്റു പോയി. ഞാൻ പിന്നെ ഉറങ്ങിയില്ല.

പണ്ട് അമ്മമ്മയും അതിനും മുമ്പെപ്പോഴോ വലിയമ്മായിയും താമസിച്ച മുറിയായിരുന്നു വടക്കേയറ. തലമുറകളുടെ ഗന്ധം കോടിത്തുണികൾ പ്രതീകാത്മകമായെങ്കിലും നിലനിർത്തിപ്പോരുന്നു. സ്പർശം തിരിച്ചെടുക്കാനാവാത്ത വിധം അന്യമായിരിക്കുന്നു.

ഉടുത്തിരിക്കുന്ന "ഒന്നര" തുടകൾക്കൊപ്പം മുകളിലേയ്ക്കു തെരുത്തുവച്ച് അമ്മമ്മ കാലുകൾ നീട്ടിയിരുന്നു. വെന്ത വെളിച്ചെണ്ണയുടെ മണം പരന്നു. വാർദ്ധക്യം വാതദോഷങ്ങൾ വരുത്തിയ കാലുകൾക്കു മുകളിൽ എണ്ണയുടെ ഗന്ധം പകർന്ന ഉന്മാദത്തിലെന്നോണം ഉണ്ണി പാതിമയക്കത്തിൽ കിടന്നു. ഓരോ തവണയും തെച്ചിയിലയിട്ടു തിളപ്പിച്ച വെള്ളത്തിൽ കുളിച്ചു തീരുമ്പോഴും അവൻ ചുവന്നുവന്നു. തലമുറകളിൽ നിന്നു തലമുറകളിലേയ്ക്കു കോസ്മിക് ഊർജ്ജം സ്പർശത്തിലൂടെ നെറുകയിലൊഴിച്ച എണ്ണപോലെ ശിരസ്സിലേയ്ക്ക് ഊർന്നിറങ്ങി. ഉണ്ണി എഴുന്നേറ്റു കണ്ണുതുറന്നു നോക്കി, സ്പർശം നഷ്ടമായിരിക്കുന്നു. അസംഖ്യം ജീവജാലങ്ങൾ പരസ്പരം ബന്ധമില്ലാത്ത കൂടുകളിലായി ഒറ്റപ്പെട്ടു പോയിരിക്കുന്ന ഏതോ ഒരു ലോകം, അതിലേതോ ഒരു കൂടൊരുക്കിയ ചെറിയ തുരുത്തിൽ ഒരു ഉണ്ണി മാത്രം. തലമുറകളില്ലാതെ, സ്പർശമില്ലാതെ.

ഓർമ്മയുടെ വരിഞ്ഞുകെട്ടലുകൾ പൊട്ടിച്ച് ആശുപത്രിയുടെ അകത്തളങ്ങളിലേയ്ക്കു ഞാൻ തിരികെ വന്നു. വെള്ള ഉടുപ്പിട്ട ഏതോ ചില മനുഷ്യർ വരിവരിയായി എന്നെയും കടന്നുപോയി. അവരാരും തന്നെ എന്നെ സ്പർശിച്ചതില്ല. വെളുത്ത വിരിയിട്ട എന്റെ കിടക്കകരുകിലേയ്ക്ക്, അതിനെ ഉൾക്കൊള്ളുന്ന ആശുപത്രി വൃത്താന്തങ്ങളിലേയ്ക്ക് ഇപ്പോഴിതാ ഒരു പെൺ‘കുട്ടി കടന്നുവന്നു. അവളെ ഞാനറിയും, എങ്കിലും ഞാനവളെ ഇതുവരെ സ്പർശിച്ചിട്ടില്ല, അവളെന്നെയും. ഞാൻ ഒന്നുകൂടി ചുമച്ചു, പിന്നെ മുഖം പ്രസന്നമാക്കി അവളോടു പറഞ്ഞു: ദയവായി എന്നെ തൊട്ടിരിക്കു. അവൾ മറുത്തൊന്നും പറഞ്ഞതുമില്ല.

## അനുബന്ധം

ഒരു പക്ഷെ പിതാവ് എന്ന വാക്കിനൊപ്പം അവിവാഹിതൻ എന്നു ചേർത്തെഴുതിയതിലെ സാരസ്യമില്ലായ്മയാകും ഈയടുത്ത കാലത്ത് എന്റെ ജീവിതാവസ്ഥയിൽ വിചിന്തനീയമാം വിധം മാറ്റങ്ങൾക്കു ഹേതുവായത്. എന്തുകൊണ്ടോ അത്തരമൊരു തിരിച്ചറിവിലെത്തുവാൻ ഞാൻ ഏറെ താമസിക്കുകയും ചെയ്തു.

ജീവിതത്തിന്റെ ഒരു ഇടക്കാലത്തേയ്ക്കു ഞാൻ ഉണർന്നെഴുന്നേറ്റതു ചുറ്റുമുള്ള ലോകത്തിന് അപരിചിതനും അസ്പൃശ്യനുമായായിരുന്നു. ഒറ്റമുറിപോലായ എന്റെ ഹൃദയത്തിന്റെ ശൂന്യതയുടെ

നടക്കിരുന്ന ഞാൻ തലമുറകളെ കുറിച്ചോർത്തു. തെച്ചിവെള്ളത്തിന്റെ ആർദ്രതയിൽ ചുവന്ന പോകുന്ന ശിശുവായി ഞാൻ എന്നെത്തന്നെ സങ്കല്പിച്ചു. എനിക്കു ചുറ്റും വെന്തവെളിച്ചെണ്ണയുടെ ഗന്ധവും വയമ്പിന്റെ കയ്പുമുണ്ടായിരുന്നു. അമ്മമ്മയുടെ കാലുകൾക്കു മീതെ കിടന്ന ഞാൻ തലമുറകളിൽ നിന്നും തലമുറകളെ ബന്ധിക്കുന്ന സ്പർശത്തെ കുറിച്ചു വാചാലനായി. വാക്കുകളു ടെ കുത്തൊഴുക്കിനൊടുവിൽ ഏതോ മഹാനിദ്രയുടെ തിരുശേഷിപ്പെന്നോണം സ്പർശത്തെ കൂടെ കരുതുവാൻ ഞാൻ വൃഥാ ശ്രമിച്ചിരുന്നു.

നിദ്രയിൽ നിന്നും ഉണർന്നെഴുന്നേറ്റത് ഒറ്റപ്പെടലിന്റെ തുരുത്തിലേയ്ക്കായിരുന്നു – നഷ്ടം എന്ന വാക്കിന്റെ വ്യാപ്തിയോളം സ്പർശം നിറഞ്ഞു നിന്നു. അത്തരത്തിൽ പറയുകയാണെങ്കിൽ നഷ്ടമെന്ന പദമാണു പിതാവ് എന്ന പദത്തിലേയ്ക്കു എന്നെ നയിച്ചത്.

ചില പദങ്ങളിലേയ്ക്കു മനുഷ്യാവസ്ഥയെ ക്രോഡീകരിക്കുന്നതു ക്ലേശകരമെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള ഒരു പദമാണു പിതാവ്, പിതാവായിരിക്കുന്ന അവസ്ഥയും നിർവചനങ്ങളിലൊതുങ്ങാതെ വേറിട്ടു നിൽക്കുന്നു. പിതാവ് എന്ന അവസ്ഥയെ സൂചിപ്പിക്കുവാൻ എന്റെ ഭാഷയിൽ പദങ്ങളില്ലെന്നു തോന്നുന്നു, എനിക്കു പരിചയമുള്ള പിതൃത്വം എന്ന പദമാകട്ടെ എന്നെ ബലഹീനനാക്കുവാൻ പാകത്തിലുള്ളതാണ്.

ഇപ്രകാരം ആശങ്കകളുടെയും ബലഹീനതകളുടെയും കൂട്ടുചേർന്നാണ്, അല്ലെങ്കിൽ അപ്രകാരമുള്ള ഒരു അസന്തുലിതാവസ്ഥയിലാണു ഞാൻ മഠത്തിലെത്തുന്നത്. തിരുവത്താഴത്തിന്റെ വിശാലമായ ക്യാൻ"വാസിനു താഴെ സനാഥരല്ലാത്തവരുടെ അമ്മയിരിക്കുന്നു. അപ്രതീക്ഷിതമായെന്തോ സംഭവിക്കുവാൻ പോകുന്നുവെന്ന തിരിച്ചറിവോടെ ഞാൻ അവർക്കു മുമ്പിൽ ഭൗതികമായി ഒരു കസേരയിൽ സ്വയം തളച്ചിട്ടു.

അവസ്ഥാന്തരങ്ങൾക്കായുള്ള കാത്തിരിപ്പ് – പലപ്പോഴും എന്റെ ബോധം, വാഴ്ത്തപ്പെട്ട മനുഷ്യപുത്രനിലും അവന്റെ തോഴർക്കിടയിലുംവീണുകിടക്കുന്ന നിശബ്ദതയ്ക്കു കാവൽനിൽക്കുന്നു. അവർ മന്ത്രം ഉരുവിടുന്ന ഓരോ വാക്കിനായും ഞാൻ കാതോർത്തിരുന്നു.

"ഒരു പക്ഷെ നിങ്ങളീ തീരുമാനം എടുക്കേണ്ടതല്ലെന്നു ഞാൻ ഭയപ്പെടുന്നു."

അത്താഴവിരുന്നിൽ ശിഷ്യർക്കിടയിൽ അപ്പം വീതിച്ചു കൊടുത്തുകൊണ്ടു മനുഷ്യപുത്രൻ പരിതപിച്ചു, "ഇതെന്റെ ശരീരമെന്നു നിങ്ങൾ കരുതിക്കൊൾക."

"അതുമാത്രമല്ല, നിങ്ങൾക്ക് ഒരു പിതാവാകുവാൻ ശാരീരികവും മാനസികവുമായ ഏറെ തയ്യാറെടുപ്പുകൾ ഇനിയും ആവശ്യമെന്നു തോന്നിപ്പിക്കുന്നുവല്ലോ."

മനുഷ്യപുത്രൻ വീഞ്ഞിന്റെ പാത്രം തന്റെ ശിഷ്യർക്കായി നീക്കിവച്ചുകൊണ്ടു ചുണ്ടുകളനക്കി, "നിങ്ങൾ അപ്പക്കഷണങ്ങൾ ഈ വീഞ്ഞിൽ കുതിർത്തി ഭക്ഷിച്ചാലും, ഇതെന്റെ രക്തമാകുന്നു."

"ഈ പ്രായത്തിൽ, അതും അവിവാഹിതനായിരിക്കവേ... നിന്നെയീ തീരുമാനം ഭാവിയിൽ വ്യസനിപ്പിച്ചെങ്കിലോ കുഞ്ഞേ?"

"തോഴരെ, രക്തസാഅക്ഷിത്വത്തിന്റെ ഈ ചുവന്ന തിരശീല എന്റഎ സനാതന ജീവിതത്തിനു മുമ്പിൽ നിങ്ങൾ ഉയർത്തിപ്പിടിക്കുക, ഞാനെന്റെ ജീവിതം കൊണ്ട് അരങ്ങൊരുക്കട്ടെ!" അവൻഉപസംഹരിച്ചു.

അങ്ങിനെയാണു ഞാൻ അപ്പു എന്ന കുഞ്ഞിന്റെ അച്ഛനായത്. അപ്പുവിനു പരിചയക്കേടു തോന്നുവാൻ തക്ക പ്രായമായിട്ടില്ലെന്ന തിരിച്ചറിവാകണം അവന്റെ പിതാവായതിനു ശേഷം എന്നെ ആദ്യമായി സന്തോഷിപ്പിച്ച വസ്തുത.

അപ്പുവിന്റെ കൂട്ടിച്ചേർക്കലോടെ ഞാൻ എന്ന ഐഡെന്റിറ്റിക്കു പകരം ഞങ്ങൾ എന്ന ദ്വയം കടന്നുവന്നു. ഞാനും അപ്പുവും. ഞങ്ങൾക്കു പുതിയ പാർപ്പിടം, പുതിയ രീതികൾ, പുതിയ

പകൽ, പുതിയ രാത്രി. പുതിയ ഞങ്ങൾ. അപ്പു എന്ന കുഞ്ഞ് എന്റെ സ്വരം തിരിച്ചറിയുന്ന കാലം വരേയും ഞാനുണർന്നിരിക്കുമ്പോൾ ഉറങ്ങുകയും, ഉറങ്ങുമ്പോൾ ഉണരുകയും ചെയ്തുപോന്നു. അതു സർവ്വസാധാരണമെന്നു ഞങ്ങളുടെ ഡോക്ടർ എന്റെ സംശയത്തിനു മറുപടിയായി ഫോണിൽ ഉപദേശിച്ചു.

കൈകളിൽ എടുത്തിരിക്കുമ്പോൾ എന്റെ വസ്ത്രവും, കളിപ്പിക്കുമ്പോൾ എന്റെ വിരലുകളും പിടിച്ചിരിക്കുവാൻ അപ്പു ശീലിച്ചതോടെ അവന്റെ പിതാവ് എന്ന എന്റെ അവസ്ഥ അവൻ കുറെയൊക്കെ അംഗീകരിച്ചതു പോലായി.

അപ്പുവിന് ഞാൻ അവന്റെ കഥ പറഞ്ഞുകൊടുക്കുന്നത് എകദേശം ഇപ്രകാരമാണ്:

അപ്പു പൂവാണ്, ഞാൻ കുട്ടിയും. ജനിമൃതികളുടെ ഇടവേളയിൽ ഒരു പകൽ നേരത്തെ ആയുഷ്കാലം പങ്കുവയ്ക്കുന്ന കുട്ടിയും പൂവും. എല്ലാ പകലിലും കുട്ടിക്കു കൈയെത്തുന്നതിലും അകലെ പൂ വിരിഞ്ഞു നിന്നു. ഒരു പകലിൽ കുട്ടി കണ്ണു ഉറക്കുവാൻ വിസമ്മതിച്ചു തന്നെ കിടക്കുന്നു.

"ഉണരുക നീയെൻ കുഞ്ഞേ," തലമുറകൾക്കപ്പുറത്തുള്ള ആരോ മന്ത്രം പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.. കുട്ടി കണ്ണുഉറക്കാതെ സ്പർശം കൊതിച്ചു തന്നെ കിടന്നു.

പിന്നേ ഏതോ നനുത്ത സ്പർശത്തിന്റെ തിരിച്ചറിവിൽ അവൻ കണ്ണുകൾ തുറന്നു. "ദാ പൂവ്." ആരോ അവനോടു മന്ത്രിച്ചു.

ഇത് അപ്പുവിന്റെ കഥയല്ലല്ലോ, അപ്പു എന്റേതായ കഥയല്ലേ? അവനു ചോദ്യങ്ങൾ ചോദിക്കുവാൻ പ്രായമാകുമ്പോൾ പകരം പറയുവാൻ മറ്റൊരു കഥ തേടിയെടുക്കേണ്ട ഗതികേട് എനിക്കുണ്ടാവും. അവനതു പൂർണ്ണമായും ബോധ്യമായതിനാലോ എന്തോ പതിവുള്ള കളികൾക്കിടയിൽ എന്റെ തലമുടി അവന്റെ മുഖത്തു സ്പർശിച്ചപ്പോൾ അവൻ പതിവിലേറെ ചിരിക്കുകയും എന്റെ നേർക്കു കൈകളെറിയുകയും ചെയ്തിരുന്നു. അന്നു രാത്രി ഡോക്ടറുടെ ഉപദേശങ്ങൾ തെറ്റിച്ചു ഞാൻ അപ്പുവിന്റെ ചാരത്തു കിടന്നുറങ്ങി. അപ്പു എന്ന എന്റെ മകനും എനിക്കുമിടയിൽ ഒരു തലയിണ മാത്രം. അതിനുമപ്പുറം സ്പർശം എന്ന വാക്കിന്റെ ആകെത്തുകയായി അപ്പു എന്ന ബാലൻ. താരാട്ടുകൾ അറിയാതെയും ഞാനെന്തോ മൂളുവാൻ ശ്രമിച്ചു, സ്പർശം പൂർണ്ണമാകുന്നതു സ്നേഹമെന്ന വാക്കിലൂടെയത്രെ!

പതിവു നേരങ്ങൾ തെറ്റിച്ച് പതിവ് ഇടങ്ങളിലേയ്ക്കു ഞാൻ തലകാട്ടുമ്പോൾ ചോദ്യങ്ങളുയരുന്നു. ഞാൻ ഒരു അച്ഛനാണ്, എനിക്കൊരു അപ്പുവുണ്ട്, ചില വിട്ടുവീഴ്ചകൾക്കു ഞാനർഹനെന്നു സ്വയം ധരിച്ചുവെച്ചതിന്റെ മൂഢത എന്നെ അധീരനാക്കുന്നു. ബാധ്യതകളില്ലാത്ത തലച്ചോർ യന്ത്രങ്ങളെ തേടുന്നവർക്കിടയിൽ അപ്പുവിന്റെ അച്ഛൻ അനഭിമതൻ. എങ്കിലും അറ്റുപോകുന്ന ചില കണ്ണികൾ മുറുകെപ്പിടിക്കുവാൻ എനിക്കു അപ്പുവിന്റെ അച്ഛനായിരുന്നേ മതിയാവൂ. പിന്നെയൊരിക്കലും ഭ്രമണാത്മകത നഷ്ടപ്പെട്ടുപോകുന്ന പരമാണുക്കളെ സ്വപ്നം കണ്ടു വിയർക്കാതിരിക്കാം.

'നോക്കു ഡോക്ടർ." ഫോണിന്റെ ഇങ്ങേത്തലയ്ക്കൽ ഞാൻ അതിശയപ്പെട്ടു. അപ്പു ദാ എന്റെ വിരലുകൾ കടിക്കുവാൻ ശ്രമിക്കുന്നു. അസമയം എന്ന സമയബോധത്താൽ ഡോക്ടർ വിലപിച്ചു, "പ്രിയ രാജ്, കുട്ടിക്കു പല്ലുകൾ വരുന്ന പ്രായമാണ്."

"ഒരു നിമിഷം കൂടി ഡോക്ടർ, പല്ലെല്ലാം മുളച്ച് അപ്പു എന്നെയൊന്നു കളിയായി കടിക്കുവാൻ ഇനിയെത്ര കാത്തിരിക്കണം?"

"ഓ രാജ്, കുട്ടികൾക്കു പല്ലുകൾ നിങ്ങളെ കടിക്കുവാനല്ല." അത്രയിടമെത്തുമ്പോഴേയ്ക്കും സംഭാഷണം അറ്റുപോയിരുന്നു..

അപ്പുവിനു പല്ലുകൾ അവന്റെ അച്ഛനെ കടിക്കുവാനുള്ളതു കൂടിയാണ്, അല്ലേ അപ്പൂ?

മറുപടിയായി അപ്പു ചിരിച്ചു. ആ കാര്യത്തിൽ അവന് അവന്റെ അച്ഛന്റെ അഭിപ്രായമാണെന്നു തോന്നുന്നു.